Deivarajyam January 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/1/2016
● Posted at Thodupuzha Stg.
Annual Subscription ₹ 100.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

വാല്യം 55
ജനുവരി 2016
ലക്കം 1






കാരുണ്യവർഷത്തോടനുബന്ധിച്ച്
കത്തീഡ്രൽ ദൈവാലയത്തിന്റെ വിശുദ്ധ കവാടം
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് തുറക്കുന്നു.



കാരുണ്യവർഷത്തോടനുബന്ധിച്ച്
വണ്ണപ്പുറം മാർ സ്ലീവാ ദൈവാലയത്തിന്റെ വിശുദ്ധ കവാടം
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് തുറക്കുന്നു.

# കാരുണ്യവർഷത്തിൽ വിശുദ്ധ കവാടം തുറന്ന കോതമംഗലം രൂപതയിലെ തീർത്ഥാടന കേന്ദ്രങ്ങൾ



സെന്റ് ജോർജ് കത്തീഡ്രൽ
കോതമംഗലം



സെന്റ് മേരീസ് ഫൊറോന ചർച്ച്, ആരക്കുഴ



സെന്റ് ജോർജ് ഫൊറോന ചർച്ച്, മുതലക്കോടം



സെന്റ് മേരീസ് ചർച്ച്, നെടിയശാല



സെന്റ് തോമസ് ഫൊറോന ചർച്ച്
മൈലക്കൊമ്പ്



മാർ സ്ലീവാ ചർച്ച്, വണ്ണപ്പുറം



സെന്റ് മേരീസ് ചർച്ച്, നാകപ്പുഴ




ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളി മേരി
തൊടുപുഴ

# നവവൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും



Fr. Thomas Vilanguparayil
26 Dec. 2015
Mob. 9947435604



Fr. Sebastian Pothanamuzhy
28 Dec. 2015
Mob. 8086303215



Fr. Joseph Kapiyarumalayil
29 Dec. 2015
Mob.9747973128



Fr. Emmanuel Mundackal
30 Dec. 2015
Mob. 8547773779



Fr. Joseph Thanickal
30 Dec. 2015
Mob. 9562107617



Fr. Jose Chirapparambil
02 Jan. 2016
Mob. 9526587674



Fr. Paul Kalathoor
03 Jan. 2016
Mob. 8547224199



Fr. Kuriakose Kannampalliyil
04 Jan. 2016
Mob. 8086596385

ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**ജനുവരി 2016**
**ലക്കം 1**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

പേജ്

നാല്പത്തി ഒമ്പതാം ലോകസമാധാനദിനാചരണ സന്ദേശം 7
സർക്കുലർ 22
മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ 25
കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ 34
രൂപതക്കച്ചേരി 37
മൈനർ സെമിനാരി 46
വിജ്ഞാനഭവൻ 48
വിദ്യാഭ്യാസം 51
തിരുബാലസഖ്യം 53
ചെറുപുഷ്പമിഷൻലീഗ് 53
കെ.സി.എസ്.എൽ. 58
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് 59
സോഷ്യൽ സർവീസ് 61
ജീസസ് യൂത്ത് 62
ഫാമിലി അപ്പോസ്റ്റലേറ്റ് 63
മാതൃവേദി 64
എ.കെ.സി.സി. 65
എമ്മാനുവേൽ ധ്യാനകേന്ദ്രം 65
പ്രാർത്ഥനാഗ്രൂപ്പ് 66
അല്മായ ഫ്രാൻസിസ്കൻ സഭ 67
നെസ്റ്റ് പ്രോഗ്രാം 68
തിരുനാൾ മംഗളങ്ങൾ 69
വാർത്തയുംവിശേഷങ്ങളും 69
രൂപതാദ്ധ്യക്ഷന്റെ ഡയറി 70
ബിഷപ്സ് പ്രോഗ്രാം 74
സന്യാസസമൂഹങ്ങളുടെ പുതിയ സാരഥികൾ 74
പ്രാർത്ഥനയിൽ ഓർക്കാം 75
നിര്യാതരായി 76



## ഓർമ്മിക്കാൻ

### ജനുവരി

| | | |
|---|---|---|
| 5 | – | മാതൃദീപ്തി രൂപതാ കമ്മിറ്റി |
| 6–8 | – | Pre-Marriage Course |
| 9 | – | KCSL സംസ്ഥാന കലോത്സവം |
| | – | അനദ്ധ്യാപക സെമിനാർ |
| 10 | – | Catechism PTA Meeting |
| 16 | – | തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമം |
| | – | CML ജോ. ഡയറക്ടേഴ്സ് സംഗമം |
| | – | ജപമാലസൈന്യസംഗമം |
| 18 | – | ശാലോം ഫെസ്റ്റ്, NESTT |
| 20–22 | – | Pre-Marriage Course |
| 22–23 | – | വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികൾക്കുള്ള പരിശീലനം |
| 23 | – | Catechism/ Moral Science- Competitive Examination |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | നമ്മുടെ കർത്താവിന്റെ നാമകരണം<br>ദൈവമാതൃത്വത്തിരുനാൾ |
| 02 | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 | : | ദനഹാത്തിരുനാൾ |
| 08 | : | വി. യോഹന്നാൻ മാംദാന |
| 15 | : | വി. പത്രോസ്, വി. പൗലോസ് |
| 20 | : | വി. സെബസ്ത്യാനോസ് |
| 22 | : | വി. സുവിശേഷകന്മാർ |
| 28 | : | വി. തോമസ് അക്വീനാസ് |
| 29 | : | വി. എസ്തപ്പാനോസ് |
| 30 | : | വി. ജോൺ ബോസ്കോ |

Ref: 2908/K 35/OL/KCBC/DS

# നാല്പത്തി ഒമ്പതാം ലോകസമാധാന ദിനാചരണ സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

## 2016 ജനുവരി 1

***നിസ്സംഗതയെ കീഴടക്കുകയും സമാധാനം നേടുകയും ചെയ്യുക.***

1. ദൈവം നിസ്സംഗനല്ല, ദൈവം മനുഷ്യവംശത്തിന്റെ കാര്യത്തിൽ താത്പര്യം കാണിക്കുന്നുണ്ട്. ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. ഈ നവവത്സരാരംഭത്തിൽ അഗാധമായ ഈ അവബോധം പങ്കുവയ്ക്കാൻ മാത്രമല്ല ഞാൻ ആഗ്രഹിക്കുന്നത്. രാഷ്ട്രത്തലവന്മാരും മതനേതാക്കന്മാരും ഉൾപ്പെടെയുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഓരോ കുടുംബത്തിനും ലോകത്തിലെങ്ങുമുള്ള ഓരോ ജനതയ്ക്കും രാഷ്ട്രത്തിനും സമൃദ്ധിയും സമാധാനവും പ്രതീക്ഷാസാഫല്യവും ഉണ്ടാകുവാനുള്ള ഹൃദയംഗമമായ ആശംസകൾ അറിയിക്കാൻ കൂടി ഞാൻ ആഗ്രഹിക്കുന്നു. നമ്മൾ എല്ലാവരും വ്യത്യസ്ത തലങ്ങളിൽ ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടെ നീതിക്കും സമാധാനത്തിനും വേണ്ടി അധ്വാനിക്കുന്നതായി 2016-ാം വർഷം കാണുമെന്ന ആത്മവിശ്വാസം നാം പുലർത്തിക്കൊണ്ടിരിക്കുന്നു. സമാധാനമെന്നത് ദൈവത്തിന്റെ ദാനവും മാനുഷിക നേട്ടവുമാണ്. ദൈവദാനമെന്ന നിലയിൽ, അത് നേടാൻ വിളിക്കപ്പെട്ട എല്ലാ സ്ത്രീപുരുഷന്മാരെയും അത് ഏല്പിച്ചിരിക്കുന്നു.

**പ്രത്യാശയ്ക്കായുള്ള നമ്മുടെ പ്രവർത്തനങ്ങൾ തുടരുക**

2. ഇക്കഴിഞ്ഞവർഷം ആരംഭം മുതൽ അവസാനം വരെ യുദ്ധം, ഭീകരപ്രവർത്തനങ്ങൾ, മനുഷ്യരെ തട്ടിക്കൊണ്ടു പോകൽ, വംശപരമോ മതപരമോ ആയ പീഡനം, അധികാര ദുർവിനിയോഗം എന്നിവയിൽ മുദ്രിതമായിരുന്നുവെന്നത് അത്യന്തം ദുഃഖകരമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ അവയെല്ലാം സാധാരണ സംഭവങ്ങളായിത്തീർന്നു; ഭാഗീയമായി "യഥാർത്ഥ മൂന്നാം ലോകമഹായുദ്ധ"മായിത്തീർന്നു. എന്നാലും അവസാനിക്കുന്ന വർഷത്തിലുണ്ടായ ചില സംഭവങ്ങൾ എനിക്കു പ്രചോദനം നല്കുന്നുണ്ട്. പുതിയ വർഷത്തെ കാത്തിരിക്കാനും തിന്മയെ കീഴടക്കാനും പിന്തിരിയലിനെയും നിസ്സംഗതയെയും എതിർക്കാനുമുള്ള മാനുഷികശക്തിയിലുള്ള പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാൻ ഓരോ വ്യക്തിയെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട പ്രചോദനം നല്കുന്നു. ഐക്യദാർഢ്യത്തിനുള്ള നമ്മുടെ കഴിവിനെയും നിർണായക നിമിഷങ്ങളിൽ സ്വാർത്ഥത, വെറുപ്പ്, നിസ്സംഗത എന്നിവയ്ക്ക് അതീതരായി ഉയർന്നു നില്ക്കാനുള്ള കഴിവിനെയും അവർ കാണിക്കുന്നുണ്ട്.



കാലാവസ്ഥാ മാറ്റത്തെ നേരിടാനും നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാനുമുള്ള അന്വേഷണത്തിൽ ലോകനേതാക്കന്മാർ സി.ഒ.പി 21 സമ്മേളനത്തിൽ നടത്തിയ പരിശ്രമങ്ങളെ സൂചിപ്പിക്കാൻ ഞാനിവിടെ ആഗ്രഹിക്കുന്നു. മുമ്പുണ്ടായ രണ്ട് ആഗോള സംഭവങ്ങളെക്കുറിച്ചും നമുക്കു ചിന്തിക്കാം. അവയിൽ ആദ്യത്തേത് അദ്ദിസ് അബാബാ സമ്മേളനമാണ്. ലോകവ്യാപകമായ ശാശ്വതവികസനം ഉറപ്പാക്കാനുള്ള സാമ്പത്തിക സഹായം നല്കുന്നതിനുവേണ്ടിയുള്ളതായിരുന്നു അത്. സുസ്ഥിരവികസനത്തിനുവേണ്ടിയുള്ള യുണൈറ്റഡ് നേഷൻസ് 2030 അജണ്ടയുടെ സ്വീകരണമാണ് രണ്ടാമത്തേത്. ലോകത്തിലെ സകല ജനതകൾക്കും പ്രത്യേകിച്ച് - മഹത്ത്വപൂർണമായ ജീവിത നിലവാരം ആ വർഷം കൊണ്ട് ഉറപ്പുവരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു അത്.

സഭയെ സംബന്ധിച്ചിടത്തോളം 2015 ഒരു സവിശേഷ വർഷമായിരുന്നു. കാരണം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രണ്ടു പ്രമാണ രേഖകളുടെ അമ്പതാം വാർഷികമായിരുന്നു 2015. ആ രേഖകൾ സഭയ്ക്കു ലോകവുമായുള്ള ഐക്യദാർഢ്യത്തെ ശക്തിയുക്തം പ്രകാശിപ്പിക്കുന്നവയായിരുന്നു. ജോൺ 23-ാമൻ മാർപാപ്പാ കൗൺസിലിന്റെ ആരംഭത്തിൽത്തന്നെ, ലോകവുമായുള്ള സഭയുടെ സമ്പർക്കം വർധിപ്പിക്കാൻ സഭയുടെ ജനലുകൾ മലർക്കെ തുറന്നിടാൻ ആഗ്രഹിച്ചു. ആ രണ്ടു പ്രമാണരേഖകൾ "അക്രൈസ്തവ മതങ്ങൾ" (Nostra aetate), "സഭ ആധുനികലോകത്തിൽ" എന്നിവയാണ്. മാനുഷിക കുടുംബത്തിൽ സഭ തട്ടിയുണർത്താൻ ആഗ്രഹിച്ച പുതിയ സംവാദബന്ധം ഐക്യദാർഢ്യം സഹഗമനം എന്നിവയുടെ അടയാളങ്ങളാണവ. സഭ "അക്രൈസ്തവമതങ്ങൾ" എന്ന പ്രഖ്യാപനത്തിൽ, അക്രൈസ്തവ മതങ്ങളുമായി സംവാദം നടത്താനുള്ള തന്റെ തുറവി പ്രകാശിപ്പിച്ചു. ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണ്" എന്ന അംഗീകാരത്തെ ആസ്പദമാക്കിക്കൊണ്ടുള്ളതാണ് "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖ. നമ്മുടെ ലോകത്തിന്റെ പ്രശ്നങ്ങളെയും കുറിച്ച് ഐക്യദാർഢ്യത്തിന്റെയും ആദരവിന്റെയും വാത്സല്യത്തിന്റെയും അടയാളമെന്ന നിലയിൽ മുഴുവൻ മാനുഷിക കുടുംബവുമായി സ്നേഹസംവാദത്തിലേർപ്പെടാൻ ആ പ്രമാണരേഖയിൽ സഭ സന്നദ്ധത പ്രകടിപ്പിച്ചു.

അതുപോലെതന്നെ, ഓരോ ക്രൈസ്തവനും കാരുണ്യം പ്രഘോഷിക്കാനും അതിനു സാക്ഷ്യം നല്കാനും കഴിവുള്ള വിനീതവും സഹാനുഭൂതി നിറഞ്ഞതുമായ ഹൃദയമുണ്ടാകാൻവേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി ഈ കാരുണ്യജൂബിലിവർഷത്തിൽ സഭയെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്ഷമിക്കാനും നല്കാനും നമ്മളെല്ലാവരും പഠിക്കുമെന്നാണ്

എന്റെ പ്രതീക്ഷ. ആധുനിക സമൂഹം തന്നെ സൃഷ്ടിക്കുന്ന സമൂഹത്തിന്റെ അങ്ങേയറ്റങ്ങളിൽ ജീവിക്കുന്നവരോട് കൂടുതൽ തുറവുണ്ടാകാനാണത്. നവീനമായതെന്താണെന്ന് കണ്ടെത്തുന്നതിൽ നിന്ന് നമ്മെ തടയുന്ന "തരം താഴ്ത്തുന്ന നിസ്സംഗതയിലേക്ക് അഥവാ വിരസമായ പ്രവർത്തനശൈലിയിലേക്ക് വീഴാൻ സ്വയം അനുവദിക്കാതിരിക്കുന്നതിനുവേണ്ടിയാണത്. നമുക്ക് വിനാശകരമായ വിമർശനബുദ്ധിയിൽ നിന്ന് ഒഴിവാകാം".

ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാൻ മനുഷ്യവംശത്തിനു കഴിവുണ്ടെന്നു വിശ്വസിക്കാൻ പല കാരണങ്ങളുമുണ്ട്. നമ്മുടെ കൂടുതൽ ദുർബലരായ സഹോദരീസഹോദരന്മാരോടും പൊതുനന്മയുടെ സംരക്ഷണത്തോടുമുള്ള താത്പര്യം തെളിയിക്കാൻ പരസ്പരബന്ധത്തിന്റെയും പരസ്പരാശ്രയത്തിന്റെയും അടിസ്ഥാനത്തിൽ കഴിയുമെന്നു വിശ്വസിക്കാൻ കാരണങ്ങളുണ്ട്. പരസ്പര ഉത്തരവാദിത്വത്തിന്റെ ഈ മനോഭാവം സഹോദര്യത്തിലേക്കും പൊതുജീവിതത്തിലേക്കുമുള്ള നമ്മുടെ മൗലികവിളിയിൽ വേരുറച്ചതാണ്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാൻ നിശ്ചയിക്കപ്പെട്ട ജീവികളാണു മനുഷ്യർ. അതാണ് വ്യക്തിമഹത്ത്വത്തിന്റെയും വ്യക്ത്യന്തരബന്ധത്തിന്റെയും അടിസ്ഥാനം. അന്യാധീനപ്പെടുത്താനാവാത്ത സൃഷ്ടികളാണു നമ്മൾ. ആ നിലയിൽ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മൾ അവരെ സംബന്ധിച്ച് ഉത്തരവാദിത്വമുള്ളവരാണ്. അവരുമായുള്ള ഐക്യദാർഢ്യത്തോടെ നമ്മൾ പെരുമാറണം. ഈ ബന്ധമില്ലെങ്കിൽ നമ്മൾ മനുഷ്യത്വം കുറഞ്ഞവരായിരിക്കും. അപ്പോൾ, നിസ്സംഗത മനുഷ്യകുടുംബത്തിനെതിരേയുള്ള ഭീഷണിയാണെന്നു നാം കാണുന്നു. നാം പുതിയൊരു വർഷത്തെ സമീപിക്കുമ്പോൾ, എല്ലാവരും ഈ വസ്തുത പരിഗണിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. നിസ്സംഗതയെ കീഴടക്കാനും സമാധാനം നേടാനുമാണത്.

**നിസ്സംഗതയുടെ ഇനങ്ങൾ**

3. നിസ്സംഗത പുതിയൊരു സംഗതിയല്ലെന്നതു വ്യക്തമാണ്. മറ്റുള്ളവരുടെ നേരെ ഹൃദയം അടയ്ക്കുന്ന ആളുകൾ ചരിത്രത്തിന്റെ ഒരോ ഘട്ടത്തിലുമുണ്ടായിരുന്നതായി അറിയാം. തങ്ങൾക്കു ചുറ്റും സംഭവിക്കുന്നവയ്ക്കു നേരെ അവർ കണ്ണടച്ചു. മറ്റുള്ളവരുടെ പ്രശ്നങ്ങളെ നേരിടാതെ അവർ ഒഴിഞ്ഞു മാറി. എന്നാൽ ഇന്ന് നിസ്സംഗത കേവലം വ്യക്തിപരമായ കാര്യമല്ലാതായിരിക്കുന്നു. അത് കൂടുതൽ വ്യാപകമായ മാനങ്ങളുള്ളതായി "നിസ്സംഗതയുടെ ആഗോളവത്കരണം" സംഭവിച്ചിരിക്കുന്നു.

മനുഷ്യസമൂഹത്തിൽ നിസ്സംഗതയുടെ ഒന്നാമത്തെ ഇനം ദൈവത്തെ സംബന്ധിച്ച നിസ്സംഗതയാണ്. അത് അയൽക്കാരോടും പരിസ്ഥിതിയോടുമുള്ള നിസ്സംഗതയിലേക്കു നയിക്കുന്നു. ആപേക്ഷികതാവാദത്തോടും (relativism) ശൂന്യതാവാദത്തോടും (nihilism) ബന്ധപ്പെട്ട തെറ്റായ മാനുഷികതാവാദത്തിന്റെയും പ്രായോഗിക ഭൗതികവാദത്തിന്റെയും ഗൗരവപൂർണമായ അനന്തരഫലമാണ്. നമ്മുടെയും നമ്മുടെ ജീവിതത്തിന്റെയും സമൂഹത്തിന്റെയും ഉറവിടവും സൃഷ്ടാവും നമ്മളാണെന്ന ചിന്തയിലേക്കു നാം എത്തിച്ചേരുന്നു. നമ്മൾ സ്വയം പര്യാപ്തരാണെന്ന ചിന്തയിലേക്കു നാം എത്തിച്ചേർന്നു. നമ്മൾ സ്വയം പര്യാപ്തരാണെന്നു നാം കരുതുന്നു. ദൈവത്തിനുപകരമായ ഒരു ശക്തിയെ കണ്ടെത്താൻ മാത്രമല്ല അവിടത്തെ കൂടാതെ ജീവിക്കാൻ കൂടി തയ്യാറായി. അതിന്റെ ഫലമായി നമ്മോടു തന്നെയല്ലാതെ മറ്റാരോടും നമുക്കു കടപ്പാടില്ലെന്നു ചിന്തിക്കുന്നു. അവകാശങ്ങൾക്കുവേണ്ടി മാത്രം നാം വാദിക്കുന്നു. വ്യക്തിയെ സംബന്ധിച്ച ഈ തെറ്റിധാരണയ്ക്കെതിരെ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ഇങ്ങനെ നിരീക്ഷിച്ചു: നമ്മുടെ ആത്യന്തികമായ അർത്ഥത്തെ സംബന്ധിച്ച ചോദ്യത്തിനു ഉത്തരം നല്കാൻ മനുഷ്യനു തന്നെയോ മാനുഷികവികസനത്തിനു തന്നെയോ ഒറ്റയ്ക്കു സാധ്യമല്ല. അതുപോലെ പോൾ ആറാമൻ മാർപാപ്പാ പ്രസ്താവിച്ചു: "കേവല ശക്തിയോട് (Absolute) തുറവുള്ളതും മനുഷ്യജീവിതത്തിന് യഥാർത്ഥ പ്രാധാന്യം നല്കുന്ന ഒരു വിളിയെപ്പറ്റി ബോധമുള്ളതുമായ മാനുഷികതാവാദമല്ലാതെ യഥാർത്ഥമായ മാനുഷികതാവാദമില്ല".

അയൽക്കാരനോടുള്ള നമ്മുടെ നിസ്സംഗത പലവിധത്തിൽ സ്വയം പ്രകടിപ്പിക്കുന്നു. ചില ആളുകൾ നല്ല വിദ്യാഭ്യാസമുള്ളവരാണ്. അവർ റേഡിയോ കേൾക്കും; പത്രങ്ങൾ വായിക്കും. അല്ലെങ്കിൽ ടെലിവിഷൻ കാണും. പക്ഷേ, അവ അതൊക്കെ കേവലം യാന്ത്രികമായി, മനഃസാന്നിധ്യമില്ലാതെ ചെയ്യുന്നു. മനുഷ്യവംശത്തെ ബാധിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് അവ്യക്തമായ ധാരണ അവർക്കുണ്ട്. എന്നാൽ ഇടപെടാനോ സഹതപിക്കാനോ അവർക്കു തോന്നുന്നില്ല. അറിയുകയും എന്നാൽ നോട്ടവും ചിന്തകളും പ്രവൃത്തികളും തങ്ങളിൽത്തന്നെ കേന്ദ്രീകരിക്കുകയും ചെയ്യുന്ന മനോഭാവമാണ് അവരുടേത്. ദുഃഖകരമെന്നു പറയട്ടെ, ഇന്നത്തെ വിവരദാനവിസ്ഫോടനം സ്വയമേ മറ്റുള്ളവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച വർധിച്ച ഉത്കണ്ഠയിലേക്കു നയിക്കുന്നില്ല. തുറവും ഐക്യദാർഢ്യബോധവും അതിന് ആവശ്യമാണല്ലോ. യഥാർത്ഥത്തിൽ വിവരങ്ങളെ ആർത്തിയോടെ വിഴുങ്ങുന്നതുവഴി ആളുകളുടെ സംവേദകത്വം നശിക്കുന്നു. പ്രശ്നങ്ങളുടെ ഗൗരവത്തെ കുറെയെല്ലാം കുറയ്ക്കുകയും ചെയ്യുന്നു. "ദരിദ്രരെയും ദരിദ്രരാഷ്ട്രങ്ങളെയും അവരുടെ പ്രശ്നങ്ങളുടെ പേരിൽ കുറ്റപ്പെടുത്തിക്കൊണ്ടു മാത്രം തൃപ്തിപ്പെടുന്ന ആളുകളുണ്ട്. അതൊക്കെ സർവസാധാരണമാണെന്ന് വെറുതേ കരുതുന്നു. അവരെ പ്രശാന്തരാക്കാൻ വിദ്യാഭ്യാസമാണ് പരിഹാരമാർഗമായിട്ടുള്ളതെന്ന് അവർ വാദിക്കുന്നു. അവരെ മെരുക്കാനും നിരുപദ്രവകാരികളാക്കാനും അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. അനേകം രാഷ്ട്രങ്ങളിൽ – അവയുടെ ഗവർമെന്റുകളിലും ബിസിനസ്സുക

ളിലും സ്ഥാപനങ്ങളിലും – വ്യാപകവും ആഴത്തിൽ വേരുറച്ചതുമായ അഴി മതിയുടെ വെളിച്ചത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ നിരാശാജനകമാകുന്നു. രാഷ്ട്രങ്ങളുടെ നേതാക്കൾക്കുള്ള രാഷ്ട്രീയാദർശം എന്തായാലും അഴിമതി വ്യാപകവും ആഴത്തിൽ വേരുറ ച്ചതുമാണ്".

മറ്റു സാഹചര്യങ്ങളിൽ നിസ്സംഗത നമ്മുടെ ചുറ്റും സംഭവിക്കുന്നതിനെ സംബന്ധിച്ച താത്പര്യരാഹിത്യമായി പ്രത്യക്ഷപ്പെടുന്നു. പ്രത്യേകിച്ച് ആ സംഭവങ്ങൾ നമ്മെ നേരിട്ടു സ്പർശിക്കുന്നവയല്ലെങ്കിൽ അങ്ങനെ സംഭവി ക്കുന്ന പലരും കൂടുതൽ ഇഷ്ടപ്പെടുന്നത് ചോദ്യങ്ങൾ ചോദിക്കാതിരിക്കാനും ഉത്തരങ്ങൾ അന്വേഷിക്കാതിരിക്കാനുമാണ്. അവർ സഹിക്കുന്നവരുടെ വിലാപം കേൾക്കാതിരിക്കാൻ ചെവിപൊത്തി ആശ്വാസകരമായ ജീവിതം നയിക്കുന്നു. മറ്റുള്ളവരെയും അവരുടെ പ്രശ്നങ്ങളെയും കുറിച്ച് സഹത പിക്കാൻ നാം സൂക്ഷ്മമാംവിധം അശക്തരായിത്തീരുന്നു. അവരെ ശുശ്രൂ ഷിക്കാൻ നമുക്കു താത്പര്യമില്ല. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉത്തരവാദിത്വം അവരുടേതാണെന്നും അത് നമ്മുടെ കാര്യമല്ലെന്നും ഭാവി ക്കുന്നു. "നാം ആരോഗ്യവാന്മാരും സുഖജീവിതം നയിക്കുന്നവരുമായിരിക്കു മ്പോൾ നാം മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല). അവരുടെ പ്രശ്നങ്ങളിലും സഹനത്തിലും അവർ അനുഭവി ക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തു മരവിച്ചതായിത്തീരുന്നു. സമ്പത്തു കുറഞ്ഞവരെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല".

നമ്മൾ ഒരു പൊതുഭവനത്തിൽ വസിക്കുന്നു. അതുകൊണ്ട് അതിന്റെ ആരോഗ്യാവസ്ഥയെക്കുറിച്ചു നമ്മോടുതന്നെ ചോദിക്കാതിരിക്കാൻ സാധ്യ മല്ല. "കർത്താവേ അങ്ങേക്കു സ്തുതി" (Laudato si) എന്ന ചാക്രികലേഖ നത്തിൽ ഞാൻ പരിശ്രമിച്ചതുപോലെ തന്നെ. ജലത്തിനും വായുവിനും ഉണ്ടാ കുന്ന മലനീകരണവും വിവേകമില്ലാതെ നടത്തുന്ന വനനശീകരണവും സ്വാഭാവിക പരിസ്ഥിതി നശിപ്പിക്കലും മിക്കവാറും സംഭവിക്കുന്ന മനുഷ്യ നോടുള്ള മനുഷ്യന്റെ നിസ്സംഗതയാണ്. എന്തെന്നാൽ എല്ലാം പരസ്പരബ ന്ധിതങ്ങളാണ്. കൂടാതെ മൃഗങ്ങളോടുള്ള നമ്മുടെ പെരുമാറ്റത്തിന്റെ രീതി യുമുണ്ട്. അത് മറ്റു മനുഷ്യരോടുള്ള നമ്മുടെ പെരുമാറ്റത്തെ ബാധിക്കു ന്നു. ആളുകൾ തങ്ങളുടെ സ്വന്തം വീട്ടിൽ ചെയ്യാൻ ഒരിക്കലും ധൈര്യപ്പെ ടാത്തത് മറ്റു സ്ഥലങ്ങളിൽ തന്നിഷ്ടം പോലെ ചെയ്യുന്നു.

ഇക്കാര്യങ്ങളിലും മറ്റു സാഹചര്യങ്ങളിലും നിസ്സംഗത സ്വാർത്ഥത യിലേക്കും സമർപ്പണരാഹിത്യത്തിലേക്കും നമ്മെ നയിക്കുന്നു. അങ്ങനെ



അത് ദൈവത്തോടും അയൽക്കാരനോടും പരിസ്ഥിതിയോടും സമാധാന ത്തിൽ കഴിയുകയെന്നത് അസാധ്യമായിത്തീരുന്നു.

**ആഗോളവത്കൃതമായ നിസ്സംഗതയാൽ ഭീഷണിക്കു വിധേയമാക്കപ്പെ ടുന്ന സമാധാനം**

4. ദൈവത്തോടുള്ള നിസ്സംഗത വ്യക്തിയുടെ സ്വകാര്യമണ്ഡലത്തിന് അതീതമായിത്തീർന്ന് പൊതുവും സാമൂഹികവുമായ മണ്ഡലത്തിലേക്കു പ്രവേശിക്കുന്നു. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ചൂണ്ടിക്കാണിച്ചതു പോലെ "ലോകത്തിൽ ദൈവമഹത്ത്വീകരണവും മാനുഷിക സമാധാനവും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു". യഥാർത്ഥത്തിൽ "സർവാതീതനോട്" തുറ വില്ലാതിരിക്കുന്ന മനുഷ്യർ പെട്ടെന്നു ആപേക്ഷികതാവാദത്തിന് ഇരയായി ത്തീരും. നീതിപൂർവം പെരുമാറാനും സമാധാനത്തിനുവേണ്ടി അധ്വാനി ക്കാനും പ്രയാസമായിത്തീരും. ദൈവനിഷേധവും ദൈവത്തോടുള്ള അവഗ ണനയും തന്റെ മാത്രമല്ലാത്ത മറ്റൊരു നിയമവും അംഗീകരിക്കാതിരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. അത് വർണനാതീതമായ ക്രൂരതയും അക്ര മവും ഉത്പാദിപ്പിച്ചിട്ടുണ്ട്.

ദൈവത്തോടുള്ള നിസ്സംഗത ഉത്പാദിപ്പിക്കുന്നതാണ് വ്യക്തിതല ത്തിലും സമൂഹതലത്തിലും അയൽക്കാരനോടുള്ള നിസ്സംഗത. അത് താത്പര്യമില്ലായ്മയിലും അധ്വാനരാഹിത്യത്തിലും പ്രകടിതമാകുന്നു. അതാ കട്ടെ അനീതിയെയും ഗൗരവപൂർണമായ സാമൂഹിക അസന്തുലിതാവസ്ഥ യെയും ദീർഘിപ്പിക്കാൻ സഹായിക്കുന്നു. അവ സംഘർഷത്തിലേക്കു നയി ക്കുന്നു. എങ്ങനെയായാലും അത് അസംതൃപ്തിയുടെ അന്തരീക്ഷം സൃഷ്ടി ക്കുന്നു. അതാകട്ടെ പെട്ടെന്നായാലും സാവധാനത്തിലായാലും അക്രമത്തി ന്റെയും അരക്ഷിതത്വത്തിന്റെയും പ്രവൃത്തികളായി പൊട്ടിത്തെറിക്കും.

നിസ്സംഗതയും സമർപ്പണബോധരാഹിത്യവും കടമയോടുള്ള ഗൗര വപൂർണമായ അവജ്ഞ സൃഷ്ടിക്കും. തന്മൂലം നമ്മൾ നമ്മുടെ കഴിവു കളും സമൂഹത്തിലുള്ള നമ്മുടെ ധർമ്മവുമനുസരിച്ചും പ്രവർത്തിക്കണം. പൊതുനന്മയുടെ വളർച്ചയ്ക്കും പ്രത്യേകമായി മനുഷ്യജാതിയുടെ ഏറ്റവും വിലപ്പെട്ട നന്മയായ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കണം.

സ്ഥാപനപരമായ തലത്തിൽ മറ്റുള്ളവരോടും അവരുടെ മഹത്ത്വ ത്തോടും അവരുടെ മൗലികാവകാശങ്ങളോടും അവരുടെ സ്വാതന്ത്ര്യ ത്തോടും നിസ്സംഗതയുണ്ടാകുന്നു. അത് ലാഭത്തിനും സുഖജീവിതത്തിനും വേണ്ടിയുള്ള പരിശ്രമത്താൽ സംസ്കാരത്തിന്റെ ഭാഗമായിരിക്കുമ്പോൾ ആത്യന്തികമായി സമാധാനഭീഷണിയായിത്തീരുന്ന പ്രവൃത്തികളെയും നയ ങ്ങളെയും വളർത്തുകയും നീതീകരിക്കുകയെങ്കിലും ചെയ്യുന്നു. വിലപനീ യമായ സാമ്പത്തികതയെ നീതീകരിക്കാൻപോലും നിസ്സംഗത കാരണമാകും. ആ നിസ്സംഗത അനീതിയെയും വിഭജനത്തെയും അക്രമത്തെയും വ്യക്തി

കളുടെയും ജനതകളുടെയും ക്ഷേമം ഉറപ്പാക്കാൻ വേണ്ടി നീതീകരിക്കുക പോലും ചെയ്യും.

പലപ്പോഴും സാമ്പത്തികവും രാഷ്ട്രീയവുമായ പദ്ധതികൾ അധികാരത്തിന്റെയും സമ്പത്തിന്റെയും സുരക്ഷിതത്വത്തെ ലക്ഷ്യമാക്കുന്നു. മറ്റുള്ളവരുടെ മൗലികാവകാശങ്ങളെയും ആവശ്യങ്ങളെയും ചവിട്ടിമെതിച്ചുപോലും അങ്ങനെ ചെയ്യുന്നു. ഭക്ഷണം, ജലം, ആരോഗ്യം സംരക്ഷണം തൊഴിൽ എന്നിങ്ങനെയുള്ള മൗലികാവശ്യങ്ങളെ നിഷേധിക്കുന്നതിന്റെ സാക്ഷികളായിത്തീരുന്നു. അപ്പോൾ അവയെല്ലാം ബലം പ്രയോഗിച്ചു നേടാൻ പ്രലോഭിപ്പിക്കപ്പെടുന്നു.

കൂടാതെ സ്വാഭാവിക പരിസ്ഥിതിയോടു നിസ്സംഗത പുലർത്തുന്നു. വനനശീകരണം, മലനീകരണം, പ്രകൃതിപരമായ ദുരന്തങ്ങൾ എന്നിവയെ നീതീകരിക്കുന്നു. അത് സമൂഹങ്ങളെ മുഴുവനും അവരുടെ പരിസ്ഥിതിയിൽ നിന്നു പറിച്ചെറിയുന്നു. അത് ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങളെയും അനീതിയുടെ പുതിയ അവസ്ഥകളെയും സൃഷ്ടിക്കുന്നതിൽ ചെന്നെത്തുന്നു. മിക്കപ്പോഴും അതു സുരക്ഷിതത്വത്തിനും സമാധാനത്തിനും എതിരായ കടുത്ത അനന്തരഫലങ്ങളെ സൃഷ്ടിക്കും. എത്രമാത്രം യുദ്ധങ്ങൾ നടത്തിയിരിക്കുന്നു. എത്രയോ യുദ്ധങ്ങൾ തുടർന്നുകൊണ്ടിരിക്കും. വസ്തുക്കളുടെ ദൗർബല്യം മൂലമോ പ്രകൃതിവിഭവങ്ങൾക്കുവേണ്ടിയുള്ള അടക്കാനാവാത്ത ദാഹം മൂലമോ അവ തുടർന്നുകൊണ്ടിരിക്കും.

**നിസ്സംഗതയിൽ നിന്നു കാരുണ്യത്തിലേക്ക്: ഹൃദയങ്ങളുടെ പരിവർത്തനം**

5. ഒരു വർഷം മുമ്പ് 2015-ലെ ലോകസമാധാനദിനത്തിൽ "ഇനിമേൽ അടിമകളല്ല സഹോദരീസഹോദരന്മാർ" എന്ന പ്രമേയത്തോടെ ഞാൻ ഒരു സന്ദേശം നല്കി. അതിൽ മാനുഷിക സാഹോദര്യത്തിന്റെ ബൈബിൾ പരമായ ഒന്നാമത്തെ ചിത്രം, കായേന്റെയും ആബേലിന്റെയും ചിത്രം (cf ഉത് 4:1-16) ഞാൻ പരാമർശിച്ചു. ആരംഭത്തിൽത്തന്നെ ഈ ആദിമസാഹോദര്യം നശിപ്പിക്കപ്പെട്ടുവെന്നതിലേക്കു ഞാൻ ശ്രദ്ധ ക്ഷണിച്ചു. കായേനും ആബേലും സഹോദരന്മാരായിരുന്നു. രണ്ടു പേരും ഒരേ ഗർഭപാത്രത്തിൽ നിന്നു വന്നവരാണ്. തുല്യമഹത്ത്വമുള്ളവരാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. പക്ഷേ, സഹോദരന്മാർ എന്ന നിലയിലുള്ള അവരുടെ ബന്ധം നശിപ്പിക്കപ്പെട്ടു. "കായേൻ ആബേലിനെ വെറുക്കുക മാത്രമല്ല ചെയ്തത്. അവൻ ആബേലിനെ അസൂയമൂലം വധിക്കുക കൂടി ചെയ്തു". ഭ്രാതൃഹത്യ ഒറ്റിക്കൊടുക്കലിന്റെ രൂപമായിരുന്നു. ആബേലിനെ സ്വന്തം സഹോദരനായി കായേൻ അംഗീകരിച്ചില്ല. ആ നിഷേധം കുടുംബങ്ങളിലുള്ള ആദ്യത്തെ തകർച്ചയായിരുന്നു. ഭ്രാതൃത്വത്തിന്റെ ഐക്യദാർഢ്യത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ആദ്യത്തെ തകർച്ച.



അപ്പോൾ ദൈവം മനുഷ്യന് അവന്റെ സഹജീവികളോടുള്ള ഉത്തരവാദിത്വം ഓർമ്മപ്പെടുത്താൻ ഇടപെട്ടു. നമ്മുടെ ആദിമാതാപിതാക്കളായ ആദവും ഹവ്വായും അവരുടെ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധം തകർത്തപ്പോൾ അവിടന്നു ചെയ്തതുപോലെ തന്നെ. അപ്പോൾ കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരനായ ആബേൽ എവിടെ? അപ്പോൾ അവൻ പറഞ്ഞു: എനിക്ക് അറിഞ്ഞുകൂടാ. ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണോ? എന്നാൽ ദൈവം ഇങ്ങനെ മറുപടി പറഞ്ഞു: "നീ എന്താണു ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ചു വിലപിക്കുന്നു" (ഉത്പ 4:9-10).

തന്റെ സഹോദരന് എന്തു സംഭവിച്ചുവെന്നു തനിക്ക് അറിയാൻ പാടില്ലെന്നും താൻ തന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനല്ലെന്നും കായേൻ പറഞ്ഞു. അവന്റെ ജീവനെ സംബന്ധിച്ച് അവന്റെ വിധിയെ സംബന്ധിച്ച് തനിക്ക് ഉത്തരവാദിത്വമില്ലെന്നു കായേൻ പറഞ്ഞു. അയാൾ തന്റെ സഹോദരനെ സംബന്ധിച്ച് നിസ്സംഗനായിരുന്നു. അവർ രണ്ടുപേർക്കും ഒരേ ഉത്പത്തിയാണുള്ളതെങ്കിലും അങ്ങനെ ചെയ്തു. എത്രയോ ദുഃഖകരമായ കാര്യമാണിത്. സഹോദരങ്ങളുടെയും കുടുംബങ്ങളുടെയും മനുഷ്യജീവികളുടെയും എന്തൊരു ദുഃഖകഥയാണിത്. സഹോദരന്മാർ തമ്മിലുള്ള നിസ്സംഗതയുടെ ആദ്യത്തെ പ്രകടനമാണിത്. എന്നാൽ ദൈവം നിസ്സംഗനല്ല. ആബേലിന്റെ രക്തത്തിന് അവിടത്തെ നോട്ടത്തിൽ അളവറ്റ മൂല്യമാണുള്ളത്. അതിന്റെ കണക്കുകൊടുക്കാൻ അവിടന്ന് കായേനോട് ആവശ്യപ്പെട്ടു. മനുഷ്യവംശത്തിന്റെ ഉത്പത്തിയിൽ താൻ മനുഷ്യന്റെ ഭാഗധേയത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നു ദൈവം സ്വയം കാണിക്കുന്നു. പിന്നീട് ഇസ്രായേൽ മക്കൾ ഈജിപ്തിൽ അടിമകളായിരുന്നപ്പോൾ ദൈവം ഒരിക്കൽ കൂടി ഇടപെടുകയും മോശയോടു ഇങ്ങനെ പറയുകയും ചെയ്തു. "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെ നിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക്...അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്" (പുറ3:7-8). ദൈവത്തിന്റെ ഇടപെടലിനെ വിവരിക്കുന്ന ക്രിയകളെ നാം ശ്രദ്ധിക്കണം: അവിടന്ന് കാണുന്നു, അറിയുന്നു, താഴേക്ക് ഇറങ്ങിവരുന്നു, അവരെ വിമോചിപ്പിക്കുന്നു. ദൈവം നിസ്സംഗനായിരുന്നില്ല. അവിടന്നു ശ്രദ്ധാലുവാണ്, അവിടന്ന് പ്രവർത്തിക്കുന്നു.

അതുപോലെതന്നെ ദൈവം തന്റെ പുത്രനായ യേശുവിൽ ഇറങ്ങിവന്നു. അവിടന്ന് ശരീരം ധരിക്കുകയും പാപം ഒഴികെ മറ്റ് എല്ലാ കാര്യങ്ങളിലും മനുഷ്യവംശത്തോടുള്ള തന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും

ചെയ്തു. യേശു നമ്മോട് ഒന്നായിത്തീർന്നു. "അനേകം സഹോദരങ്ങളിൽ പ്രഥമ ജാതനായിത്തീർന്നു" (റോമാ 8:29). ജനസമൂഹങ്ങളെ പഠിപ്പിക്കുന്നതുകൊണ്ടുമാത്രം അവിടന്ന് തൃപ്തിപ്പെട്ടില്ല. അവരുടെ ക്ഷേമത്തിലും താത്പര്യം കാണിച്ചു. പ്രത്യേകിച്ച് അവർക്കു വിശക്കുന്നതായിട്ടോ (cf മർക്കോ 6:34-44) തൊഴിലില്ലാതിരിക്കുന്നതായിട്ടോ (cf മത്താ 20:3) കണ്ടപ്പോൾ അങ്ങനെ ചെയ്തു. സ്ത്രീ പുരുഷന്മാരോടു മാത്രമല്ല അവിടന്ന് താത്പര്യം കാണിച്ചത്. കടലിലെ മത്സ്യത്തോടും ആകാശത്തിലെ പറവകളോടും സസ്യങ്ങളോടും മരങ്ങളോടും ചെറുതും വലുതുമായ എല്ലാറ്റിനോടും അവിടന്ന് താത്പര്യം പ്രദർശിപ്പിച്ചു. അവിടന്ന് സൃഷ്ടിയെ മുഴുവനും കാണുകയും ആശ്ലേഷിക്കുകയും ചെയ്തു. അവിടന്ന് കാണുക മാത്രമല്ല ചെയ്തത്. അതിലേറെ പ്രവർത്തിച്ചു. അവിടന്ന് ജനങ്ങളുടെ ജീവിതത്തെ സ്പർശിച്ചു. അവരോടു സംസാരിച്ചു. അവരെ സഹായിച്ചു. ആവശ്യത്തിൽപ്പെട്ടവരോട് അവിടന്ന് കാരുണ്യം കാണിച്ചു. ഇതു മാത്രമല്ല അവിടന്ന് ശക്തമായ വികാരങ്ങൾ അനുഭവിക്കുകയും വിലപിക്കുകയും ചെയ്തു. (cf യോഹ 11:33-44). സഹനത്തിനും ദുഃഖത്തിനും ദുരിതത്തിനും മരണത്തിനും അന്ത്യം വരുത്താൻ അവിടന്ന് പ്രവർത്തിച്ചു.

നമ്മുടെ സ്വർഗസ്ഥനായ പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കാൻ യേശു നമ്മെ പഠിപ്പിച്ചു (ലൂക്കാ 6:36). ആവശ്യത്തിൽപ്പെട്ടവരെ സഹായിക്കാതെ വഴിമാറിപ്പോകുന്നവരെ (cf ലൂക്കാ 10:31-32) അവിടന്നു ശപിച്ചു. ഈ ഉപമ വഴി തന്റെ ശ്രോതാക്കളെയും പ്രത്യേകിച്ച് ശിഷ്യന്മാരെയും ഇങ്ങനെ പഠിപ്പിച്ചു: ഈ ലോകത്തിന്റെ സഹനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരുടെ വേദനകളും ശമിപ്പിക്കാൻ സഹായിക്കുക. നമ്മൾ എത്ര തിരക്കുള്ളവരായാലും സമയം തൊട്ടുള്ള സകല മാർഗങ്ങളും ഉപയോഗിച്ചു സഹായിക്കുക. നിസ്സംഗത മിക്കപ്പോഴും ഒഴികഴിവുകൾ കണ്ടെത്താൻ ശ്രമിക്കും. അനുഷ്ഠാനപരമായ നിയമങ്ങൾ പാലിച്ചുകൊണ്ട് ചെയ്തുതീർക്കാനുള്ള സകല കാര്യങ്ങളിലേക്കും നോക്കിക്കൊണ്ടു ശത്രുതയും മുൻവിധികളും മറച്ചുവച്ചുകൊണ്ട് ഇവയെല്ലാം അകലത്തിലാക്കുന്നു.

കാരുണ്യം ദൈവത്തിന്റെ ഹൃദയമാണ്. അത് അവിടത്തെ മക്കളുടെ വലിയ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളുടെ ഹൃദയമായിരിക്കണം. മനുഷ്യമഹത്ത്വം തകർക്കപ്പെടുന്ന എവിടെയും കൂടുതൽ ശക്തമായി തുടിക്കുന്ന ഹൃദയം തന്നെ. ദൈവത്തിന്റെ സൃഷ്ടികളിൽ അവിടത്തെ മുഖത്തിന്റെ പ്രതിഛായയെന്ന നിലയിലുള്ളതാണ് മനുഷ്യമഹത്ത്വം. ദൈവം നമ്മുടെ പ്രവൃത്തികളെ വിധിക്കാൻ ഉപയോഗിക്കുന്ന അളവുകോല് മറ്റുള്ളവരോടുള്ള-വിദേശീയരോടും, ബന്ധനസ്ഥരോടും ഭവനരഹിതരോടും നമ്മുടെ ശത്രുക്കളോടുപോലുള്ള - സ്നേഹമാണെന്നു യേശു നമ്മോടു പറയുന്നു. നമ്മുടെ ശാശ്വത ഭാഗധേയം ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്. സന്തോഷിക്കുന്ന



വരോടുകൂടെ സന്തോഷിക്കാനും വിലപിക്കുന്നവരോടുകൂടെ വിലപിക്കാനും റോമിലെ ക്രിസ്ത്യാനികളോടു പൗലോസ് ശ്ലീഹാ പറയുന്നതിൽ വിസ്മയിക്കാനില്ല (cf റോമാ 12:15). സഭയിൽ ക്ലേശിക്കുന്ന അംഗങ്ങളോടുള്ള ഐക്യദാർഢ്യത്തിന്റെ അടയാളമെന്ന നിലയിൽ സംഭാവനകൊടുക്കാൻ കോറിന്തൂസിലുള്ളവരെ അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നതിലും അദ്ഭുതപ്പെടാനില്ല (cf 1കോറി 16:2-3). വിശുദ്ധ യോഹന്നാൻ ഇപ്രകാരം എഴുതുന്നു: "ലൗകിക സമ്പത്തുണ്ടായിരിക്കേ ഒരുവൻ തന്റെ സഹോദരനെ സഹായം അർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?" (1 യോഹ 3:17; cf യാക്കോ 2:15-16).

അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്: "കരുണയുടെ ജീവിതം നയിക്കുകയെന്നതും അതിനു സാക്ഷ്യം വഹിക്കുകയെന്നതും സഭയെ സംബന്ധിച്ചും സഭയുടെ വിശ്വാസ്യതയെ സംബന്ധിച്ചും തികച്ചും സാരാംശപരമാണ്. സഭയുടെ ഭാഷയും ആംഗ്യങ്ങളും കരുണയെ വിക്ഷേപിക്കണം. എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളെ സ്പർശിക്കാനും പിതാവിങ്കലേക്കു നയിക്കുന്ന പാത ഒരിക്കൽക്കൂടി കണ്ടെത്താൻ അവരെ പ്രചേദിപ്പിക്കാനുമാണത്. സഭയുടെ ഒന്നാമത്തെ സത്യം ക്രിസ്തുവിന്റെ സ്നേഹമാണ്. സഭ തന്നെത്തന്നെ ഈ സ്നേഹത്തിന്റെ ദാസിയാക്കുന്നു. അത് എല്ലാ ജനതകളിലേക്കും കടത്തി വിടുകയും ചെയ്യുന്നു. ക്ഷമിക്കുകയും ആത്മദാനത്തിൽ സ്വയം പ്രകാശിപ്പിക്കുകയും ചെയ്യുന്ന സ്നേഹമാണത്. തത്ഫലമായി സഭ സന്നിഹിതയായിരിക്കുന്നിടത്തെല്ലാം പിതാവിന്റെ സ്നേഹം പ്രകടമാകണം. നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും അസോസിയേഷനുകളിലും പ്രസ്ഥാനങ്ങളിലും അപ്രകാരമായിരിക്കണം. ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം ഓരോ വ്യക്തിയും കാരുണ്യത്തിന്റെ മരുപ്പച്ച കാണണം".

അപ്പോൾ സഹതാപവും സ്നേഹവും കാരുണ്യവും ഐക്യദാർഢ്യവും യഥാർത്ഥജീവിതപാതയായിരിക്കണം. നമ്മുടെ പരസ്പരബന്ധങ്ങളിൽ അത് പെരുമാറ്റത്തിന്റെ നിയമമായിരിക്കണം. ഇതിന് നമ്മുടെ ഹൃദയപരിവർത്തനം ആവശ്യമാണ്. കല്ലുകൊണ്ടുള്ള നമ്മുടെ ഹൃദയങ്ങളെ ദൈവകൃപ മാംസഹൃദയമാക്കി മാറ്റണം (cf എസെ. 36:26). യഥാർത്ഥമായ ഐക്യദാർഢ്യത്തിൽ മറ്റുള്ളവരോടു തുറവുള്ളതായിരിക്കണം. എന്തെന്നാൽ അടുത്തും അകലെയുമുള്ള അനേകരുടെ ദൗർഭാഗ്യം കാണുമ്പോൾ ഉണ്ടാകുന്ന അവ്യക്തമായ സഹതാപമോ ആഴമില്ലാത്ത അസ്വസ്ഥതയോ അല്ല, അതിനെക്കാൾ വലുതാണ് ഐക്യദാർഢ്യം. ഐക്യദാർഢ്യമെന്നത് പൊതുനന്മയ്ക്കായി സ്വയം സമർപ്പിക്കാനുള്ള സുദൃഢവും സുസ്ഥിരവുമായ തീരുമാനമാണ്. അതായത് എല്ലാവരുടെയും, ഓരോ വ്യക്തിയുടെയും നന്മയ്ക്കാ

യുള്ള തീരുമാനം. എന്തെന്നാൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വം നമുക്കുണ്ട്". എന്തെന്നാൽ സഹതാപം ഭ്രാതൃത്വത്തിൽ നിന്നാണ് ഒഴുകുന്നത്.

ഈ വിധത്തിൽ മനസ്സിലാക്കുമ്പോൾ ഐക്യദാർഢ്യമെന്നത് ധാർമ്മികവും സാമൂഹികവുമായ മനോഭാവമാണ്. നമ്മുടെ കാലഘട്ടത്തിലെ കഠോര മർദനങ്ങളെയും വർധിച്ചുവരുന്ന പരസ്പരാശ്രയത്വത്തെയും കുറിച്ചുള്ള ബോധമാണത്. പ്രത്യേകിച്ച് ആഗോളവത്കരണങ്ങളുള്ള ഒരു ലോകത്തിൽ വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള, ലോകത്തിന്റെ ബാക്കി ഭാഗത്തുള്ള ജനങ്ങളുടെ പരസ്പരാശ്രിതത്വത്തെക്കുറിച്ചുള്ള ബോധം തന്നെ.

**നിസ്സംഗതയെ കീഴടക്കാൻ ഐക്യദാർഢ്യത്തിന്റെയും കരുണയുടെയും ഒരു സംസ്കാരം വളർത്തിയെടുക്കൽ**

6. വ്യക്തിപരമായ മനഃപരിവർത്തനത്തിൽ നിന്നുണ്ടാകുന്ന ധാർമ്മികഗുണവും സാമൂഹിക മനോഭാവവുമെന്ന നിലയിൽ ഐക്യദാർഢ്യം വിദ്യാദാനത്തിനും പരിശീലിപ്പിക്കലിനും ഉത്തരവാദിത്വപ്പെട്ടവർക്ക് സമർപ്പണ ബുദ്ധിയുണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഒന്നാമതായി ഞാൻ കുടുംബങ്ങളെക്കുറിച്ചു ചിന്തിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാഥമികവും സജീവവുമായ ദൗത്യമുണ്ടായിരിക്കാൻ വിളിക്കപ്പെട്ടവയാണു കുടുംബങ്ങൾ. സ്നേഹം ഭ്രാതൃത്വം എന്നീ മൂല്യങ്ങളുടെ പ്രഥമസ്ഥാനങ്ങളാണ് കുടുംബങ്ങൾ. ഒരുമയും പങ്കുവയ്ക്കലും മറ്റുള്ളവരോടുള്ള താത്പര്യവും ജീവിക്കുകയും കൈമാറുകയും ചെയ്യുന്ന ഒന്നാമത്തെ സ്ഥാനമാണ് കുടുംബങ്ങൾ. വിശ്വാസം പകർന്നു കൊടുക്കാൻ പ്രത്യേക ആനുകൂല്യമുള്ള സ്ഥാനങ്ങളാണ് കുടുംബങ്ങൾ. അമ്മമാർ കുട്ടികളെ പഠിപ്പിക്കുന്ന ലളിതമായ ആംഗ്യങ്ങളിൽ തുടങ്ങി വിശ്വാസകൈമാറ്റം കുടുംബങ്ങളിൽ നടക്കുന്നു.

വിദ്യാലയങ്ങളിലും മറ്റു സാഹചര്യങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കുകയെന്ന വെല്ലുവിളി നിറഞ്ഞ ധർമ്മം അദ്ധ്യാപകർക്കുണ്ട്. ജീവിതത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവും സാമൂഹികവുമായ വശങ്ങളിലേക്കു കൂടി വ്യാപിക്കുന്ന ഉത്തരവാദിത്വം തങ്ങൾക്കുണ്ടെന്ന് അവർ അറിഞ്ഞിരിക്കണം. സ്വാതന്ത്ര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം എന്നീ മൂല്യങ്ങൾ ചെറുപ്പത്തിൽ തന്നെ കൈമാറാവുന്നതാണ്. അദ്ധ്യാപകരോടു സംസാരിച്ചപ്പോൾ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ നിരീക്ഷിച്ചതുപോലെ തന്നെ അദ്ദേഹം പറയുന്നു: സർവ്വാതിശായിയോടും മറ്റുള്ളവരോടും തുറവുള്ള സ്ഥാനമായിരിക്കാൻ ഓരോ വിദ്യാലയത്തിനും സാധിക്കും. സംവാദത്തിന്റെ ചേർച്ചയുടെ ശ്രദ്ധാപൂർവ്വകമായ ശ്രവണത്തിന്റെയും സ്ഥാനമായിരിക്കാൻ അവയ്ക്കു കഴിയും. അവിടെ വ്യക്തിപരമായ കഴിവുകളും ആന്തരികസമ്പന്നതയും അംഗീകരിക്കപ്പെടുന്നതായി യുവജനത്തിന് തോന്നും. അവരുടെ



സഹോദരീസഹോദരന്മാരെ വിലമതിക്കാൻ പഠിക്കാനാവും. പരസ്നേഹത്തിന്റെയും മറ്റുള്ളവരെ സംബന്ധിച്ച സഹതാപത്തിന്റെയും അനുദിന അഭ്യസനത്തിൽനിന്നും കൂടുതൽ മാനുഷികവും സാഹോദര്യ പൂർണ്ണവുമായ സമൂഹത്തെ പടുത്തുയർത്തുന്നതിൽ സജീവ ഭാഗഭാഗിത്വം വഹിക്കുന്നതിൽ നിന്നും ഉണ്ടാകുന്ന സന്തോഷം രുചിച്ചറിയാൻ അനേകം യുവതീയുവാക്കളെ പഠിപ്പിക്കാൻ കഴിയും.

വിദ്യാഭ്യാസത്തെയും പരിശീലനത്തെയും സംബന്ധിച്ച് വിവരദാനക്കാർക്കും ഉത്തരവാദിത്വമുണ്ട്; പ്രത്യേകിച്ച് ഇക്കാലത്ത്. കാരണം ഇന്നു വിവരദാനത്തിന്റെയും സമ്പർക്കത്തിന്റെയും മാർഗ്ഗങ്ങൾ ഏറെ വ്യപകമായിരിക്കുന്നു. അവരുടെ പ്രഥമവും പ്രമുഖവുമായ കടമ പ്രത്യേക താത്പര്യങ്ങൾക്ക് ശുശ്രൂഷ നല്കാതെ സത്യത്തിനു സേവനം ചെയ്യുകയെന്നതാണ്. എന്തെന്നാൽ മാധ്യമങ്ങൾ "അറിവു നൽകുക മാത്രമല്ല ചെയ്യുന്നത്. അവയുടെ ശ്രോതാക്കളുടെ മനസ്സുകളെ രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ട്. തന്മൂലം യുവജന വിദ്യാഭ്യാസത്തിനു ശ്രദ്ധേയമായ സംഭാവന നല്കാൻ അവർക്കു സാധിക്കും. വിദ്യാഭ്യാസവും സമ്പർക്കവും തമ്മിൽ അവഗാഢ ബന്ധമുണ്ടെന്ന കാര്യം മറക്കാതിരിക്കുക സുപ്രധാന കാര്യമാണ്: വിദ്യാഭ്യാസം സമ്പർക്കമാധ്യമങ്ങളിലൂടെ നടക്കുന്നു. അവ വ്യക്തിയെ നന്മയ്ക്കോ തിന്മയ്ക്കോ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തുന്നുണ്ട്".

മാധ്യമപ്രവർത്തകർ ഒരു വസ്തുത കൂടി ഓർമ്മിക്കണം. അതായത് വിവരം നേടുന്നതും പരസ്യപ്പെടുത്തുന്നതും എപ്പോഴും നിയമപരമായും ധാർമ്മികമായും അംഗീകരിക്കത്തക്കവിധത്തിലായിരിക്കണം.

**സമാധാനം: ഐക്യദാർഢ്യത്തിന്റെയും കാരുണ്യത്തിന്റെയും സഹതാപത്തിന്റെയും സംസ്കാരത്തിന്റെ ഫലമാണ്.**

**7.** നിസംഗതയുടെ ആഗോളവത്കരണം ഉയർത്തുന്ന ഭീഷണിയെക്കുറിച്ചു ബോധമുണ്ടായിരിക്കണം. അതേ സമയം ഒരു കാര്യം കൂടി നാം തിരിച്ചറിയണം. അതായത്, ഞാൻ ഇപ്പോൾ വിവരിച്ച രംഗത്ത് ഭാവാത്മകമായ അനേകം പ്രാരംഭങ്ങളുണ്ട്. അവ നമുക്കു സാധ്യമായിരിക്കുന്ന സഹതാപത്തിനും കാരുണ്യത്തിനും ഐക്യദാർഢ്യത്തിനും സാക്ഷ്യം വഹിക്കുന്നുണ്ട്.

പ്രശംസനീയമായ സമർപ്പണത്തിന്റെ ചില മാതൃകകൾ ഞാനിവിടെ എടുത്തു കാണിക്കാം. നമ്മുടെ അയൽക്കാരുടെ നേരെ കണ്ണടക്കാതിരുന്ന് നിസ്സംഗതയെ കീഴടക്കാൻ നമുക്ക് എല്ലാവർക്കും സാധിക്കുമെന്ന് അവ തെളിയിക്കുന്നു.

സഭയ്ക്കുള്ളിലും സഭയ്ക്ക് വെളിയിലും ധാരാളം ഗവണ്മെന്റിതര പരസ്നേഹ സംഘടനകളുണ്ട്. അവയുടെ അംഗങ്ങൾ പകർച്ചവ്യാധികളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും സായുധസംഘട്ടനങ്ങളുടെയും ഇടയിൽ മുറി

വേറ്റവരെയും രോഗികളെയും ശുശ്രൂഷിക്കാനും മൃതരെ സംസ്കരിക്കാനും ധീരതയോടെ പ്രയാസങ്ങളും അപകടങ്ങളും നേരിടുന്നുണ്ട്. കൂടുതൽ നല്ല ജീവിതമന്വേഷിച്ച് മരുഭൂമികളും കടലുകളും കടന്നു വരുന്ന കുടിയേറ്റക്കാരെ സഹായിക്കുന്ന വ്യക്തികളെയും സംഘടനകളെയും കൂടി ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പരിശ്രമങ്ങൾ ആധ്യാത്മികവും ശാരീരികവുമായ കാരുണ്യ പ്രവൃത്തികളാണ്. അവയുടെ അടിസ്ഥാനത്തിലായിരിക്കും നമ്മുടെ ജീവിതാന്ത്യത്തിൽ നാം വിധിക്കപ്പെടുന്നത്.

നമ്മുടെ മനസ്സാക്ഷിയെ ശല്യപ്പെടുത്തുന്ന പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന ജേർണലിസ്റ്റുകളെയും ഫോട്ടോഗ്രാഫർമാരെയും കുറിച്ച് ഞാൻ ചിന്തിക്കുന്നു. മനുഷ്യാവകാശങ്ങളെ-പ്രത്യേകിച്ച് വംശപരവും മതപരവുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെയും, ദേശീയ ജനങ്ങളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ഏറ്റവും അധികം ദ്രോഹിക്കപ്പെടാവുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെയും അവകാശങ്ങളെയും രക്ഷിക്കാൻ വേണ്ടി സ്വയം സമർപ്പിക്കുന്ന എല്ലാവരെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. അവരിൽ ധാരാളം വൈദികരും മിഷണറിമാരുമുണ്ട്. അവർ നല്ല ഇടയന്മാരെപ്പോലെ തങ്ങളുടെ അജഗണങ്ങളുടെ പക്ഷത്തു നിലകൊള്ളുകയും അവരെ പിന്താങ്ങുകയും ചെയ്യുന്നു. അപകടത്തെയും ക്ലേശത്തെയും - പ്രത്യേകിച്ച് സായുധ സംഘട്ടനങ്ങളിലുണ്ടാകുന്നവയെ - വകവയ്ക്കാതെ അവർ അപ്രകാരം ചെയ്യുന്നു.

തൊഴിൽപരവും സാമൂഹികവുമായ പ്രയാസങ്ങൾക്കിടയിലും തങ്ങളുടെ കുട്ടികൾക്ക് ഐക്യദാർഢ്യത്തിന്റയും കരുണയുടെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളിൽ "പ്രതിസംസ്കാര" വിദ്യാഭ്യാസം നൽകാൻ എത്രയോ കുടുംബങ്ങൾ വലിയ ക്ലേശങ്ങൾ സഹിക്കുന്നു! അഭയാർത്ഥികൾ കുടിയേറ്റക്കാർ എന്നിവരെപ്പോലെ ആവശ്യത്തിൽപ്പെട്ടവർക്കുവേണ്ടി എത്രയോ കുടുംബങ്ങൾ ഹൃദയങ്ങളും വീടുകളും തുറന്നു കൊടുത്തിട്ടുണ്ട്. അഭയാർത്ഥിക്കുടുംബത്തെ സ്വാഗതം ചെയ്യാനുള്ള എന്റെ അഭ്യർത്ഥന സന്മനസ്സോടെ സ്വീകരിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സന്ന്യാസസമൂഹങ്ങൾക്കും സന്യാസാശ്രമങ്ങൾക്കും ആരാധനാലയങ്ങൾക്കും പ്രത്യേകമായി നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

അവസാനമായി ഐക്യദാർഢ്യത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നതിൽ, തങ്ങളുടെ നഗരങ്ങളിലോ രാജ്യങ്ങളിലോ ലോകത്തിന്റെ മറ്റ് ഏതെങ്കിലും ഭാഗത്തോ ആവശ്യത്തിൽപെട്ട അയൽക്കാരെ ഉദാരതയോടെ സഹായിക്കുന്നതിൽ, സഹകരിക്കുന്ന യുവജനത്തെ പ്രത്യേകമായി ഇവിടെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിക്കപ്പോഴും ആരുടെയും ശ്രദ്ധയിൽപെടാതിരിക്കുന്ന അത്തരം പരിശ്രമങ്ങളിൽ മുഴുകിയിരിക്കുന്ന എല്ലാവർക്കും ഞാൻ നന്ദി പറയുകയും അവരെ ഞാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നീതിക്കു വേണ്ടിയുള്ള അവരുടെ വിശപ്പും ദാഹവും തൃപ്തി കണ്ടെത്തും. അവരുടെ കാരുണ്യം അവരെ കാരുണ്യം കണ്ടെത്തുന്നതിലേക്കു നയിക്കും. സമാധാനം സൃഷ്ടിക്കുന്നവരെന്ന നിലയിൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും (cf മത്താ: 5: 6-9).



**കാരുണ്യത്തിന്റെ ജൂബിലിയുടെ അടയാളത്തിലുള്ള സമാധാനം.**

**8.** കാരുണ്യത്തിന്റെ ജൂബിലിയുടെ ചൈതന്യത്തിൽ നമ്മുടെ ജീവിതത്തിൽ എങ്ങനെ നിസ്സംഗത പ്രകടമാകുന്നുവെന്ന് തിരിച്ചറിയാനും നമുക്കു ചുറ്റുമുള്ള ലോകത്തെ വളർത്തുന്നതിനും വസ്തു നിഷ്ഠമായി അദ്ധ്വാനിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പരിശ്രമം കുടുംബങ്ങളിലും അയൽക്കാരിലും തൊഴിൽ സ്ഥലത്തും തുടങ്ങണം.

അതുപോലെ ഏറ്റവും ദുർബ്ബലരായ വ്യക്തികളോട് സവിശേഷവും സുധീരവുമായ താല്പര്യം കാണിക്കാൻ സിവിൽ സമൂഹത്തിന് കടമയുണ്ട്. ജയിൽ വാസികൾ, കുടിയേറ്റക്കാർ, തൊഴിൽ രഹിതർ, രോഗികൾ മുതലായവർ ഏറ്റവും ദുർബ്ബല വിഭാഗത്തിൽ പെടുന്നു.

ജയിൽ വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്താൻ പല കാര്യങ്ങളിലും വേഗം തന്നെ പ്രായോഗിക പരിശ്രമം നടത്തണം. പ്രത്യേകിച്ച്, വിചാരണ കാത്തു കഴിയുമ്പോൾ തടവിലാക്കപ്പെട്ടവരുടെ കാര്യത്തിൽ പ്രായോഗിക പരിശ്രമമുണ്ടാകണം. പീനൽ ശിക്ഷകൾക്ക് പുനരധിവാസമെന്ന ലക്ഷ്യം ഉണ്ടെന്ന് ഒർമ്മിക്കണം. ജയിൽ വാസമല്ലാതെ മറ്റു ശിക്ഷകൾ നല്കാനുള്ള സാധ്യതയെപ്പറ്റി ദേശീയ നിയമങ്ങൾ പരിഗണിക്കണം. ഈ സാഹചര്യത്തിൽ, ഇന്നും മരണശിക്ഷ നിലനിൽക്കുന്നിടത്ത് അത് ഇല്ലാതാക്കാനും മാപ്പു കൊടുക്കാനുമുള്ള സാധ്യാതയെക്കുറിച്ച് ചിന്തിക്കാനും ഭരണാധികാരികളോട് ഒരിക്കൽ കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

കുടിയേറ്റക്കാരെ സംബന്ധിച്ചിടത്തോളം കുടിയേറ്റത്തെ സംബന്ധിച്ച നിയമങ്ങൾ പുനഃപരിശോധിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. അങ്ങനെ പരസ്പരാവകാശങ്ങളും പരസ്പര ഉത്തരവാദിത്വവും ആദരിക്കപ്പെട്ടുകൊണ്ടുതന്നെ കുടിയേറ്റക്കാരെ സ്വാഗതം ചെയ്യാനും അവരുടെ ഉദ്ഗ്രഥനം എളുപ്പമുള്ളതാക്കാനുമുള്ള സന്നദ്ധത പ്രതിഫലിപ്പിക്കാൻ അതിനു കഴിയും. നിയമപരമായ താമസത്തിനുള്ള വ്യവസ്ഥകളെ പ്രത്യേകം പരിഗണിക്കണം. എന്തെന്നാൽ നിഗൂഢമായിട്ടുള്ള താമസം കുറ്റകരമായ പെരുമാറ്റത്തിലേക്കു നയിക്കും.

ഈ ജൂബിലിവർഷത്തിൽ, തൊഴിലും ഭൂമിയും വാസസ്ഥലങ്ങളും ഇല്ലാത്തതുമൂലം കഷ്ടപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്കു അനുകൂലമായി പ്രവർത്തിക്കാൻ ദേശീയനേതാക്കളോട് ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കാൻ മഹത്വപൂർണമായ തൊഴിൽ സാധ്യ

തകൾ സൃഷ്ടിക്കുന്നതിനെപ്പറ്റി ഞാൻ ചിന്തിക്കുന്നു. തൊഴിലില്ലായ്മ അനേകം കുടുംബങ്ങളെയും യുവജനങ്ങളെയും ബാധിക്കുന്നുണ്ട്. അതാകട്ടെ പൊതുവേ സമൂഹത്തിൽ ഗൗരവപൂർണമായ അനന്തരഫലങ്ങൾ സൃഷ്ടിക്കുന്നു. തൊഴിലില്ലായ്മ മഹത്ത്വത്തെയും പ്രത്യാശയെയും കുറിച്ചുള്ള ജനങ്ങളുടെ ബോധത്തെ തകർക്കുന്നു. തൊഴിലില്ലാത്തവർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടിയുള്ള ക്ഷേമപരമായ ആനുകൂല്യങ്ങൾ കൊണ്ട് അത് ഭാഗികമായിട്ടേ പരിഹരിക്കുന്നുള്ളു. സ്ത്രീകൾക്കു പ്രത്യേക പരിഗണന നല്കണം. തൊഴിൽ മണ്ഡലത്തിൽ അവർ നിർഭാഗ്യവശാൽ ഇന്നും വിവേചനം അനുഭവിക്കുന്നുണ്ട്. അപകടകരമായ തൊഴിൽരംഗത്തുള്ള തൊഴിലാളികളുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു ലഭിക്കുന്ന കൂലി അവരുടെ സാമൂഹിക ദൗത്യത്തിനു ആനുപാതികമായിരിക്കുന്നില്ല.

അവസാനമായി രോഗികളുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്താൻ കാര്യക്ഷമമായ നടപടികളുണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അവർക്ക് ജീവിക്കാൻ അത്യാവശ്യമായ ചികിത്സയും മരുന്നും വീട്ടിൽ തന്നെയുള്ള ശുശ്രൂഷാസാധ്യതയുമുണ്ടായിരിക്കണം.

ദേശീയ നേതാക്കൾ മറ്റു ജനതകളുമായുള്ള ബന്ധം തങ്ങളുടെ അതിരുകൾപ്പുറത്തേക്കു വ്യാപിപ്പിച്ച് നവീകരിക്കണം. അവർ അന്താരാഷ്ട്ര ജീവിതത്തിൽ അവരുടെ ശരിയായ ഭാഗഭാഗിത്വവും, ഉൾപ്പെടലും സാധ്യമാക്കണം. രാഷ്ട്രങ്ങളുടെ കുടുംബത്തിലും സാഹോദര്യം ഉറപ്പാക്കുന്നതിനുവേണ്ടിയാണത്.

ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ട് രാഷ്ട്രനേതാക്കളോട് മൂന്നു കാര്യങ്ങൾ ചെയ്യാൻ ഞാൻ അഭ്യർത്ഥിക്കുന്നു. 1)ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാമൂഹികവുമായ പിതൃസ്വത്ത് മാത്രമല്ല; കാലക്രമേണ അവരുടെ ധാർമ്മികവും ആധ്യാത്മികവുമായ സമഗ്രത കൂടി നശിക്കുന്നതാകയാൽ സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കും അവരെ നയിക്കുന്നതിൽ നിന്നു പിന്മാറുക. 2) കൂടുതൽ ദാരിദ്ര്യമുള്ള രാഷ്ട്രങ്ങളുടെ അന്താരാഷ്ട്ര കടങ്ങൾ ഇളച്ചു കൊടുക്കണം. അല്ലെങ്കിൽ സുസ്ഥിരമായ രീതിയിൽ അവ കൈകാര്യം ചെയ്യണം. 3) സഹകരണത്തിന്റെ നയങ്ങൾ സ്വീകരിക്കണം. അത് ചില പ്രത്യയശാസ്ത്രങ്ങളുടെ സ്വേച്ഛാധിപത്യത്തിനു മുമ്പിൽ തല കുനിക്കുന്നതിനു പകരം തദ്ദേശീയ ജനതകളുടെ മൂല്യങ്ങളെ ആദരിക്കാൻ ഇടയാക്കും. ജനിക്കാനിരിക്കുന്നു കുട്ടികൾക്ക് ജീവിക്കാനുള്ള മൗലികവും അന്യവത്കരിക്കാനാവാത്തതുമായ അവകാശത്തിന് അത് ഒരിക്കലും അപകടകരമായിത്തീരുകയില്ല.

പുതുവത്സരാശംസകളോടെ ഈ വിചിന്തനം ഞാൻ നമ്മുടെ അമ്മയായ കന്യകാ മറിയത്തിന്റെ മദ്ധ്യസ്ഥതയ്ക്കു സമർപ്പിക്കുന്നു. അവൾ



നമ്മുടെ മാനുഷിക കുടുംബത്തിന്റെ ആവശ്യങ്ങൾ സാധിച്ചു തരുന്നതിൽ താത്പര്യമുള്ളവളാണല്ലോ. നമ്മുടെ പ്രാർത്ഥനയ്ക്ക് ഫലപ്രാപ്തിയും സഹോദരപരവും ഏകീകൃതവുമായ ഒരു ലോകമുണ്ടാക്കാൻ വേണ്ടിയുള്ള നമ്മുടെ അനുദിന പരിശ്രമങ്ങളുടെ ഫലപൂർണ്ണതയും തന്റെ പുത്രനും സമാധാന രാജാവുമായ യേശുവിൽ നിന്നു ലഭ്യമാക്കാൻ ഇടയാകട്ടെ.

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2015,

കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾദിനം, കാരുണ്യത്തിന്റെ അസാധാരണജൂബിലിയുടെ തുടക്കം.

**ഫ്രാൻസീസ് മാർപാപ്പാ**

Prot.No. 197/2015

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

### നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും സന്യാസിനീസന്യാസികൾക്കും അല്മായ വിശ്വാസികൾക്കും എഴുതുന്നത്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ആഗോളസഭയിൽ കാരുണ്യവർഷാചരണത്തിന് തുടക്കം കുറിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ തിരുനാളുകളും ആഘോഷങ്ങളും സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ നൽകുവാൻ ആഗ്രഹിക്കുകയാണ്. ആത്മീയ ഉണർവിനും വളർച്ചയ്ക്കും ദൈവജനത്തെ സഹായിക്കുന്നതിനും, അതിനുതകുന്ന ആത്മീയാന്തരീക്ഷം ഇടവകകളിലും ഭവനങ്ങളിലും ഒരുക്കുന്നതിനും വേണ്ടിയാണല്ലോ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നത്. വിശുദ്ധരോടുള്ള ആദരവ് നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ്. വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം വഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നതിനുള്ള പ്രത്യേക അവസരം കൂടിയാണ് തിരുനാളുകൾ. അതുകൊണ്ട് ഇടവക തിരുനാളുകൾ അനുയോജ്യമാംവിധം നടത്തേണ്ടതാണ്. ആത്മീയ ആഘോഷങ്ങൾക്കും തിരുക്കർമ്മങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുവേണം തിരുനാളുകൾ നടത്തുവാൻ. ഇവ മാറ്റിവച്ച് ഭൗതികതലത്തിലുള്ള ആഘോഷമായി മാത്രം തിരുനാളുകളെ തരംതാഴ്ത്തുന്ന പ്രവണതകളെ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കരുത്. ഭൗതികമായ ആഘോഷങ്ങൾ വേണ്ട എന്നല്ല, മറിച്ച് അവയ്ക്ക് പരിധി നിശ്ചയിച്ച് ആത്മീയവശ

ത്തിന് കൂടുതൽ പ്രാധാന്യം നൽകണം. അല്ലായെങ്കിൽ "നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്ക് സഹിക്കാനാവില്ല..... നിങ്ങളുടെ അമാവാസിയും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു" (ഏശ. 1:13-14) എന്ന് കർത്താവ് നമ്മെക്കുറിച്ചും പറയാനിടയാകും. ഈ ചിന്തയുടെ വെളിച്ചത്തിൽ കഴിഞ്ഞ വൈദിക സമിതിയിലും അജപാലനസമിതിയിലും ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് കൈക്കൊണ്ട ചില തീരുമാനങ്ങൾ അറിയിക്കുകയാണ്.

1. വെടിക്കെട്ട് പൂർണ്ണമായും ഒഴിവാക്കണം. വെടിക്കെട്ട് മൂലം നമ്മുടെ രൂപതയിലും മറ്റ് ചില സ്ഥലങ്ങളിലും അടുത്തകാലത്തുണ്ടായ ചില അപകടങ്ങളെക്കുറിച്ച് നാം അറിഞ്ഞതാണ്. ആകസ്മികമായി സംഭവിക്കുന്നവയെങ്കിലും അശ്രദ്ധയും പരിചയക്കുറവും ഇതിന് കാരണമായിട്ടുണ്ടാകാം. വെടിക്കെട്ട് മൂലം അപകടങ്ങൾ ഉണ്ടാകുന്നു എന്നത് മാത്രമല്ല വെടിക്കെട്ട് ഉപേക്ഷിക്കണം എന്നു പറയുന്നതിന് കാരണം. ഇത് പലപ്പോഴും അനാവശ്യ ധൂർത്തിനും പരിസ്ഥിതി മലിനീകരണത്തിനും സാഹചര്യം ഒരുക്കുന്നു. വീടുകളിലും പ്രദക്ഷിണവഴികളിലും മറ്റും നടത്തുന്ന വെടിക്കെട്ടിന്റെ കാര്യത്തിലും ഇത് ബാധകമാണ്. വെടിനേർച്ച നമ്മുടെ ദൈവാലയങ്ങളിൽ നടത്തുവാൻ പാടില്ല. വി. കുർബാന നടക്കുന്ന സമയത്ത് ഒരു കാരണവശാലും വെടിപടക്കങ്ങൾ അനുവദിക്കുവാൻ പാടില്ല എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.
2. വർണാഭമായ ദീപാലങ്കാരം തിരുനാളിന്റെ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്നു എന്നത് ശരിയാണ്. പക്ഷേ ഇക്കാര്യത്തിലും ലാളിത്യവും മിതവ്യയവും പാലിക്കേണ്ടതാണ്.
3. തിരുനാൾ നോട്ടീസുകൾ തിരുനാളിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിനുള്ള ഉപാധി മാത്രമാണ്. ആർഭാടത്തിന്റെ ലക്ഷണങ്ങൾ നോട്ടീസിന്റെ അച്ചടിയിലും കണ്ടു തുടങ്ങിയിരിക്കുന്നു. ലാമിനേറ്റ് ചെയ്ത നോട്ടീസുകൾ പരിസ്ഥിതിക്ക് ഇണങ്ങുന്നവയല്ല എന്നു മാത്രമല്ല അമിതവ്യയത്തിനും കാരണമാകുന്നു. പരസ്യങ്ങൾ വച്ച് നോട്ടീസ് അടിക്കുന്ന രീതിയും അഭികാമ്യമല്ല. ചെറിയ ബുക്കുപോലെ നോട്ടീസ് അടിക്കുന്ന രീതിയും പാഴ്ചെലവ് ഉണ്ടാക്കുന്നതാണ്. ആയതിനാൽ തിരുനാൾ നോട്ടീസിന്റെ കാര്യത്തിൽ ലാളിത്യം പാലിക്കണം.
4. തിരുനാളിനോടനുബന്ധിച്ച് സപ്ലിമെന്റുകൾ ഇറക്കുന്ന പതിവ് ഉപേക്ഷിക്കണമെന്ന് മുൻകാലങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ജൂബിലി തുടങ്ങിയ പ്രത്യേക അവസരങ്ങളിലല്ലാതെ സപ്ലിമെന്റുകൾ ഇറക്കേണ്ടതില്ല എന്നാണ് പൊതുവായ തീരുമാനം. പ്രത്യേക അനുവാദത്തോടുകൂടിയല്ലാതെ രൂപതാദ്ധ്യക്ഷന്റെ ഫോട്ടോ അതിൽ വയ്ക്കുവാൻ പാടില്ല. ഇത്തരം സപ്ലിമെന്റുകൾ ഇറക്കുമ്പോൾ അതിൽ പ്രിന്റ് ചെയ്തു വരുന്ന



പരസ്യങ്ങൾ സഭ്യതയുള്ളതും കത്തോലിക്കാവിശ്വാസത്തിന് അനുയോജ്യവുമായിരിക്കണം.

5. ഫ്ളക്സുകൾ, കട്ട് ഔട്ടുകൾ, ആർച്ചുകൾ എന്നിവ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം.
6. തിരുനാളുകളോടനുബന്ധിച്ച് നേർച്ചസദ്യ നടത്തുന്ന പതിവ് ഇപ്പോൾ പലയിടങ്ങളിലുമുണ്ട്. ഇത് പ്രധാന തിരുനാളിനോടനുബന്ധിച്ച് മാത്രമായി ചുരുക്കണമെന്നും ഇങ്ങനെ നടത്തുന്ന നേർച്ചസദ്യയിൽ ലാളിത്യം പുലർത്തണമെന്നും പ്രത്യേകം നിഷ്കർഷിക്കുന്നു.
7. പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഉപവിപ്രവർത്തനത്തിനായി തിരുനാൾ ചെലവിന്റെ പത്ത് ശതമാനം നൽകണമെന്ന കാര്യം ഒരിക്കൽകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. തിരുനാളിന്റെ മൊത്തം വരുമാനം വിവിധ പരിപാടികൾക്കായി ചെലവഴിക്കുമ്പോൾ ഇക്കാര്യം അനുവർത്തിക്കണം.
8. തിരുനാൾ ഏറ്റെടുത്ത് നടത്തുന്ന പ്രസുദേന്തിമാർ തിരുനാളിന്റെ ചെലവിനുള്ള തുക പള്ളിയിൽ ഏല്പിക്കേണ്ടതാണ്. പള്ളിയിൽനിന്നാണ് തിരുനാൾ നടത്തേണ്ടത്.
9. തിരുക്കർമ്മങ്ങളിൽ മൈക്രോഫോണിന്റെയും വാദ്യോപകരണങ്ങളുടെയും ഉപയോഗം ശബ്ദമലിനീകരണം ഉണ്ടാകാത്ത വിധത്തിലായിരിക്കുവാൻ ശ്രദ്ധിക്കണം. പ്രാർത്ഥനയുടെ അന്തരീക്ഷം നഷ്ടപ്പെടുത്തുന്ന വിധത്തിൽ ഉച്ചഭാഷിണി ഉപയോഗിക്കരുത്.

രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും തിരുനാളുകൾ നടത്തുമ്പോൾ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കണം എന്ന കാര്യം അറിയിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളെയും രൂപതാ മദ്ധ്യസ്ഥയായ മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരോരുത്തരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

22-12-2015 കോതമംഗലം രൂപതാദ്ധ്യക്ഷൻ

**N.B.** ജനുവരി മാസം 10-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

**Prot.No. 2203/2015**

**2015 ആഗസ്റ്റ് 17 മുതൽ 29 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർസഭാ മെത്രാന്മാരുടെ 23-ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കുംവേണ്ടി മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ.**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2015 ആഗസ്റ്റ് 17 മുതൽ 29 വരെ നടന്ന സീറോമലബാർ സഭാ സിനഡിന്റെ രണ്ടാം സെഷനെ സംബന്ധിച്ച വിവരങ്ങൾ ഈ സർക്കുലറിലൂടെ നിങ്ങളേവരെയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പതിവുപോലെ ആദ്യ ദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡുപിതാക്കന്മാർ ആത്മീയമായി ഒരുങ്ങി. ഉച്ചകഴിഞ്ഞ് സിനഡ് ഔദ്യോഗികമായി സമ്മേളിച്ച് നിശ്ചിതവിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിലേക്കു പ്രവേശിച്ചു. 46 പിതാക്കന്മാർ സിനഡിൽ സംബന്ധിച്ചു.

**മണ്ഡ്യാ രൂപതയുടെ അതിർത്തി വികസനവും പുതിയ മെത്രാനും**

സിനഡിലെ ഏറ്റവും സന്തോഷകരവും സുപ്രധാനവുമായ ഒരു സംഭവം മണ്ഡ്യാ രൂപതയുടെ പുതിയ മെത്രാന്റെ നിയമനവും പ്രഖ്യാപനവുമായിരുന്നു. ബാംഗ്ലൂർ ലത്തീൻ അതിരൂപതയുടെ ഭൂപ്രദേശംകൂടി ഉൾപ്പെടുത്തി മണ്ഡ്യാ രൂപതയുടെ അതിർത്തി വികസിപ്പിക്കയും രൂപതയുടെ രണ്ടാമത്തെ ഇടയനായി അഭിവന്ദ്യ ആന്റണി കരിയിൽ (സി.എം.ഐ.) പിതാവ് നിയമിതനാവുകയും ചെയ്തു. പുതിയ ഇടയന്റെ മെത്രാഭിഷേകം ഒക്ടോബർ 18-ന് മണ്ഡ്യാരൂപതയുടെ കത്തീഡ്രൽ പള്ളിയങ്കണത്തിൽ നടക്കുകയുണ്ടായി. ബാംഗ്ലൂരിലെ ആറു ഡിസ്ട്രിക്റ്റുകളിലായി കഴിയുന്ന പതിനായിരക്കണക്കിന് സീറോമലബാർ വിശ്വാസികൾക്ക് മാതൃസഭയുടെ അധികാരത്തിൻകീഴിൽ അജപാലനശുശ്രൂഷ ലഭിക്കാനുള്ള സാഹചര്യം പുതിയ ക്രമീകരണത്തിലൂടെ സംജാതമായിരിക്കുന്നു.

**പ്രേഷിതമുന്നേറ്റവും അജപാലകരും**

പ്രേഷിതപ്രവർത്തനത്തിനും അജപാലനശുശ്രൂഷയ്ക്കുമായി കൂടുതൽ പ്രദേശങ്ങൾ സീറോമലബാർ സഭയ്ക്ക് തുറന്നുകിട്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ, അവിടെ സേവനം ചെയ്യുന്നതിന് നല്ല തീക്ഷ്ണതയും പ്രേഷിതചൈതന്യവുമുള്ള വൈദികരെ സഭയ്ക്കാവശ്യമുണ്ട്. വൈദികാർത്ഥികൾക്ക് അത്തരത്തിലുള്ള പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. പരിശീലനകാലഘട്ടത്തിൽത്തന്നെ മിഷൻ അനുഭവം ലഭിക്കാനും മിഷൻ സെമിനാരികളിൽ പരിശീലനം നേടാനും അവസരമൊരുക്കണമെന്ന് സിനഡ് നിർദ്ദേശിച്ചു. മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും മിഷൻരൂപതകൾക്കുവേണ്ടി കേരളത്തിലെ രൂപതകളിൽനിന്ന് കൂടുതൽ ദൈവവിളികൾ കണ്ടെത്താൻ പരിശ്രമിക്കണമെന്നും സിനഡ് നിർദ്ദേശിച്ചു.



സാംഗ്ലീ, രാജ്കോട്ട്, സാഗർ, ബിജ്നോർ, ബെൽത്തങ്ങാടി തുടങ്ങിയ സീറോ മലബാർ മിഷൻ കേന്ദ്രങ്ങൾ ഞാൻ സന്ദർശിക്കുകയുണ്ടായി. നമ്മുടെ മിഷൻ രൂപതകളിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ വളർച്ചയും പരസ്പരം പങ്കുവയ്ക്കുന്നതിന് സഹായകരമായ ഒരു പ്രസിദ്ധീകരണം, മെത്രാന്മാർ മിഷൻരൂപതകൾ സന്ദർശിക്കുന്നത്, മിഷൻ അനുഭവം ലഭിക്കുന്നതിന് വടക്കേ ഇന്ത്യയിൽവച്ച് വൈദികർക്ക് തുടർപരിശീലനം നൽകുന്നത്, പ്രാദേശികമായി ചില മിഷൻകേന്ദ്രങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളും സിനഡ് ചർച്ച ചെയ്തു. ചുരുക്കത്തിൽ, സീറോമലബാർ സഭയുടെ മിഷൻ മേഖലയെ സംബന്ധിച്ച് ഏറെ താല്പര്യത്തോടെയും ക്രിയാത്മകമായും സിനഡ് പരിചിന്തിക്കുകയുണ്ടായി.

**സാമൂഹിക പ്രവർത്തനങ്ങൾ**

വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും മറ്റു സ്ഥാപനങ്ങളും ചെയ്യുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങൾ അതിവിപുലമാണ്. ഇവയെക്കുറിച്ച് വളരെ പരിമിതമായ അറിവേ പൊതുസമൂഹത്തിനുള്ളൂ. നമ്മുടെ സഭയിൽ വിവിധ തലങ്ങളിൽ നടക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും അറിയിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തിനു രൂപം കൊടുക്കാൻ സിനഡു തീരുമാനിച്ചു.

**കരുണയുടെ വിശുദ്ധ വത്സരം**

ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വിശുദ്ധ വത്സരത്തിന്റെ ആചരണം സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. പതിവിൽനിന്ന് വ്യത്യസ്തമായ രീതിയിലായിരിക്കണം കരുണയുടെ വിശുദ്ധ വത്സരം ആചരിക്കേണ്ടതെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. സത്യവും നീതിയും നിഷേധിക്കാതെതന്നെ നമുക്കൊരു കരുണയുടെ മുഖമുണ്ടായിരിക്കണം. നമ്മുടെ വ്യക്തിജീവിതത്തിലും അജപാലന സമീപനത്തിലും കരുണയുടെ വത്സരാചരണം പ്രതിഫലിക്കണം. വ്യക്തിബന്ധങ്ങളും ആളുകളോടുള്ള ഇടപെടലുകളും ആദരവോടെയും സ്നേഹത്തോടെയുമായിരിക്കണം.

**മാരകരോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്നത്**

മാരകരോഗം ബാധിച്ച് മരണം പ്രതീക്ഷിച്ചു കഴിയുന്നവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി അവർക്ക് ആശ്വാസം പകരുവാൻ രൂപത

കൾ കൂടുതൽ ശ്രദ്ധ കാണിക്കണമെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. അങ്ങനെയുള്ള സേവനകേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കരുണയുടെ വർഷത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും പിതാക്കന്മാർ പങ്കുവയ്ക്കുകയുണ്ടായി. അനുരഞ്ജന കൂദാശയുടെ സ്വീകരണം, സഭാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നീതിപൂർവ്വമായ വേതനം, സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിത ശതമാനം ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടു. കരുണയുടെ വർഷാചരണത്തിനുള്ള ഒരു പ്രവർത്തന പദ്ധതി സിനഡ് അംഗീകരിക്കുകയുണ്ടായി.

**ചില സഭാസംഭവങ്ങൾ**

1. **സമർപ്പിതവർഷാചരണ സമാപനം**: 2016 ഫെബ്രുവരി 2-ന് സമർപ്പിത വർഷാചരണം സമാപിക്കുകയാണല്ലോ. സമാപനാഘോഷം ഓരോ രൂപതയിലും യഥോചിതം നടത്തിയാൽ മതിയെന്നും സഭയ്ക്ക് പൊതുവായൊരു ആഘോഷം വേണ്ടെന്നുമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്.

**2. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി**

സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തിയതിന്റെ രജതജൂബിലിയാണ് 2016-ൽ. ഈ സംഭവം സമുചിതമായി ആഘോഷിക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും സിനഡ് പിതാക്കന്മാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**3. റോമിൽ സീറോമലബാർ സഭയ്ക്കൊരു കേന്ദ്രം (Procura)**

സഭാപരമായ കാര്യങ്ങളിൽ ആവശ്യാനുസരണം വത്തിക്കാൻ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഭാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു സഹായകരമായ ഒരു ഭവനം സീറോമലബാർ സഭയുടേതായി റോമിൽ ഉണ്ടാകണമെന്നുള്ളത് ഏറെക്കാലമായുള്ള സഭയുടെ ആഗ്രഹമായിരുന്നു. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു എന്നുള്ളത് ഏറെ സന്തോഷത്തോടെ എല്ലാവരെയും അറിയിക്കുന്നു. ഇപ്പോൾ ഈ ഭവനത്തിന്റെ ചുമതല വഹിക്കുന്നത് മോൺ. സ്റ്റീഫൻ ചിറപ്പണത്താണ്. റോമിലും ഇറ്റലിയിലെ വിവിധ സ്ഥലങ്ങളിലുമായി ചിതറിക്കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട് എന്ന കാര്യവും എല്ലാവരെയും അറിയിക്കുന്നു.

**4. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

അടുത്ത മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി (നാലാമത്തേത്) 2016 ആഗസ്റ്റ് 26 മുതൽ 28 വരെ തീയതികളിൽ നടത്തുവാൻ സിനഡ് നിശ്ചയിച്ചിരിക്കുകയാണ്. 475-ഓളം പേർ പങ്കെടുക്കുന്ന അസംബ്ലിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ പരിഗണിച്ച് ഇരിങ്ങാലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയാ എൻജിനീയറിംഗ് കോളേജിൽ വച്ചായിരിക്കും അസംബ്ലി നടത്തുന്നത്. അസംബ്ലിയുടെ മുഖ്യചർച്ചാവിഷയം. "ഇന്നത്തെ വെല്ലുവിളികൾക്ക് സഭയുടെ പ്രതികരണം" എന്നതാണ്. കുടുംബം, ലാളിത്യം, പ്രവാസികൾ എന്നിവയെ സംബന്ധിച്ചും അസംബ്ലിയിൽ ചർച്ച ഉണ്ടാകും. അസംബ്ലിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് അസംബ്ലി കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്.



**പ്രവാസികളുടെ അജപാലനം**

**1. അപ്പസ്തോലിക്ക് വിസിറ്ററിന്റെ പ്രവർത്തനങ്ങൾ**

ഇന്ത്യയിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികളുടെ അജപാലനപരമായ അവസ്ഥയെക്കുറിച്ചും അവർക്കു നൽകേണ്ട ശുശ്രൂഷയെക്കുറിച്ചും പഠിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അപ്പസ്തോലിക് വിസിറ്റർ മാർ റാഫേൽ തട്ടിൽ പിതാവ് വളരെ ശ്ലാഘനീയമായ രീതിയിൽത്തന്നെ തന്റെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഏറെയുണ്ടെങ്കിലും ഇതിനോടകം ഏറെക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികളുടെ അജപാലനാവശ്യങ്ങളെല്ലാം സാദ്ധ്യമാക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**2. കമ്മീഷന്റെ പ്രവർത്തനങ്ങൾ**

വിവിധരാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ കാര്യത്തിൽ സിനഡ് ഏറെ ജാഗ്രത പുലർത്തുന്നതോടൊപ്പം പരിമിതികളുടെ നടുവിൽ പരമാവധി ചെയ്യുവാൻ ശ്രമിക്കുന്നുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലെ പ്രവാസികളുടെ കാര്യത്തിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിലെ ലാങ്കാസ്റ്റർ രൂപതയിൽ രണ്ടു വ്യക്തിഗത ഇടവകകൾ നമുക്കു അനുവദിച്ചിട്ടുണ്ട്. ഒരു പള്ളിയും നമുക്കു ലഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ബുദ്ധിമുട്ടുകൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതിനുള്ള പരിശ്രമങ്ങൾ തുടരുന്നു.

**ആരാധനാക്രമ വിഷയങ്ങൾ**

1. മെത്രാന്റെ സാന്നിധ്യത്തിലുള്ള സമൂഹബലിയിൽ വൈദികരിലൊരാൾ കാർമ്മികനാകുമ്പോൾ പാലിക്കേണ്ട ക്രമവും, ദൈവാലയകൂദാശാ കർമ്മം സംബന്ധിച്ച് ചില പൊതുനിർദ്ദേശങ്ങളും സിനഡ് ചർച്ച ചെയ്ത് നിശ്ചയിക്കുകയുണ്ടായി.

2. പൗരസ്ത്യസുറിയാനി ആരാധനക്രമത്തിലെ മൂന്നാമത്തെ അനാഫൊറയായ നെസ്തോറിയസിന്റെ അനാഫൊറയുടെ മലയാളടെക്സ്റ്റ് സിനഡ് ചർച്ചചെയ്ത് അംഗീകരിച്ചു. ടെക്സ്റ്റിന്റെ ഭാഷാപരിശോധനയ്ക്കായി ഒരു

പ്രത്യേക കമ്മിറ്റിയെ ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സിനഡ് ഔദ്യോഗികമായി അംഗീകരിച്ച്, റോമിൽനിന്നുള്ള അംഗീകാരവും ലഭിച്ചതിനുശേഷം നമ്മുടെ സഭയിൽ ഉപയോഗത്തിനായി ടെക്സ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ചില അറിയിപ്പുകളും പൊതുവിവരങ്ങളും**

**1. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരു പാഠപുസ്തകം**

ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിന് സഹായകരമായ ഒരു മതബോധന പാഠപുസ്തകം മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറായി വരുന്നു. ജനുവരിയിലെ സിനഡിന്റെ അവസരത്തിൽ ഇതു പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നു കരുതുന്നു.

**2. ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥം**

സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം എന്ന പേരിൽ ഒരു വിശ്വാസപ്രബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. സിനഡിന്റെ താല്പര്യപ്രകാരം ലിറ്റർജി കമ്മീഷനും മതബോധനകമ്മീഷനും സംയുക്തമായിട്ടാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും സഭയോടു ചേർന്നുള്ള ജീവിതത്തിലും കുട്ടികൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ച് വിശ്വാസജീവിതം നയിക്കാൻ സഹായകമായ ഈ ഗ്രന്ഥം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. തുരുത്തേലച്ചന് വൈദികരത്ന ബഹുമതി**

മാതൃകാവൈദികനും തീക്ഷ്ണമതിയും MSTസമൂഹാംഗവുമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന് അദ്ദേഹത്തിന്റെ ദീർഘകാലത്തെ വിശിഷ്ടമായ സഭാസേവനങ്ങൾ പരിഗണിച്ച് 'വൈദികരത്നം' എന്ന ബഹുമതി നൽകി ആദരിക്കാൻ സിനഡ് തീരുമാനിച്ചു.

**4.ഡോ. സിസ്റ്റർ മേരി ലിറ്റി LSDPയ്ക്ക് LRC അവാർഡ്**

പാവപ്പെട്ടവരും ഏറ്റവും താഴേക്കിടയിലുള്ള നിസ്സഹായരുമായവർക്കുവേണ്ടി കരുണാർദ്രമായ സ്നേഹശുശ്രൂഷ നിർവ്വഹിക്കുന്ന ദൈവപരിപാലനയുടെ എളിയ സഹോദരികൾ (LSDP) എന്ന സമർപ്പിത സമൂഹത്തിന്റെ സ്ഥാപക, ബഹുമാനപ്പെട്ട മദർ മേരി ലിറ്റിക്ക് സിനഡ് ഏർപ്പെടുത്തിയിരിക്കുന്ന LRC അവാർഡ് നൽകി ആദരിച്ചു.

**5. സീറോമലബാർ സഭാ ആന്തം രചനാ വിജയികൾക്ക് സമ്മാനം**

സീറോമലബാർ സഭയ്ക്ക് ഒരു ആന്തം (Anthem) രചിക്കുന്നതിനു LRC നടത്തിയ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**6. കുരിശുകളുടെ ശേഖരം**

വിവിധ തരത്തിലുള്ള കുരിശുകളുടെ ശേഖരം മൗണ്ട് സെന്റ് തോമസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. സന്ദർശകർക്ക് കാണുന്നതിന് കുരിശുകളുടെ ഈ മ്യൂസിയം ഭാഗം ഔദ്യോഗികമായി തുറന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ ബഹുമാനപ്പെട്ട ആലുങ്കൽ ജോർജച്ചനാണ് കുരിശുകളുടെ വൻശേഖരം സംഭാവന ചെയ്തത്.



**7. ബഹു. തെള്ളിയിൽ എമ്മാനുവേലച്ചൻ CMI യുടെ മരണം**

സീറോമലബാർ സഭയുടെ ആരാധനക്രമ പരിഷ്ക്കരണത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ തെള്ളിയിൽ ബഹു. എമ്മാനുവേലച്ചന്റെ മരണത്തിൽ സിനഡ് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തെള്ളിയിലച്ചൻ ഒരു സുറിയാനി നിഘണ്ടു പ്രസിദ്ധീകരിക്കുകയും ആരാധനക്രമത്തിന്റെ സുറിയാനി ഉറവിടങ്ങൾ ആധുനിക തലമുറയ്ക്ക് പരിചയപ്പെടുത്തുകയും അതുവഴി ആരാധനക്രമ പുനരുദ്ധാരണത്തിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനി മല്പാൻ എന്ന പേരിന് അദ്ദേഹം തികച്ചും യോഗ്യനാണ്. തെള്ളിയിലച്ചന്റെ സഭാസേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

**8. 'ജീസസ് യൂത്ത്'**

ജീസസ് യൂത്ത് എന്ന യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സഭാതലത്തിൽ ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. മാതൃസഭയോടുള്ള ബന്ധത്തിൽ അടിയുറച്ചും സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും പ്രവർത്തിക്കുന്നതിനു സഹായകമായ പരിശീലനം ജീസസ് യൂത്ത് അംഗങ്ങൾക്കു ലഭിക്കേണ്ടതിന്റെ ആവശ്യകത സിനഡ് വ്യക്തമാക്കി. ഈ പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികത സ്വന്തം സ്വയാധികാരസഭയുടേതാണ്. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**9. ധ്യാനകേന്ദ്രങ്ങൾക്ക് മാർഗരേഖ**

സീറോമലബാർ സഭയിലെ ധ്യാനകേന്ദ്രങ്ങൾക്കായി ഒരു മാർഗരേഖയ്ക്ക് അന്തിമരൂപം കൊടുക്കാൻ സിനഡിനു സാധിച്ചു. പ്രത്യേകം നിയോഗിക്കപ്പെട്ട ഒരു കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി സിനഡ് അംഗീരിക്കുകയും ചെയ്തു. ഇതിലെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ധ്യാനകേന്ദ്രങ്ങൾ പ്രവർത്തിക്കാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മാർഗരേഖ താമസിയാതെ ലഭ്യമാക്കുന്നതാണ്.

**10. വൈദികാർത്ഥികളുടെ രൂപീകരണം**

വൈദികാർത്ഥികളുടെ രൂപീകരണം സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. ഉത്തമരായ വൈദികരെ രൂപപ്പെടുത്തുന്ന സെമിനാരി

പരിശീലനത്തിന്റെ വിവിധ വശങ്ങൾ സിനഡ് ചർച്ചചെയ്തു. സിനഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നാലു സെമിനാരികളാണുള്ളത്. വടവാതൂർ, ആലുവ, കുന്നോത്ത്, സത്നാ എന്നിവയാണ് പ്രസ്തുത സെമിനാരികൾ. മെത്രാന്മാർ അംഗങ്ങളായുള്ള കമ്മീഷനുകൾക്കാണ് ഈ സെമിനാരികളുടെ മേൽനോട്ടം. സഭ മുഴുവന്റെയും ശ്രദ്ധയും പ്രാർത്ഥനയും വൈദികാർത്ഥി കളുടെ പരിശീലന കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സീറോമലബാർ സഭയിലെ വിവിധ സെമിനാരികളിൽ മെത്രാന്മാരുടെ വിവിധ ടീമുകൾ ഔദ്യോഗിക സന്ദർശനം നടത്തുകയും സെമിനാരി പരിശീലനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സമഗ്രമായി പഠിച്ച് വിലയിരുത്തു കയും ചെയ്തു. അത് ഏറെ പ്രയോജനകരമായി. അതിന്റെ വെളിച്ചത്തിൽ ഭാവികാര്യങ്ങൾ ചെയ്യുവാനാണ് ശ്രമിക്കുന്നത്. സഭയിൽ സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ ഈ സന്ദർശനം വളരെയേറെ സ്വാഗതം ചെയ്യപ്പെട്ടു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

**11. സെമിനാരിക്കാർക്ക് പുനഃപ്രവേശനം നൽകുന്നത് സംബന്ധിച്ച്**

ഏതെങ്കിലും ഒരു സമർപ്പിത സമൂഹത്തിൽനിന്നോ രൂപതയിൽ നിന്നോ പുറത്താക്കപ്പെട്ട സെമിനാരിക്കാരെ മറ്റൊരു സമർപ്പിത സമൂഹമോ രൂപതയോ വൈദികാർത്ഥികളായി സ്വീകരിക്കുന്നത് സംബന്ധിച്ച് വത്തിക്കാ നിലെ പൗരസ്ത്യ സഭാ കാര്യാലയത്തിൽനിന്നു ലഭിച്ച കത്തിന്റെ അടിസ്ഥാ നത്തിൽ സിനഡ് ഇപ്രകാരം തീരുമാനിക്കുകയുണ്ടായി: സമർപ്പിത സമൂഹ ത്തിൽ നിന്നുള്ളവരാണെങ്കിൽ ബന്ധപ്പെട്ട സെമിനാരി റെക്ടറിൽ നിന്നും സമർപ്പിത സമൂഹാധികാരികളിൽനിന്നും, രൂപതയ്ക്കുവേണ്ടിയുള്ളവ രാണെങ്കിൽ ബന്ധപ്പെട്ട മെത്രാനിൽനിന്നും സെമിനാരി റെക്ടറിൽ നിന്നും പുനഃപ്രവേശനത്തിന് അനുകൂലമായ കത്ത് വാങ്ങിച്ചിരിക്കണം.

**12. പി.ആർ. ഓഫീസ്**

സീറോമലബാർ സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തര വാദിത്വം പുതിയൊരു ടീമിനെ ഏല്പിച്ച വിവരം എല്ലാവരെയും അറിയി ക്കുന്നു. പൂച്ചക്കാട്ട് ബഹു. ജിമ്മിയച്ചൻ കോ-ഓർഡിനേറ്റർ ആയുള്ള അഞ്ചംഗ ടീമിനെയാണ് ചുമതല ഏല്പിച്ചിരിക്കുന്നത്. ദീർഘകാലം പി. ആർ.ഒ ആയി സേവനം ചെയ്ത ബഹു. പോൾ തേലക്കാട്ടച്ചനോടുള്ള നന്ദി ഈയവസരത്തിൽ സ്നേഹപൂർവ്വം അറിയിക്കുന്നു.

**13. മേജർ സുപ്പീരിയേഴ്സുമായുള്ള സമ്മേളനം**

സിനഡിനോടനുബന്ധിച്ച് സീറോമലബാർ സഭയിലെ സമർപ്പിത സമൂ ഹങ്ങളുടെ മേജർ സൂപ്പീരിയേഴ്സും സിനഡുപിതാക്കന്മാരും സംയുക്തമായി സമ്മേളിച്ച് സഭയിൽ സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷയെ സംബന്ധിച്ച



കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമർപ്പിതസമൂഹങ്ങളുടെ വിവിധങ്ങളായ ശുശ്രൂഷകൾ സഭയ്ക്ക് വളരെ വിലപ്പെട്ടതാണ്. നമ്മുടെ സഭയിൽ സമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന വലിയ സേവനങ്ങൾ നമുക്ക് നന്ദിയോടെ ഓർക്കാം. സഭയുടെ സാമ്പത്തികാവശ്യ ങ്ങളിലും സമർപ്പിതസമൂഹങ്ങൾ നൽകുന്ന ഉദാരമായ സഹായങ്ങൾ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

മെത്രാന്മാരും വൈദികരും സമർപ്പിത സമൂഹങ്ങളും തമ്മിൽ എല്ലാ തലങ്ങളിലും കൂടുതൽ ഐക്യവും പരസ്പരധാരണയും വളർത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഊന്നിപ്പറയുകയുണ്ടായി. പ്രവാസികളായ സീറോ മലബാർ വിശ്വാസസമൂഹങ്ങളുടെയിടയിൽ സമർപ്പിതരുടെ സേവനം കൂടു തൽ ആവശ്യമായി വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. നല്ല സമർപ്പിത ദൈവവിളികൾ പരിപോഷിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പോരാ യ്മകൾ പരിഹരിച്ച് മാതൃകാപരമായി സുവിശേഷത്തിനു സാക്ഷ്യം വഹി ക്കാൻ നമുക്ക് പരിശ്രമിക്കാം.

**14. ഏകസ്ഥരായ കന്യകകൾ**

സീറോമലബാർ സഭയിലെ ഏകസ്ഥരും അവിവാഹിതരുമായി കഴിയുന്ന സ്ത്രീകളുടെ കാര്യം സിനഡ് ചർച്ച ചെയ്തു. അവരിൽ വിദ്യാസമ്പന്നരും ജോലിയുള്ളവരുമായ ചിലർ സഭയുടെ ഔദ്യോഗികാംഗീകാരത്തോടെ സമൂ ഹമായി സമർപ്പിത ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നുണ്ട്. മറ്റ് ചില ഏക സ്ഥർ വീടുകളിൽത്തന്നെ താമസിച്ചുകൊണ്ട് ഇടയ്ക്കിടെ ധ്യാനം തുടങ്ങിയ ആത്മീയകാര്യങ്ങൾക്കായി ഒരുമിച്ചുകൂടുന്ന ഒരു ജീവിതശൈലി ആഗ്രഹി ക്കുന്നു. ഏതായാലും സമർപ്പിതജീവിതം ആഗ്രഹിക്കുന്ന ഏകസ്ഥർക്കുവേ ണ്ടി കൃത്യമായ ഒരു നിയമാവലി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏകസ്ഥരുടെ കാര്യം നിയമാവലിക്കനുസൃതമായി അതാതു രൂപതാദ്ധ്യക്ഷന്മാരുടെ ചുമ തലയിൽ കൈകാര്യം ചെയ്യുന്നതാണ് ഉചിതമെന്ന് സിനഡ് അഭിപ്രായപ്പെട്ടു.

**കമ്മീഷനുകളും കമ്മറ്റികളും**

മെത്രാന്മാരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മീഷനുകളും കമ്മിറ്റി കളും വഴിയാണ് സിനഡ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിവു ള്ളതാണല്ലോ. അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളാണ് ഈ കമ്മീ ഷനുകളും കമ്മിറ്റികളും കൈകാര്യം ചെയ്യുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കമ്മീഷനുകളും കമ്മിറ്റികളും താഴെപ്പറയുന്നവയാണ്.

**കമ്മീഷനുകൾ**: ലിറ്റർജി കമ്മീഷൻ, മതബോധനകമ്മീഷൻ, വൈദികർക്കു വേണ്ടിയുള്ള കമ്മീഷൻ, സമർപ്പിതസമൂഹങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ, ദൈവവിളി കമ്മീഷൻ, സെമിനാരി കമ്മീഷൻ, യുവജന കമ്മീഷൻ, സൈദ്ധാ

ന്തിക (Doctrine) കമ്മീഷൻ, എക്യുമെനിക്കൽ കമ്മീഷൻ, അല്മായ കമ്മീഷൻ എന്നിവയാണ് കമ്മീഷനുകൾ. അല്മായ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് കത്തോലിക്കാ കോൺഗ്രസ്, മാതൃവേദി, കുടുംബപ്രേഷിതത്വം, കുടുംബകൂട്ടായ്മ മുതലായവ.

**കമ്മിറ്റികൾ**: പൊതുകാര്യ കമ്മിറ്റി (Public Affairs), ഉന്നതവിദ്യാഭ്യാസ കമ്മിറ്റി, സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി മുതലായവയാണ് വിവിധ കമ്മിറ്റികൾ.

കൂടാതെ താഴെപ്പറയുന്ന പ്രസ്ഥാനങ്ങളും സിനഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

**1. ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC)**

ആരാധനക്രമ വിഷയങ്ങളിൽ ഗവേഷണപരമായ പഠനങ്ങളും ബോധവത്ക്കരണ സെമിനാറുകളും നടത്തുക, സഭാപഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ബൗദ്ധിക പിന്തുണ നൽകുക എന്നതാണ് ആരാധനക്രമ ഗവേഷണകേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം.

## 2. ASSM (Association of Supporters of Syro- Malabar Mission)

സീറോമലബാർ മിഷൻ പ്രവർത്തനങ്ങളെ ആളും അർത്ഥവുംകൊണ്ട് പിന്തുണയ്ക്കുന്ന അസോസിയേഷനാണിത്. നമ്മുടെ മിഷൻ രൂപതകൾക്ക് മാതൃരൂപതയുടെ ഇപ്രകാരമുള്ള സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിവിനനുസരിച്ച് നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ഇന്റർനെറ്റ് മിഷൻ**

സീറോമലബാർ സഭയിലെ വിവിധ രൂപതകളെ കോർത്തിണക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളാണ് ഇന്റർനെറ്റ് മിഷൻ ചെയ്തുകൊണ്ടിരിക്കുന്നത്. സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഏകോപനവും കാര്യക്ഷമതയും ഉണ്ടാകാൻ ഇന്റർനെറ്റ് മിഷൻ ഏറെ സഹായകരമാണ്.

ആഗസ്റ്റ് 29-ാം തീയതി മധ്യാഹ്നത്തോടെ സിനഡിന്റെ 23-ാം സമ്മേളനം പര്യവസാനിച്ചു. സിനഡിന്റെ വിജത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ഡിസംബർ മാസം 1 -ാം തീയതി നൽകപ്പെട്ടത്.



Ref: 2903/K-5/KCBC/OL/DS 2.12.2015

# 2016 ജനുവരി 15 കർഷകദിനം കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജനുവരി 15 കർഷകദിനമായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും കർഷകരുടെ നൊമ്പരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയുടെ പുരോഗതിക്കായി ആത്മാർത്ഥമായി പ്രവർത്തിക്കാത്ത സർക്കാരുകൾ സംഘടിപ്പിക്കുന്ന കർഷകദിനാഘോഷ ചടങ്ങുകൾ വെറും കെട്ടുകാഴ്ചകൾ മാത്രമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ എല്ലാവർഷവും ജനുവരി 15 കർഷകദിനമായി ആചരിക്കുവാൻ കേരളസഭ ആഗ്രഹിക്കുന്നത്. മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷിക സംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യവസ്തുക്കളും, കോടിക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ഉല്പ്പാദിപ്പിക്കുകയും, കയറ്റുമതിയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്ന കർഷകരെയും, കാർഷികവൃത്തിയേയും വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുവാൻ നമ്മുടെ രാജ്യത്തെ സർക്കാരിനും ഉദ്യോഗസ്ഥർക്കും സാധിച്ചിട്ടില്ല എന്ന സത്യം ഇവിടെ അവശേഷിക്കുകയാണ്. ഇതിനൊരു മാറ്റം അനിവാര്യമാണ്.

വിളകളുടെ വിലത്തകർച്ചയും കടക്കെണിയും മൂലം കേരളത്തിലെ കർഷകർ തകർച്ച നേരിടേണ്ടിവന്ന സന്ദർഭത്തിലാണ് KCBCയുടെ നേതൃത്വത്തിൽ 2000-ാമാണ്ട് ഡിസംബർ മാസത്തിൽ ഇൻഫാം എന്ന സ്വതന്ത്രകർഷ

കപ്രസ്ഥാനം കേരളമണ്ണിൽ ഒരു ചരിത്രനിയോഗംപോലെ രൂപം കൊണ്ടത്. ജാതിരാഷ്ട്രീയ ചിന്തകൾക്കതീതമായി ആയിരക്കണക്കിന് കർഷകരാണ് ഇൻഫാം പ്രസ്ഥാനത്തിൽ അണിചേർന്നത്. ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷകർ നടത്തിയ അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾ എഴുതിത്തള്ളുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് പെൻഷൻ വർദ്ധിപ്പിക്കുക, വന്യമൃഗശല്യം തടയാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഒരു പരിധിവരെ നേടിയെടുക്കുവാൻ നമുക്കു സാധിച്ചു എന്നത് അഭിമാനാർഹമാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ കാർഷിക മേഖലയിൽ കഴിഞ്ഞ നാളുകളിൽ ഒട്ടേറെ ചലനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല നിരവധി പ്രസ്ഥാനങ്ങൾക്ക് മാതൃകയുമായി. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകനെ രക്ഷിക്കാനായി നാം ആരംഭിച്ച കർഷക ഓപ്പൺ മാർക്കറ്റുകൾ പ്രാദേശിക തലങ്ങളിൽ ഇന്ന് വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തങ്ങൾ ഒറ്റപ്പെട്ടവരാണെന്ന കർഷകരുടെ അപകർഷതാബോധം ഒരു പരിധിവരെ ദൂരീകരിക്കുവാനും, സംഘടിച്ചു മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതും ഏറ്റവും വലിയ നേട്ടമായി കരുതുന്നു.

പക്ഷേ ഇന്നും കാർഷികരംഗത്തെ പ്രശ്നങ്ങൾ അതിരൂക്ഷമായി തുടരുകയാണ്. വിവിധ കാർഷിക നാണ്യവിളകളുടെ വിലത്തകർച്ചയും കടക്കെണിയുമാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനും അഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും, വിലയിടിവിൽ റബർ സംഭരിക്കുവാനും സർക്കാരുകൾ തയ്യാറാവണം. സമാന പ്രതിസന്ധി നേരിടുന്ന ഏലമുൾപ്പെടെയുള്ള വിവിധ നാണ്യവിളകളുടെ പ്രശ്നങ്ങളിലും സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്. കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവെക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. വിളകൾക്ക് ഉൽപ്പാദനച്ചിലവിന്റെ ഇരട്ടി തുകയെങ്കിലും ലഭിക്കത്തക്കവിധത്തിൽ വിലസ്ഥിരത ഉറപ്പ് വരുത്തണം. സംസ്ഥാന സർക്കാർ പതിന്മടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്ന ഭൂനികുതി പിൻവലിക്കണം. പശ്ചിമഘട്ടത്തിലെ കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. കർഷകരുടെ ഭൂമിക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഗാഡ്ഗിൽ കസ്തൂരിരംഗൻ സമിതികളുടെയും മീനാകുമാരി കമ്മീഷന്റെയും റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ മലയോര തീരദേശ മേഖലകളിലെ ജനങ്ങളിലുടലെടുത്തിരിക്കുന്ന ആശങ്കകൾ പരിഹരിക്കപ്പെടണം. മേൽസൂചിപ്പിച്ച ആവശ്യങ്ങൾ നേടിയെടുക്കുവാൻ കർഷകർ സംഘടിച്ചേ പറ്റൂ. സംഘ



ടിത തൊഴിലാളികളും, ഉദ്യോഗസ്ഥരും അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ പ്രകടിപ്പിക്കുന്ന കൂട്ടായ്മ കർഷകർ പാഠമാക്കേണ്ടതാണ്. കഠിനാധ്വാനം ചെയ്ത് നാടിനെയും പൊതുസമൂഹത്തെയും സേവിക്കുന്ന കർഷകരുടെ നിരവധിയായ പ്രശ്നങ്ങളിൽ മാറിമാറിവരുന്ന സർക്കാരുകൾ മുഖം തിരിഞ്ഞുനിൽക്കുന്നത് നീതിനിഷേധവും കുറ്റകരമായ അനാസ്ഥയുമാണ്.

കൃഷി ചെയ്യാൻ വായ്പകളും സബ്സിഡിയും പ്രഖ്യാപിച്ച് കാർഷിക സംസ്കാരത്തിലേയ്ക്ക് ഒരു ജനവിഭാഗത്തെ മുഴുവൻ ഇറക്കിവിട്ടതിനുശേഷം പ്രതിസന്ധികളുണ്ടാകുമ്പോൾ അവരെ സഹായിക്കാൻ ധാർമ്മിക ഉത്തരവാദിത്വമുള്ള സർക്കാർ ഒളിച്ചോടുന്നത് ശരിയായ നടപടിയല്ല. ജീവനക്കാർക്കും, പെൻഷൻകാർക്കും വർഷംതോറും സാമ്പത്തിക വർദ്ധനവ് ഏർപ്പെടുത്തുന്ന ഭരണനേതൃത്വങ്ങൾ പ്രവർത്തനവൈകല്യം മൂലം സാമ്പത്തിക തകർച്ച നേരിടുന്ന സർക്കാർവക സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ബോർഡുകളുടെയും കടങ്ങളും നഷ്ടങ്ങളും എഴുതിത്തള്ളുമ്പോൾ ഇടനാട്ടിലും മലയോരങ്ങളിലുമുള്ള പാവപ്പെട്ട കർഷകരെയും, തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെയും സാധാരണക്കാരെയും നിർദ്ദയം അവഗണിക്കുന്നത് നീതിയല്ല.

ഫ്രാൻസിസ് പാപ്പയുടെ ദർശനം ഉൾക്കൊണ്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട കർഷക സമൂഹത്തിന്റെ സമഗ്ര വിമോചനത്തിന് നേതൃത്വം നൽകുവാൻ ഓരോ രൂപതയും ബഹുമാനപ്പെട്ട വൈദികരും മുന്നോട്ടുവരണം. ഇൻഫാമിന്റെ യൂണിറ്റ് നിലവിലില്ലാത്ത ഇടവകകളിൽ യൂണിറ്റുകൾ രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ നേതൃത്വം നൽകണം. കർഷക ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 15-ന് ഇടവകകൾ തോറും ഇൻഫാം പതാകകൾ ഉയർത്തുകയും കാർഷിക സെമിനാറുകൾ, പൊതുയോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും വേണം.

കർഷക ക്ഷേമം ലക്ഷ്യമാക്കി നിസ്വാർത്ഥതയോടും, ത്യാഗമനോഭാവത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹനീയ വ്യക്തിത്വങ്ങളെയും ഇൻഫാമിൽ അണിചേർന്നിട്ടുള്ള മുഴുവൻ കർഷക സഹോദരങ്ങളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ പതറാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

# രൂപതക്കച്ചേരി

*C. 1/2016* **സഭൈക്യവാരം**

2016 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നീക്കിവച്ചിരിക്കുന്ന ദിവസങ്ങളാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

*Bishop*

*C. 2/2016* **പ്രതിനിധിയോഗത്തിലേക്കുള്ള തിരഞ്ഞെടുപ്പ്**

പ്രതിനിധിയോഗത്തിലേക്കുള്ള തിരഞ്ഞെടുപ്പ് രൂപതാ നിയമസംഗ്രഹം 251-ാം നമ്പർ പ്രകാരമാണ് നടത്തേണ്ടത്. പൊതുയോഗത്തിലോ, വാർഡുമീറ്റിംഗിലോ/കുടുംബയൂണിറ്റുകളിലോ തിരഞ്ഞെടുപ്പ് നടത്താം എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും വാർഡ്/കുടുംബയൂണിറ്റിൽ ഇത് നടത്തുന്നതാണ് അഭികാമ്യം. ഇത് സംബന്ധിച്ച് നിയമസംഗ്രഹം 248, 3-ൽ "കോതമംഗലം രൂപതയിൽ പാലിക്കേണ്ടത്" എന്ന് കൂട്ടിച്ചേർത്ത ഭാഗം "കൈക്കാരന്മാരെ പൊതുയോഗം തിരഞ്ഞെടുക്കുന്നു. പ്രതിനിധിയോഗാംഗങ്ങളെ കുടുംബ/വാർഡ് സമ്മേളനങ്ങളിൽ വച്ചോ പൊതുയോഗത്തിലോ തിരഞ്ഞെടുക്കാവുന്നതാണ്" എന്ന് ഭേദഗതി ചെയ്യുന്നു.

NB. കുടുംബ/വാർഡ് സമ്മേളനങ്ങളിൽ വച്ച് പ്രതിനിധിയോഗാംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് സ്ഥലമേലദ്ധ്യക്ഷന്റെ പ്രത്യേക അനുവാദം ആവശ്യമില്ല.

*Bishop*

*C.3 /2016* **സീറോ മലബാർ പ്രേഷിതവാരം**

2016 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ സീറോ മലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. 'മിഷനെ അറിയുക, മിഷനറിയാവുക' എന്നതാണ് ഈ വർഷത്തെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. പ്രേഷിതവാരാചരണത്തിനായുള്ള കൈപ്പുസ്തകവും വാൾ പോസ്റ്ററും പ്രാർത്ഥനാകാർഡുകളും സംഭാവന ശേഖരിക്കുന്നതിനുള്ള കവറുകളും ഇടവകകളിൽ എത്തിക്കാണുമല്ലോ. സംഭാവനകൾ ജനുവരി 30-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഏവരുടെയും സഹായസഹകരണങ്ങൾക്ക് നന്ദി പറയുന്നു.

*Bishop*



*C. 4/2016* **ലോകസമാധാനദിനം**

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാനദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ, സ്ഥാപിതമാകാൻ നമുക്കു പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽനിന്ന് അകന്നു നിൽക്കുവാനും അങ്ങനെ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനുമുള്ള ഉത്തേജനം ഈ ദിനാചരണം നമുക്ക് നൽകട്ടെ.

*Bishop*

*C.5/2016* **മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 34-ാം ചരമവാർഷികം 2016 ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ചയാണ്. പരേതനായ പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

*C. 6 /2016* **Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, February 9, 2016 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

*C. 7/2016* **വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2016 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി വയ്ക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

*C. 8/2016* **ജാഗരണപ്രാർത്ഥന**

കരുണയുടെ വർഷത്തിൽ ദൈവകരുണാനുഭവത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും വി. കുമ്പസാരത്തിന്റെ രക്ഷാകരാനുഭവം ദൈവജനത്തിന് ഒരുക്കുന്നതിനുമായി മാസത്തിൽ ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിച്ച് ആരാധന നടത്തുന്നത് നന്നായിരിക്കും. നമ്മുടെ രൂപതയിലെ ചില ഇടവകകളിൽ ഇപ്പോൾത്തന്നെ ഈ ശുശ്രൂഷ വിജയകരമായി

നടന്നുവരുന്നുണ്ട്. വൈകുന്നേരം 5 മുതൽ 10 വരെയുള്ള സമയത്തോ സൗകര്യപ്രദമായ മറ്റേതെങ്കിലും സമയത്തോ കരുണക്കൊന്ത, ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, തിരിപ്രദക്ഷിണം തുടങ്ങിയ തിരുക്കർമ്മങ്ങളോടെ ഇത് ക്രമീകരിക്കാവുന്നതാണ്. ഈ സമയത്ത് കുമ്പസാരത്തിനുള്ള സൗകര്യം ഒരുക്കിയാൽ ഇടവകജനത്തിന് ഏറെ സൗകര്യമായിരിക്കും. വചനപ്രഘോഷണത്തിനും ആരാധനയ്ക്കുമായി, ആവശ്യമെങ്കിൽ എമ്മാനുവൽ മിനിസ്ട്രീസിലെ ബഹു. അച്ചന്മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

*Syncellus*

### *C. 9/2016* പ്രധാന കേന്ദ്രങ്ങളിലെ കുമ്പസാരം

കരുണയുടെ വർഷത്തിൽ അനുരഞ്ജനകൂദാശയിലൂടെ ദൈവകാരുണ്യാനുഭവം ഉണ്ടാകുന്നതിന് താഴെ പറയുന്ന പ്രധാന കേന്ദ്രങ്ങളിലും, തീർത്ഥാടനകേന്ദ്രങ്ങളിലും കുമ്പസാര ദിവസങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം ഇടവകകളിൽ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

ചൊവ്വ - തൊടുപുഴ

വെള്ളി - കത്തീഡ്രൽ, ആരക്കുഴ, മൂവാറ്റുപുഴ, മൈലക്കൊമ്പ്, വണ്ണപ്പുറം

ശനി - മുതലക്കോടം, നാകപ്പുഴ, നെടിയശാല

ഡിവൈൻ മേഴ്സി ഷ്റൈനിൽ എല്ലാ ദിവസവും കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കും.

*Syncellus*

### *C.10/2016* ദൈവകരുണാനുഭവധ്യാനം

കരുണയുടെ വർഷത്തിൽ എമ്മാനുവേൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകകളിൽ 4 ദിവസം നീണ്ടുനിൽക്കുന്ന ദൈവകരുണാനുഭവധ്യാനം ആരംഭിച്ചുകഴിഞ്ഞ വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഡിസംബർ മാസത്തിൽ കാരക്കുന്നം, മൂവാറ്റുപുഴ, തോട്ടക്കര പള്ളികളിൽ ധ്യാനം നടന്നു. വരും മാസങ്ങളിൽ ധ്യാനം നടക്കുന്ന ഇടവകകൾ

ഫെബ്രുവരി

3 – 6 - തലയനാട്
9 – 12 - മാറിക
10 – 13 - തൃക്കാരിയൂർ
12 – 15 - വടകോട്
21 – 24 - മലയിഞ്ചി
29 – മാർച്ച് 3 - നെടുങ്ങപ്ര



3 – 6 - അരിക്കുഴ
7 – 10 - പള്ളിക്കാമുറി
9 – 12 - ആലക്കോട്
10 – 13 - പൊന്നന്താനം
16 – 19 - വണ്ടമറ്റം, പെരുമണ്ണൂർ
20 – 23 - ആയവന

മറ്റിടവകകളിൽ സൗകര്യപ്രദമായ തീയതികൾ എത്രയും വേഗം അറിയിക്കുമല്ലോ.

*Syncellus*

### *C.11/2016* ദണ്ഡവിമോചനം പ്രാപിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ

കാരുണ്യവർഷത്തിൽ പ്രത്യേകമായി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻ സാധിക്കുമെന്ന് പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുള്ളതാണല്ലോ. (കാരുണ്യത്തിന്റെ മുഖം, 22) ദൈവരാജ്യം ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ ദണ്ഡവിമോചനത്തെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിച്ചിരുന്നു. പൂർണ്ണവും ഭാഗികവുമായ ദണ്ഡവിമോചനങ്ങളുണ്ടെന്ന് സഭ പഠിപ്പിക്കുന്നു. ഭാഗിക ദണ്ഡവിമോചനം ലഭിക്കുന്നതിന് ദൈവവിചാരത്തോടെയുള്ള ജീവിതവും പരോപകാരപ്രവൃത്തികളും, സന്തോഷകരവും സുഖദായകവുമായ സഹചര്യങ്ങളിൽനിന്ന് മനഃപൂർവ്വം മാറിനിൽക്കുന്നതും, വിശ്വാസത്തിന് പരസ്യമായി സാക്ഷ്യം വഹിക്കുന്നതും സഹായകമാണ് (cfr. Enchiridion Indulgentiarum).

പൂർണ്ണ ദണ്ഡവിമോചനങ്ങൾ ലഭിക്കുന്ന കർമ്മങ്ങൾ താഴെ പറയുന്നവയാണ്.

1. ഭക്തിപൂർവ്വം, അരമണിക്കൂറിൽ കുറയാത്ത സമയം വി. ഗ്രന്ഥം വായിക്കുന്നത്.
2. ദിവ്യകാരുണ്യനാഥനെ പരി. കുർബാനയിൽ അരമണിക്കൂറിൽ കുറയാത്ത സമയം ആരാധിക്കുന്നത്.
3. കുരിശിന്റെ വഴി എന്ന ഭക്തകൃത്യം അനുഷ്ഠിക്കുന്നത്.
4. ഭക്തിപൂർവ്വം ജപമാല ചൊല്ലുന്നത്.
5. സഭയുടെ കാനോന നമസ്ക്കാരങ്ങൾ ചൊല്ലുന്നത്.
6. മൂന്നുദിവസത്തിൽ കുറയാത്ത ധ്യാനങ്ങളിൽ പങ്കെടുക്കുന്നത്.

ഇവ വിശ്വാസികളുടെ ഇഷ്ടാനുസരണം ഏതു ദിവസവും നേടാവുന്ന പൂർണ്ണ ദണ്ഡവിമോചനങ്ങളാണ്. കൂടാതെ, മാർപാപ്പായുടെ ആശീർവാദം (ടി.വി, റേഡിയോ തുടങ്ങിയവയിലൂടെയും) സ്വീകരിക്കുന്നതും, മാർപാപ്പ നിർദ്ദേശിക്കുന്ന ദിവസങ്ങളും വർഷങ്ങളും കാര്യക്ഷമമായി ആചരിക്കുന്നതും പൂർണ്ണ ദണ്ഡവിമോചനം നൽകുന്നു.

**പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിന് നാലു കാര്യങ്ങൾ ആവശ്യമാണ്.**

**(i) കുമ്പസാരിച്ച് പാപമോചനം നേടണം.**

**(ii) വി. കുർബാന സ്വീകരിച്ച് ദൈവൈക്യത്തിൽ ആയിരിക്കണം.**

**(iii) നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഭക്തകൃത്യം ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കണം.**

**(iv) മാർപാപ്പായുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.**

ചുരുക്കത്തിൽ, ദണ്ഡവിമോചനങ്ങൾ സഭയുടെ വിശ്വാസസത്യത്തിന്റെ ഭാഗമാണ്. പാപത്തോടുള്ള മനുഷ്യപ്രകൃതിയുടെ ആസക്തിയെ നിർവീര്യമാക്കാൻ സഹായിക്കുന്ന ഭക്തകൃത്യങ്ങളും പരിത്യാഗപ്രവൃത്തികളും അനുഷ്ഠിക്കാൻ വിശ്വാസികളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സഭ ദണ്ഡവിമോചനങ്ങൾ നൽകുന്നത്. ദണ്ഡവിമോചനത്തിന്റെ അടിസ്ഥാനം ക്രിസ്തു സഭയെ ഭരമേല്പിച്ച വരപ്രസാദപൂർണ്ണതയാണ്. സഭ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ വിശ്വാസികൾക്ക് തന്നെ ഭരമേല്പിച്ചിരിക്കുന്ന പുണ്യഭണ്ഡാഗാരത്തിൽനിന്ന് നൽകുന്ന അനുഗ്രഹമാണ് ദണ്ഡവിമോചനങ്ങൾ. ശുദ്ധീകരണാത്മാക്കൾക്ക് സമരസഭയുടെയും വിജയസഭയുടെയും മാദ്ധ്യസ്ഥ്യം വഴിയാണ് ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നത്.

(കടപ്പാട്:വിശ്വാസവുംവ്യാഖ്യാനവും- ഫാ. ജോസഫ് പാംപ്ലാനി;
Ref. CCC 1471-1479)

*Syncellus*

*C. 12/2016* **Pastoral Visits - January**

| | |
|---|---|
| Nadukani | 17-01-2016 |
| Arakuzha | 24-01-2016 |
| Pooyamkutty | 31-01-2016 |

*Chancellor*

*C.13/2016* **വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികൾക്കുള്ള പരിശീലനം**

വി. കുർബാന നല്കാൻ സഹായിക്കുന്നതിന് വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികളായി നിയോഗിക്കപ്പെടുവാൻ യോഗ്യത നേടുന്നതിന് ബഹു. സിസ്റ്റേഴ്സിനായി രണ്ടു ദിവസത്തെ പരിശീലനപരിപാടി 2016 ജനുവരി മാസം 22, 23 (വെള്ളി, ശനി) തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്നു. വെള്ളിയാഴ്ച വൈകിട്ട് 5.30-ന് ആരംഭിച്ച് ശനിയാഴ്ച വൈകിട്ട് 4.00 മണിയോടെ അവസാനിക്കും. ജനുവരി 10-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. വി. കുർബാനയുടെ അസാധാരണ ശുശ്രൂഷിയായി രൂപതാദ്ധ്യക്ഷൻ നിയോഗിക്കണം എന്നതിനാൽ മറ്റ് രൂപതകളിൽ കോഴ്സിൽ പങ്ക് ചേർന്നവരും ഈ കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

*Chancellor*



*JS.1/2016* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ ജൂബിലി മെമ്മോറിയൽ ആയി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2015 ഡിസംബർ 19-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ്ഹൗസിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികൾക്ക് 30,000 രൂപ വീതമാണ് നല്കിയത്. ഇവരുടെ പേരുവിവരങ്ങൾ ഡിസംബർ മാസത്തിലെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 66 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാ പരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 20 പേരെ തെരഞ്ഞെടുത്തത്.

*Secretary*

*Pr.C.1/2016* **REPORT OF THE PRESBYTERAL COUNCIL HELD ON TUESDAY, DECEMBER 15, 2015**

An ordinary meeting of the Presbyteral Council was held on Tuesday 15th December 2015 at the Bishop's House. His Excellency Mar George Madathikandathil presided over the meeting. Thirty members participated. The meeting started with a prayer at 10.00 am. The Protosyncellus V. Rev. Mgr. George Oliapuram welcomed the participants. The report of the previous meeting was read out and it was passed with a slight modification. In the previous meeting the suggestion to introduce service books for sacristans had been passed unanimously, which was not included in the report. The secretary explained that the omission was not intentional.

During the discussion on the report the suggestion to amend the eparchial statute 248/3 regarding the election of representatives in the parish council from wards/family units in such a way as to give priority for election in wards, without requiring previous permission, was unanimously accepted.

In the introductory talk the president made special reference to the Jubilee Year of Mercy. Special mention was made on the pilgrim centers Arakuzha, Mailacombu, Muthalakodam, Nakapuzha, Nediasala, Vannappuram, the Divine Mercy Shrine Thodupuzha, and the Cathedral Church, where Holy doors were opened. The president informed that in these churches and also at Muvattupuzha and Thodupuzha there would be a special day every week set apart for confession.

Then the president encouraged all members to favour the cause of the poor and the needy in the Year of Mercy. For this, it was suggested to make the celebrations, especially those in connection with the parish feast, simple and less expensive. The following were the practical directions given in this regard:

1. Do away with fireworks completely.
2. Make illuminations simple.
3. Avoid advertisements in notices and discourage laminated ones.
4. Publish news paper supplements only in connection with special occasions like jubilee.
5. Discourage festive dinners in connection with parish feasts. The custom of "*nercha sadya*", avoiding extravagance, may be retained in connection with major parish feast only.

The participants accepted these directions whole-heartedly. The president assured that the same matter would be discussed in the pastoral council also.

While referring to the Charity Fund, one member expressed the difficulty in adding "Kothamangalam Diocese" to the title of the Fund. The president clarified that it was the decision taken in the Eparchial Assembly to use the same title in all the parishes. The president then congratulated all the parish priests for the whole-hearted cooperation given to the *Ashakiranam* project.

The president then called the attention of all the members to the present crisis in the management of educational institutions due to the government policy regarding the ratio in staff fixation. The Secretary of Corporate Education clarified the matter and explained that the government was about to issue an Order, which might either help the management or aggravate the present crisis.

The president then exhorted the members to encourage people to protect nature, promote family farming and reduce the cost of living, cutting short unnecessary expenses.

Following this, accounts of various institutions were presented and clarifications were made.



Rev. Fr. Michael Parusseril OFM.Cap. extended Christmas and New Year greetings to all. The meeting came to an end by 1.00 pm.

*Secretary*

## *PC.1/2016* **പാസ്റ്ററൽ കൗൺസിൽ 2015 ഡിസംബർ 19**

രൂപതാ അജപാലന സമിതിയുടെ സമ്മേളനം 2015 ഡിസംബർ മാസം 19–ാം തീയതി ശനിയാഴ്ച മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്പ്സ് ഹൗസിൽ നടന്നു. യോഗത്തിൽ 97 പേർ പങ്കെടുത്തു.

റവ. സി. നവ്യ മരിയ CMC നയിച്ച പ്രാർത്ഥനയോടെ രാവിലെ കൃത്യം 10.00 മണിക്ക് യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബഹു. മോൺ. ജോർജ് ഓലിയപ്പുറം ഏവരെയും സ്വാഗതം ചെയ്തു. റിപ്പോർട്ട് അവതരണത്തിനുശേഷം യോഗാദ്ധ്യക്ഷൻ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ഏവരും സജീവമായി പങ്കുചേർന്നു.

കാരുണ്യവർഷത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. രൂപതയിലെ തീർത്ഥാടന കേന്ദ്രങ്ങളായ ആരക്കുഴ, മൈലക്കൊമ്പ്, മുതലക്കോടം, നെടിയശാല, നാകപ്പുഴ, വണ്ണപ്പുറം എന്നിവിടങ്ങളിലും ഡിവൈൻ മേഴ്സി ഷ്റൈനിലും കത്തീഡ്രൽ ദേവാലയത്തിലും വിശുദ്ധ കവാടം തുറന്ന കാര്യവും ഈ സ്ഥലങ്ങളിലും അതുപോലെ മൂവാറ്റുപുഴ, തൊടുപുഴ എന്നീ ദൈവാലയങ്ങളിലും നിശ്ചിതദിവസം കുമ്പസാരത്തിന് അവസരമൊരുക്കിയിരിക്കുന്ന കാര്യവും അഭിവന്ദ്യ പിതാവ് ഏവരുടെയും ശ്രദ്ധയിൽ പെടുത്തി. എല്ലാ ഇടവകകളിലും ഇതുപോലെ കുമ്പസാരത്തിന് അവസരമൊരുക്കേണ്ടതുണ്ടെന്നും മാസത്തിൽ ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിക്കുന്നത് നന്നായിരിക്കുമെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു.

തിരുനാളുകളിലും ആഘോഷങ്ങളിലും ആർഭാടവും ധൂർത്തും കുറയ്ക്കണമെന്നും ലാളിത്യവും മിതവ്യയവും സാധാരണ ജീവിതത്തിലും ശീലിക്കണമെന്നും യോഗാദ്ധ്യക്ഷൻ ഏവരെയും ആഹ്വാനം ചെയ്തു. തിരുനാളുകൾക്കായി ചെലവഴിക്കുന്ന തുകയുടെ 10% ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണമെന്ന് മുമ്പ് നല്കിയിട്ടുള്ള നിർദ്ദേശം എല്ലാവരും പാലിക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. തിരുനാളുകളെ സംബന്ധിച്ച് നല്കിയ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഏവർക്കും സ്വീകാര്യമായി:

1 വെടിക്കെട്ട് പൂർണ്ണമായും ഒഴിവാക്കുക.

2 ദീപാലങ്കാരങ്ങൾ ലളിതമാക്കുക.

3 നോട്ടീസ് ലളിതമാക്കുക. പരസ്യം വച്ച് നോട്ടീസ് അടിക്കാതിരിക്കുക. ലാമിനേറ്റഡ് നോട്ടീസ് ഒഴിവാക്കുക.
4 ഫ്ളക്സുകളും ആർച്ചുകളും ഉപേക്ഷിക്കുക.
5 സപ്ലിമെന്റുകൾ ജൂബിലി തുടങ്ങിയ വിശേഷ അവസരങ്ങളിൽ മാത്ര മായി ചുരുക്കുക.
6 നേർച്ചസദ്യ പ്രധാന തിരുനാളുകളിൽ മാത്രം നടത്തുക. സദ്യയിൽ ദുർവ്യയം ഒഴിവാക്കി ലാളിത്യം പാലിക്കുക.
7 ശബ്ദമലിനീകരണം ഉണ്ടാകുന്ന രീതിയിൽ ഉച്ചഭാഷണികൾ ഉപയോ ഗിക്കാതിരിക്കുക.

ഈ നിർദ്ദേശങ്ങൾ ഒരു സർക്കുലറായി ദൈവരാജ്യത്തിൽ പ്രസിദ്ധീ കരിക്കുന്നതാണെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. ഇവ പാലിച്ചുകൊണ്ട് തിരുനാളുകളുടെ ആത്മീയമാനത്തിന് ഊന്നൽ നല്കി ആഘോഷങ്ങൾ നട ത്തുവാൻ അഭിവന്ദ്യ പിതാവ് ഏവരെയും ആഹ്വാനം ചെയ്തു.

ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തുന്ന കരോൾ പണപ്പിരിവിനു വേണ്ടി ആകരുതെന്നും കരോൾ നടത്തുന്നതിൽ ആർഭാടവും ധൂർത്തും ഒഴിവാക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ വിദ്യാഭ്യാസരംഗത്തെ ചില പ്രതിസന്ധി കളും പൈങ്കുളം ആശുപത്രിയിൽ BMS -ന്റെ നേതൃത്വത്തിൽ ചില ജോലി ക്കാർ നടത്തുന്ന സമരവും റബറിന്റെ വിലയിടിവും ആശങ്കയുണർത്തുന്ന കാര്യങ്ങളാണെന്ന് വിലയിരുത്തപ്പെട്ടു. അദ്ധ്യാപക അനുപാതം സംബന്ധിച്ച ഗവൺമെന്റ് ഓർഡർ അനുകൂലമാണെങ്കിൽ അദ്ധ്യാപക നിയമനം സംബ ന്ധിച്ച പ്രശ്നങ്ങൾക്ക് തല്ക്കാല വിരാമമാകും എന്ന് വിദ്യാഭ്യാസ സെക്ര ട്ടറി റവ. ഡോ. സ്റ്റനിസ്ലാവൂസ് കുന്നേൽ അറിയിച്ചു. അനുകൂല നിലപാടെ ടുക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കണമെന്ന് പാസ്റ്ററൽ കൗൺസിൽ അംഗ മായ ശ്രീ. ജോസഫ് വാഴയ്ക്കൻ MLA യോട് യോഗം ആവശ്യപ്പെട്ടു.

പൈങ്കുളം ആശുപത്രിയിൽ BMS തൊഴിലാളി സംഘടന നടത്തുന്ന സമരത്തിന്റെ യഥാർത്ഥ ചിത്രം SH പ്രൊവിൻഷ്യൽ റവ. സി. ത്രേസ്യാമ്മ പള്ളിക്കുന്നേൽ അവതരിപ്പിച്ചു. ഈ സമരം അന്യായമാണെന്നും ഇത്തരം നടപടികൾക്കെതിരെ ശബ്ദമുയർത്തണമെന്നും യോഗം വിലയിരുത്തി.

റബർ കർഷകർക്കായുള്ള സബ്സിഡി വിതരണത്തിലെ അപാകത കൾ പരിഹരിക്കുവാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണമെന്ന നിലപാട് ചർച്ചയ്ക്ക് വിഷയമായി. റബർ കർഷകർക്കായി ഗവൺമെന്റ് പ്രഖ്യാപിച്ച 300 കോടി രൂപയിൽ 50 കോടിയിൽ താഴെ മാത്രമേ ഇതുവ രെയും വിതരണം ചെയ്യപ്പെട്ടിട്ടുള്ളൂ. റബർ ബോർഡിന്റെ കെടുകാര്യസ്ഥ തയും ആർ.പി.എസ്. കൾക്ക് സർക്കാർ വേണ്ടത്ര സൗകര്യം ചെയ്തു കൊടു



ക്കാത്തതുമാണ് ഇതിന് ഒരു കാരണം. ഇക്കാര്യങ്ങൾ പരിഹരിച്ച് 200 രൂപ യെങ്കിലും അടിസ്ഥാന വില നിശ്ചയിച്ച് റബർ സംഭരിക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ടും, പൈങ്കുളം ആശുപത്രിയിലെ BMS -ന്റെ നടപടികളെയും അടിസ്ഥാനരഹിതമായ ആരോപണങ്ങളെയും അപലപിച്ചുകൊണ്ടും പ്രമേയം യോഗം അവതരിപ്പിച്ചു.

അജപാലന സമിതിയിലേക്ക് പുതിയതായി കടന്നുവന്ന അംഗങ്ങൾക്ക് ഹാർദ്ദമായ സ്വാഗതം ആശംസിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ വിജയികളായ അംഗങ്ങളെ യോഗം അനുമോദിച്ചു. തുടർന്ന് രൂപതയുടെയും വിവിധ സ്ഥാപനങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ച് ബന്ധപ്പെട്ടവർ യോഗാംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നല്കി. മാർ ജോർജ് പുന്നക്കോട്ടിൽ ജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പിനായി തിര ഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന 20 വിദ്യാർത്ഥി കൾക്ക് 30,000 രൂപ വീതം വിതരണം ചെയ്തു.

പെരുമണ്ണൂർ ഇടവകയിൽനിന്നുമുള്ള അനറ്റ് മരിയ വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് നന്ദി പറഞ്ഞു.

ശ്രീ. പ്രജീഷ് സി. മാത്യു ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു. ഉച്ചയ്ക്ക് 1.00 മണിയോടെ യോഗം സമാപിച്ചു.

*Secretary*

## മൈനർ സെമിനാരി

### *MS 1 /2016* **Home Day & Rector's Day**

ഈ വർഷത്തെ ഹോം ഡേ & റെക്ടേഴ്സ് ഡേ ആഘോഷങ്ങൾ നവംബർ 24-ാം തീയതി നടന്നു. രാവിലെ ആഘോഷമായ സമൂഹബലി യോടെയാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ട ത്തിൽ പിതാവ് അദ്ധ്യക്ഷത വഹിക്കുകയും സെമിനാരിക്കാരുടെ കൈയെ ഴുത്തുമാസികയായ "സാൻജോ രശ്മി"യുടെ പ്രകാശനം നിർവഹിക്കുകയും ചെയ്തു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാ ട്ടിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ആശംസകൾ നേർന്നുകൊണ്ട് പ്രൊഫ. ജെന്നി കെ. അലക്സ്, ബ്ര. അഗസ്റ്റിൻ നിരപ്പേൽ, ബ്ര. തോമസ് വെട്ടുപാറയ്ക്കൽ എന്നിവർ സംസാരിച്ചു. സാൻജോ ക്വയറിന്റെ സമൂഹഗാ നവും ബ്ര. ജെയിംസ് വാന്തിയിൽ, ബ്ര. മാത്യൂസ് മറ്റപ്പിള്ളിൽ എന്നിവരുടെ ഗാനാലാപനവും ശ്രുതിമധുരമായിരുന്നു. സെമിനാരി സ്റ്റാഫംഗങ്ങൾ നട

ത്തിയ 'യോഗ്യൻ' എന്ന ഹാസ്യനാടകം ഏവരെയും ആനന്ദിപ്പിച്ചു. അത്താഴവിരുന്നോടെ പരിപാടികൾ സമാപിച്ചു.

*MS 2 /2016* **ദൈവവിളി ക്യാമ്പ്**

2015 ഡിസംബർ 21 മുതൽ 23 വരെ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടന്നു. മോൺ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ റവ. ഫാ. ജോർജ് തെക്കേക്കര, റവ. ഫാ. ജോസഫ് എഴുമായിൽ, റവ. ഫാ. സ്കറിയ പുന്നമറ്റത്തിൽ, പ്രൊഫ. ജെന്നി അലക്സ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. മോൺ. ജോർജ് കാര്യാമഠം സമാപനസന്ദേശം നൽകി. ക്യാമ്പിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിച്ചു പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവം നന്ദി.

*MS 3 /2016* **കാരുണ്യവർഷാചരണം**

മൈനർ സെമിനാരിയിലെ കാരുണ്യവർഷാചരണത്തിന്റെ ഉദ്ഘാടനം മോൺ. ജോർജ് കാര്യാമഠം ഡിസംബർ 8-ാം തീയതി നിർവഹിച്ചു. കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി മൂവാറ്റുപുഴ സ്പെഷ്യൽ സബ്ജയിലിലെ അന്തേവാസികൾക്ക് ആവശ്യമായ ക്രിസ്മസ് കാർഡുകൾ എത്തിച്ചുകൊടുത്തു. പ്രസ്തുത ഉദ്യമത്തിൽ സഹകരിച്ച ബഹു. ജോസഫ് കല്ലറയ്ക്കലച്ചന് നന്ദിയർപ്പിക്കുന്നു. കാരുണ്യവർഷത്തിലെ ക്രിസ്തുമസ്സിനോടനുബന്ധിച്ച് അർഹരായവർക്ക് ക്രിസ്മസ് കിറ്റുകളും സെമിനാരി വിദ്യാർത്ഥികൾ വിതരണം ചെയ്തു.

*MS 4 /2016* **ക്രിസ്മസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്മസ് ആഘോഷം ഡിസംബർ 19-ാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. 35 വർഷങ്ങളായി സുഡാനിൽ മിഷനറിയായി സേവനം ചെയ്യുന്ന റവ. ഫാ. ജെയിംസ് പുളിക്കൽ SDB-യുടെ അനുഭവങ്ങൾ പങ്കുവച്ചത് ഏറെ പ്രചോദനാത്മകമായിരുന്നു.

*MS 4 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Unichamma Thomas, Amanthuruthiyil, Mailacombu | ₹ | 5000 |
| 2 | Jose Nedungatt, Vazhakulam | ₹ | 25000 |
| 3 | George V. Nelloor, Anicad | ₹ | 15000 |
| 4 | Rose Thomas, Karithadathil, Karimannoor | ₹ | 6000 |
| 5 | SH Provincial House | ₹ | 25000 |
| 6 | CML Malayinchi | ₹ | 1500 |
| 7 | Joy Madaeckal, Muvattupuzha | ₹ | 4000 |
| 8 | Bobby Parathattel, Marika | ₹ | 5000 |
| 9 | Rev. Fr. Paul Kodamullil | ₹ | 100000 |



| | | | |
|---|---|---|---|
| 10 | George Kelakom, Chalassery | ₹ | 10000 |
| 11 | E.P. Mathachan, Inchackal, Nellimattom | ₹ | 12500 |

*Rector*

## വിജ്ഞാനഭവൻ

*V. 1/2016* **വിശ്വാസോത്സവം ഏപ്രിൽ 4-7, രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 9**

വിശ്വാസോത്സവം 2016 ഏപ്രിൽ മാസം 4 മുതൽ 7 വരെ തീയതികളിലായിരിക്കും. രണ്ടാം സെമസ്റ്റർ പരീക്ഷ ഒമ്പതാം തിയതിയും ആയിരിക്കും. തീയതികളിലെ മാറ്റം ശ്രദ്ധിക്കുമല്ലോ.

*V. 2/2016* **അനുമോദനങ്ങൾ**

2015 നവംബർ 28, 29 തീയതികളിലായി P.O.C. -യിൽ വച്ച് നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ നമ്മുടെ രൂപതയിൽ നിന്നും താഴെ പറയുന്നവർ സമ്മാനാർഹരായി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

| | |
|---|---|
| **C വിഭാഗം - സി. കൃപാമരിയ SH, മൂവാറ്റുപുഴ ഈസ്റ്റ്** | **- First** |
| **F വിഭാഗം - ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ, പന്നിമറ്റം** | **- First** |
| **A വിഭാഗം - ഡിയോ മോബി മൂർക്കാട്ടിൽ, ഞാറക്കാട്** | **- Fourth** |
| **C വിഭാഗം - അമൃത അനൂപ് വലിയപുത്തൻപുര, കാളിയാർ** | **- Fourth** |
| **സമർപ്പിതരുടെ ലോഗോസ് ക്വിസിൽ സി. കൃപാമരിയ SH** | **- Second** |

*V. 3/2016* **നന്ദി**

അഞ്ച് ഞായറാഴ്ചകളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന അദ്ധ്യാപക സെമിനാറിൽ 1400-ാളം പേർ പങ്കെടുത്തു. അദ്ധ്യാപകരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും, കൊച്ചച്ചന്മാർക്കും, HM -മാർക്കും ക്ലാസ്സുകളിൽ വന്ന അദ്ധ്യാപകർക്കും നന്ദി. ക്ലാസ്സുകൾ നയിച്ച റോബിൾ മാത്യു സാറിന് പ്രത്യേകം നന്ദി.

*V. 4/2016* **PTA സെമിനാർ**

രൂപതയിലെ എല്ലാ സൺഡേസ്കൂളുകളിലെയും PTA പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കായി നെസ്റ്റിൽ വച്ച് ഒരു സെമിനാർ നടത്തുന്നുണ്ട്. ഇതിൽ രണ്ടു പേരും പങ്കെടുക്കണം. ആർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ മറ്റ് PTA മെമ്പേഴ്സിനെ പറഞ്ഞു വിടാവുന്നതാണ്. വരുന്നവരുടെ എണ്ണം ജനുവരി 5-ന് മുമ്പ് അറിയിക്കേണ്ടതാണ്. അല്ലാത്തവർ പങ്കെടുക്കുവാൻ പാടില്ല.

തീയതി : **2016 ജനുവരി 10 ഞായർ**

സമയം : **9.30– 3.30**

**രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. താത്പര്യമുള്ള മറ്റ് മെമ്പേഴ്സിനും പങ്കെടുക്കാവുന്നതാണ്.**

*V. 5/2016* **Resource Person Training**

അടുത്ത അദ്ധ്യയന വർഷം മുതൽ ഇടവകകളിൽ ക്ലാസ്സുകൾ എടുക്കുന്നതിന് റിസോഴ്സ് പേഴ്സൺ ആകാനുള്ള ട്രെയിനിംഗിന് താല്പര്യമുള്ള സിസ്റ്റേഴ്സ്, അദ്ധ്യപകർ എന്നിവർ വികാരിയച്ചന്റെ റെക്കമെന്റേഷൻ ലെറ്ററോടുകൂടി ജനുവരി 15–ന് മുമ്പ് പേര് നൽകണം. അഡ്രസ്സ്, ഫോൺ നമ്പർ, ഇടവക എന്നിവ രേഖപ്പെടുത്തിയിരിക്കണം. തീയതി പിന്നീട് അറിയിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും.

*V. 6/2016* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം രൂപതാവിജയികൾ**

**സിസ്റ്റേഴ്സ്**

1 സി. ജോൺസി സി.എം.സി., മാലിപ്പാറ

2 സി. വിമല ജോൺ സി.എം.സി., കോഴിപ്പിള്ളി

3 സി. ആൻസി ആലങ്കോട്ടിൽ എസ്.എച്ച്., ഞാറക്കാട്

**അല്മായർ**

1 റോസമ്മ ജോർജ് തയ്യിൽ, കല്ലാനിക്കൽ

2 സോണിയ രഞ്ജി കൊട്ടിശ്ശേരിക്കുടിയിൽ, മാതിരപ്പിള്ളി

3 ഓമന പോൾ പൊട്ടയ്ക്കൽ, അംബികാപുരം

ലിറ്റി കിഷോർ പുളിയ്ക്കക്കുന്നേൽ, മുട്ടത്തുപാറ

*V. 7/2016* **വിശ്വാസപരിശീലന രംഗത്ത് – 40, 35, 10 വർഷം പൂർത്തിയാക്കുന്നവർ**

**40** സി. വിമലാൻസ് SH, മുതലക്കോടം

**35** സി. അൽഫോൻസ SABS, കുണിഞ്ഞി

**10** ജോസ് തൊട്ടിപ്പറന്നോളിൽ, ആരക്കുഴ

ഡെയ്സി ആന്റണി കവുന്നക്കാട്ടിൽ, കുണിഞ്ഞി

ഗ്രേസി ജോസ് തുറക്കൽ, ചാലാശ്ശേരി

മഞ്ജു ജോസ് ചേർക്കോട്ട്, മുടവൂർ

*V. 8/2016* **സമ്മാനദാനം**

2015–ലെ ലോഗോസ് ക്വിസിൽ A മുതൽ F വരെ വിഭാഗങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ, കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, അംഗസംഖ്യാനുപാതത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, കോൺഗ്രിഗേഷൻ, ഓരോ വിഭാഗത്തിലെയും സമ്മാനാർഹരായ വിശ്വാസപരിശീലകർ, വിശ്വാസപരിശീലനരംഗത്ത് 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, ടീച്ചേഴ്സ് ക്വിസ് വിജയികൾ, 4, 7, 10, 12 ക്ലാസ്സുകളിലെ കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ് വിജയികൾ, ഈ വർഷത്തെ അദ്ധ്യാപകർക്കുള്ള ലേഖന മത്സരവിജയികൾ, കുട്ടികൾക്കുള്ള കവിതാമത്സരവിജയികൾ, മികച്ച ഡയറി എന്നിവയ്ക്കുള്ള സമ്മാനങ്ങൾ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് 2016 ജനുവരി 26–ാം തീയതി ഉച്ചകഴിഞ്ഞ് 3.00–ന് അഭിവന്ദ്യപിതാവ് നൽകുന്നു. അർഹരായവർ തദവസരത്തിൽ എത്തിച്ചേരേണ്ടതാണ്.

**NB. സമ്മാനാർഹരായവരെ HM ഇക്കാര്യങ്ങൾ അറിയിക്കുമല്ലോ.**



*V. 9/2016* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2–ാം സെമസ്റ്റർ**

ഫെബ്രുവരി 13 ശനി

Contact Class II - Std. XI, XII

സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ

സമയം : 9.30 a.m. – 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 10/2016* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**Std. IV**

Std IV - 70%

| | | |
|---|---|---|
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| **Std. VII** | | |
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| **Std. X** | | |
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 11/2016* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസിന്റെ ഇടവകകളിലേക്കുള്ള സമ്മാനങ്ങൾ ജനുവരി 20 മുതൽ വിതരണം ചെയ്യുന്നതാണ്. **ഓഫീസിൽ വിളിച്ച് അന്വേഷിച്ചതിനു ശേഷം വരേണ്ടതാണ്.**

*V. 12/2016* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn. 1 /2016* **പുതുവത്സരാശംസകൾ**

ദൈവാനുഗ്രഹത്തിന്റെ ഒരു പുതിയ വർഷത്തിന് നാം തുടക്കം കുറിക്കുന്നു. "കാരുണ്യത്തിന്റെ വർഷം" "Year of Mercy" (2015 ഡിസംബർ 8- 2016 നവംബർ 20) എന്നാണ് ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ വിശേഷിപ്പിക്കുന്നതും. കരുണയോടെ പെരുമാറാൻ – കരുതലോടെ കാര്യങ്ങൾ ചെയ്യാൻ – കൃത്യതയോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ – കാര്യഗൗരവത്തോടെ കുട്ടികളുടെ ഭാവിക്കായി അധ്വാനിക്കാൻ – കൂട്ടുത്തരവാദിത്വത്തോടെ സഹപ്രവർത്തകരോടൊപ്പമായിരിക്കാൻ – കോർപ്പറേറ്റിന്റെ നിർദ്ദേശങ്ങളോട് ജാഗ്രതയോടെ സഹകരിക്കാൻ – രൂപതയിലെ സ്കൂളുകളുടെ നല്ല നടത്തിപ്പിനായി ഒരുമയോടെ നിലകൊള്ളാൻ – നമുക്ക് ദൈവകൃപ യാചിക്കാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

*Edn. 2 /2016* **സ്കൂൾ റിപ്പോർട്ടു സമർപ്പണം**

2015–2016 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാൻ ഉള്ള



ഫോറം വെബ് സൈറ്റിൽ നിന്ന് എടുത്ത് യഥാവിധി പൂരിപ്പിച്ച് 2016 ജനുവരി 31–ാം തീയതിക്കകം ഈ ഓഫീസിൽ കിട്ടത്തക്കവണ്ണം എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. താമസിച്ചു കിട്ടുന്ന റിപ്പോർട്ട് പരിഗണിക്കുന്നതല്ല.

*Edn. 3/2016* **Fitness Application**

2016 –2017 സ്കൂൾ വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷകൾ തരാത്തവർ എത്രയും വേഗം പൂരിപ്പിച്ച് 2016 ജനുവരി 15–ാം തീയതിക്കകം ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. പ്രഥമാദ്ധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതല്ല.

2015–2016 Maintenance grant–ന്റെ കണക്കും വൗച്ചേഴ്സും അതാത് AEO/DEO ഓഫീസുകളിൽ ഏല്പിക്കുവാൻ എല്ലാ ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. (Rs. 3500/- നു മുകളിലുള്ള കണക്കുകൾ (C.A.) Audit ചെയ്യേണ്ടതാണ്.)

*Edn. 4/2016* **Catechism/Moral Science Competitive Examination 2015-2016**

2015– 2016 വർഷത്തെ Catechism/Moral Science മത്സരപരീക്ഷ 2016 ജനുവരി 23–ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ 12 വരെ മുൻനിശ്ചയപ്രകാരം നടത്തുന്നതാണ്. (ഡിസംബർ മാസത്തിലെ ദൈവരാജ്യം കാണുക).

*Edn. 5 /2016* **St. George HSS –ന് മികച്ച വിജയം**

2015 നവംബർ മാസത്തിൽ നടന്ന കോതമംഗലം ഉപജില്ലാ കായികമേളയിൽ കോതമംഗലം സെന്റ് ജോർജ് HSS ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

2015 നവംബർ മാസത്തിൽ നടന്ന ഉപജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കന്ററി വിഭാഗത്തിലും ഓവറോൾ സെക്കന്റ് സെന്റ് ജോർജ് HSS കരസ്ഥമാക്കി. കൂടാതെ എറണാകുളം റവന്യൂജില്ലാ പ്രവർത്തിപരിചയ മേളയിൽ HS വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിജയികൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ലോകബഹിരാകാശ വാരാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ (VSSC) ആഭിമുഖ്യത്തിൽ നടത്തിയ പരിപാടികളിൽ കോതമംഗലം സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂൾ എറണാകുളം റവന്യൂ ജില്ലയിലെ ബെസ്റ്റ് സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു. സയൻസ് റാലി, ബോധവത്ക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ സ്പേസ് ക്യാമ്പ്, മത്സരങ്ങൾ എന്നിവയ്ക്ക് കുട്ടികൾ ISRO -യുടെ മെറിറ്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

എറണാകുളം റവന്യൂജില്ലയിലെ ബെസ്റ്റ് സയൻസ് കോ-ഓർഡിനേ

റ്ററായി സെന്റ് ജോർജ് സ്കൂളിലെ ഹൈസ്കൂൾ അദ്ധ്യാപിക സി. ഡാന്റി ജോസഫ് എസ്.എച്ച്. തെരഞ്ഞെടുക്കപ്പെട്ടു.

*Edn. 6 /2016* **അനദ്ധ്യാപകസെമിനാർ**

നമ്മുടെ കോർപ്പറേറ്റിലെ അനദ്ധ്യാപക തസ്തികയിലുള്ള എല്ലാ വർക്കുമായി ഒരു സെമിനാർ 2016 ജനുവരി 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് NESTT-ൽ നടത്തുന്നു. ബന്ധപ്പെട്ട എല്ലാ അനദ്ധ്യാപകരും പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.

*Secretary*

## തിരുബാലസഖ്യം

*HC 1 /2016* **ആനിമേറ്റേഴ്സ് സംഗമം**

നമ്മുടെ രൂപതയിലെ തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമം ജനുവരി 16-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 -ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും ഈ സംഗമത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 1/2016* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ജനുവരി 16 ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ജോ. ഡയറക്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചിരിക്കുന്നു. എല്ലാ ശാഖാ ജോ. ഡയറക്ടേഴ്സും ഈ മീറ്റിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ

*CML 2/2016* **ഭീമഹർജി സമർപ്പണവും തെരുവുനാടകവും**

ഗർഭച്ഛിദ്ര നിയമത്തിനെതിരെ നാം നടത്തിയ ഒപ്പു ശേഖരണം വളരെ മികച്ച രീതിയിൽ നടന്നു. അരലക്ഷത്തിലധികം ഒപ്പുകൾ ഇതുവരെ ശേഖരിക്കാനായി. ഈ യജ്ഞത്തിൽ സഹകരിച്ചതിന് നന്ദി.

ഇതുവരെ ശേഖരിച്ച ഒപ്പുകൾ ഒരു ഭീമഹർജിയോടുകൂടി രാഷ്ട്രപതിക്ക് അയ്ക്കുവാൻ ആഗ്രഹിക്കുകയാണ്. ഇതോടൊപ്പം തന്നെ MTP ആക്ടിനെതിരേയും, ഗർഭച്ഛിദ്രത്തിനെതിരേയുമുള്ള ഒരു തെരുവു നാടകവും രൂപതാ സമിതി ഒരുക്കിയിട്ടുണ്ട്.



ജനുവരി 2-ാം തീയതി വൈകിട്ട് 3.00 മണിക്ക് മൂവാറ്റുപുഴയിൽ തെരുവു നാടകവും പൊതുസമ്മേളനവും നടത്തുവാനും തുടർന്ന് കോതമംഗലത്തേക്ക് ഒരു ബൈക്ക് റാലി നടത്തുവാനും ഉദ്ദേശിക്കുന്നു. കോതമംഗലം നഗരത്തിൽ തെരുവുനാടകത്തിന്റെ അവതരണവും ഭീമഹർജിയുടെ സമർപ്പണവും നടത്തുന്നു. ഈ പരിപാടിയിലേക്കും ബൈക്ക് റാലിക്കുമായി ശാഖാ പ്രതിനിധികളെ പറഞ്ഞയക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 3/2016* **ദൈവവിളി: രാത്രി ആരാധന**

ദൈവവിളി പ്രോത്സാഹനത്തിനു വേണ്ടി ജനുവരി 8, വെള്ളിയാഴ്ച്ച വൈകിട്ട് 6.30 മുതൽ ജനുവരി 9 രാവിലെ 6.00 മണിവരെ ആരാധന സംഘടിപ്പിക്കുന്നു. കോതമംഗലം കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കുന്ന ഈ ആരാധനയിൽ ശാഖാ ഭാരവാഹികളും ജോ. ഡയറക്ടർമാരും പങ്കെടുക്കേണ്ടതാണ്.

*CML 4/2016* **നവ വൈദികരെ ആദരിക്കൽ**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ നവ വൈദികരെ ജനുവരി 16 -ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആദരിക്കുന്നു.

*CML 5/2016* **ജപമാലസൈന്യ സംഗമം**

നമ്മുടെ രൂപതയിലെ ജപമാല സൈന്യത്തിലെ അംഗങ്ങളുടെ ഒരു സംഗമം മൂവാറ്റുപുഴ നെസ്റ്റിൽ ജനുവരി 16-ന് നടത്തുന്നു. ഒരു ജപമാലസൈന്യം ഗ്രൂപ്പിന് (7 പേർ) 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**കാര്യപരിപാടി**

09.30 – രജിസ്ട്രേഷൻ (നിർമ്മലമാത പള്ളി)
10.00 – ജപമാല പ്രദക്ഷിണം (നെസ്റ്റിലേക്ക്)
11.00 – വി. കുർബാന (നവ വൈദികർ)
12.00 – നവവൈദികർക്കൊപ്പം
12.30 – ഉച്ചഭക്ഷണം
01.30 – ജപമാല അനുഭവങ്ങൾ

*CML 6/2016* **മിഷൻ ഡയറി**

മിഷൻ ഡയറി രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 31 ആയി നിശ്ചയിച്ചിരിക്കുന്നു. ഡയറി തയ്യാറാക്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

- മിഷൻ ഡയറി തയ്യാറാക്കേണ്ടത് A4 സൈസ് പേജുകൾ ഉള്ള ബുക്കിലാണ്.
- 200 പേജിൽ കവിയാൻ പാടില്ല.

- മിഷൻ ലീഗിന്റ അടിസ്ഥാന വിവരങ്ങൾ, പ്രധാന സംഭവങ്ങൾ, ഭാരതത്തിലെ മിഷൻ രൂപതകളുടെ വിവരങ്ങൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.
- ചിത്രങ്ങൾ ഒട്ടിച്ച് ചേർക്കാവുന്നതാണ്.
- വിവരണങ്ങൾ എഴുതി ചേർക്കുക

*CML 7/2016* **ചെറുസൂനം ക്വിസ്**

ഈ വർഷത്തെ ചെറുസൂനം ക്വിസ് 2016 ഫെബ്രുവരി 14 ഞായറാഴ്ച വേദപാഠത്തിനുശേഷം എല്ലാ ശാഖകളിലും നടത്തുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ശാഖയ്ക്ക് പ്രത്യേകം ട്രോഫി നൽകുന്നതാണ്.

*CML 8/2016* **ജയിലിൽ ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 18-ാം തീയതി വെള്ളിയാഴ്ച മൂവാറ്റുപുഴ സബ്ജയിലിൽ ക്രിസ്തുമസ് ആഘോഷം നടത്തി. അഭിവന്ദ്യ പിതാവ് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കലാപരിപാടികൾ നടത്തപ്പെട്ടു.

*CML 9/2016* **കേന്ദ്ര ഓഫീസ് പുനരുദ്ധാരണ ഫണ്ട്**

| | | | |
|---|---|---|---|
| 1 | Alakode | - | 5000 |
| 2 | Anchiri | - | 5000 |
| 3 | Anicadu | - | 15000 |
| 4 | Arakkuzha | - | 7500 |
| 5 | Arikuzha | - | 10000 |
| 6 | Bethlehem | - | 2500 |
| 7 | Chalassery | - | 3725 |
| 8 | Cheenikkuzhy | - | 1500 |
| 9 | Cheppukulam | - | 2000 |
| 10 | Chilavu | - | 7500 |
| 11 | Enanalloor | - | 5000 |
| 12 | Ezhalloor | - | 6000 |
| 13 | Inchathotty | - | 1750 |
| 14 | Inchoor | - | 5000 |
| 15 | Kadalikadu | - | 10000 |
| 16 | Kadavoor | - | 1000 |
| 17 | Kaliyar | - | 10000 |
| 18 | Kallanickal | - | 10000 |
| 19 | Kalloorkad | - | 26500 |
| 20 | Kaloor | - | 6000 |
| 21 | Kalvarigiri (Kulappuram) | - | 3000 |
| 22 | Karakkunnam | - | 10000 |
| 23 | Karimannoor | - | 20000 |
| 24 | Kavakkad | - | 1000 |
| 25 | Keerampara | - | 5000 |
| 26 | Kodikkulam | - | 3000 |
| 27 | Koduveli | - | 2000 |
| 28 | Kolady | - | 4000 |
| 29 | Kothamangalam | - | 50000 |
| 30 | Kuninji | - | 5000 |
| 31 | Kuruppampadi | - | 15000 |
| 32 | Kuttampuzha | - | 2500 |
| 33 | Mailacombu | - | 20000 |
| 34 | Malayinchi | - | 2000 |
| 35 | Malippara | - | 5000 |



| | | | |
|---|---|---|---|
| 36 | Manikandamchal | - | 500 |
| 37 | Marady | - | 5000 |
| 38 | Marika | - | 20000 |
| 39 | Mathirappally | - | 5000 |
| 40 | Meenkunnam | - | 2000 |
| 41 | Mullaringadu | - | 4000 |
| 42 | Mundanmudy | - | 5000 |
| 43 | Muthalakkodam | - | 25000 |
| 44 | Muvattupuzha Holy Magi | - | 27500 |
| 45 | Muvattupuzha Nirmala Matha | | 8000 |
| 46 | Nadukani | - | 3500 |
| 47 | Nadukkara | - | 6668 |
| 48 | Nakappuzha | - | 15000 |
| 49 | Nediasala | - | 5000 |
| 50 | Neendapara | - | 1500 |
| 51 | Nellikkuzhy | - | 5000 |
| 52 | Nellimattom | - | 10000 |
| 53 | Neriamangalam | | 5000 |
| 54 | Neyyassery | - | 2000 |
| 55 | Njarakkad | - | 1500 |
| 56 | Oonnukal | - | 5000 |
| 57 | Paingottoor | - | 15000 |
| 58 | Pallikkamury | - | 7000 |
| 59 | Parappuzha | - | 5000 |
| 60 | Pareekkanni | - | 5000 |
| 61 | Pazhampillichal | - | 1000 |
| 62 | Peringazha | - | 10000 |
| 63 | Perumannoor | - | 5000 |
| 64 | Perumballoor | - | 2500 |
| 65 | Perumpallichira | - | 1000 |
| 66 | Ponnamthanam | - | 5000 |
| 67 | Pooyamkutty | - | 2500 |
| 68 | Pothanikkad | - | 12000 |
| 69 | Puliyanpara | - | 6000 |
| 70 | Purappuzha | - | 2030 |
| 71 | Randar | - | 10000 |
| 72 | Thalayanad | - | 3000 |
| 73 | Thazhuvamkunnu | - | 3000 |
| 74 | Thennathoor | - | 2000 |
| 75 | Thodupuzha | - | 15000 |
| 76 | Thodupuzha East | - | 10000 |
| 77 | Thommankuthu | - | 5000 |
| 78 | Thottakkara | - | 3000 |
| 79 | Udumbannoor | - | 8000 |
| 80 | Urulamthanni | - | 2500 |
| 81 | Vadakodu | - | 3000 |
| 82 | Vadattupara | - | 5000 |
| 83 | Vandamattam | - | 2500 |
| 84 | Vannappuram | - | 10000 |
| 85 | Vazhakkala | - | 2402 |
| 86 | Vazhakulam | - | 50000 |
| 87 | Velielchal | - | 10000 |
| 88 | Vettampara | - | 5000 |
| 89 | St Joseph's Minor Seminary | - | 10000 |

*CML 10/2016* **സംസ്ഥാന കലാമത്സര വിജയികൾ**

**ജൂണിയർ, സംഗീതം**

| | | |
|---|---|---|
| ആകാശ് പി. ജെൻസൺ, വാഴക്കുളം | II | A |
| ആൻ മരിയ മാത്യു, ഏനാനല്ലൂർ | | B |
| ഐറിൻ ജേക്കബ്, ഈസ്റ്റ് വാഴപ്പിള്ളി | | B |

**സബ് ജൂണിയർ, സംഗീതം**

| | | |
|---|---|---|
| ആൽഫ്രഡ് ജിജി, മൈലക്കൊമ്പ് | III | A |

അന്റോണിയോ സജി, കുറുപ്പുംപടി A
ഹിൽഡ റോസ് വിൻസ്, മൂവാറ്റുപുഴ B
ജ്യോതിസ് മരിയ സജി, കുട്ടമ്പുഴ A

**ജൂണിയർ, പ്രസംഗം**

അർവിൻ പ്രസാലു, മുതലക്കോടം A
ജോമോൻ ജോളി, കുട്ടമ്പുഴ B
അലീന ജോർജ്, കളിക്കാട് B
റാണി അമൂല്യ ഡാൽബി, നെടിയകാട് A

**സബ് ജൂണിയർ, പ്രസംഗം**

അന്ന മരിയ ബിജു, കോതമംഗലം A
ഇസബല്ല ജോളി, കൊടുവേലി A
ആനന്ദ് റിറ്റി ജോജൻ, തൊടുപുഴ ഈസ്റ്റ് A
മൈക്കിൾ ജോബി, കോതമംഗലം A

**ജൂണിയർ വിഭാഗം മിഷൻ ക്വിസ്**

ജോർജ് ജോസഫ്, മുതലക്കോടം B
ജോമി ജോൺസൺ, മുട്ടത്തുപാറ A
എലിസബത്ത് ബെന്നി, ഏനാനല്ലൂർ B
എൽസീന തോമസ്, ആലക്കോട് B

**സീനിയർ വിഭാഗം സംഗീതം**

തോമസ് റോയി, വെളിയേൽച്ചാൽ B
റ്റോമിൻ പി. ജോൺ, മുതലക്കോടം I A
മെറിൻ തോമസ്, പെരുമണ്ണൂർ A
സാന്ദ്ര സണ്ണി, രാജഗിരി A

**സൂപ്പർ സീനിയർ സംഗീതം**

ഡാനിയൽ വർഗീസ്, തൊടുപുഴ B
ലിബിൻ സ്കറിയ, കാളിയാർ I A
റ്റാനിയ അഗസ്റ്റിൻ, മുതലക്കോടം B
ജോസ്‌ലിൻ ജോസഫ്, പന്നിമറ്റം B

**സീനിയർ വിഭാഗം പ്രസംഗം**

ബ്രിട്ടോ വി. ജെയ്സൺ, കോതമംഗലം II A
അലൻ ജോർജ്, പെരുമ്പല്ലൂർ A
റെക്സിമോൾ മാത്യു, കലയന്താനി I A
കനക് മത്യു, മുതലക്കോടം A

**സൂപ്പർ സീനിയർ പ്രസംഗം**

ആന്റണി സിറിയക്, മൂവാറ്റുപുഴ B
ബെൻസ് കെ.ബി., മുതലക്കോടം B
ജോസ്‌ലിൻ ജോസഫ്, പന്നിമറ്റം I A
റ്റാനിയ അഗസ്റ്റിൻ, മുതലക്കോടം B



**സീനിയർ മിഷൻ ക്വിസ്**

കെവിൻ ജോയി, പൈങ്ങോട്ടൂർ A
മനു എമ്മാനുവേൽ, പെരിങ്ങഴ A
ജിയ ബ്രിജിറ്റ് ജെയ്സൺ, ആനിക്കാട് II A
താരാ സാബു, രാജഗിരി A

**സൂപ്പർ സീനിയർ മിഷൻ ക്വിസ്**

ജോയ്സ് തോമസ്, മുതലക്കോടം A
മാത്യൂസ് ജോസഫ്, മുതലക്കോടം A
നീനു സാജു, മുതലക്കോടം A
രേഷ്മ മൈക്കിൾ, നെടുങ്ങപ്ര B

**സൂപ്പർ ജൂണിയർ ബൈബിൾ വായന**

ആഗ്നസ് മരിയ ജോയി, മുട്ടത്തുപാറ A
റാണി മരിയ ജോസ്, ആരക്കുഴ A
ആനന്ദ് റിറ്റി ജോജൻ, തൊടുപുഴ ഈസ്റ്റ് I A
നവീൻ സിനോയി, പോത്താനിക്കാട് B

*Director*

## കെ.സി.എസ്.എൽ.

*KCSL 1/2016* **ശാഖാ റിപ്പോർട്ടുകൾ**

ശാഖാ റിപ്പോർട്ടുകൾ എത്രയും വേഗം രൂപതാ ഓഫീസിലെത്തിക്കേണ്ടതാണ്. UP, HS, HSS വിഭാഗങ്ങൾ തിരിച്ചാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. നിശ്ചിതഫോറത്തിലല്ലാത്ത റിപ്പോർട്ടുകൾ ഏറ്റവും നല്ല യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് പരിഗണിക്കുന്നതല്ല.

*KCSL 2/2016* **സംസ്ഥാനകലോത്സവം**

കെ. സി. എസ്. എൽ. സംസ്ഥാന കലോത്സവം **ജനുവരി 9-ാം** തീയതി ശനിയാഴ്ച ഇരിങ്ങാലക്കുടയിൽ വച്ച് നടത്തപ്പെടുകയാണ്. രൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയവർ സംസ്ഥാന കലോത്സവത്തിനായി ഒരുങ്ങുമല്ലോ. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ അസൗകര്യമുള്ളവർ ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്.

*KCSL 3/2016* **സംസ്ഥാന സാഹിത്യമത്സര വിജയികൾ**

**UP**

**Short Story Writing**

Aleena Joy, SAHSS, Kothamangalam II

**Essay Writing**

Simi Siby, SJGHSS, Arakuzha II

**KCSL Quiz**

Alen Sebastian & Alok Sebastian,
St. Xavier's Public School Pothanikad II

**HS**

**Evuprasiamma Quiz**

Aneeta Shajan & Ajin M. Mathew, SJHSS Paingottoor III

**Chitharachana**

Richu Winson, Jai Rani EMHSS, Thodupuzha II

**Bible Vakyam**

Divya Mathew & Ashitha Jose, SAGHSS, Kothamangalam I

**KCSL Quiz**

Divya Mathew & Nimmy Lal, SAGHSS Kothamangalam III

**General Quiz**

Alan Jose Baby & Don Savio George, SJHSS Paingottoor III

**HSS**

**Kavitha Rachana**

Aiswarya Babu, SGHSS, Muthalakodam II

**General Quiz**

Paul Xavi & Eby Shajan, SGHSS, Kothamangalam 1

*KCSL 4/2016* **ഉപന്യാസമത്സരവിജയികൾ**

കെ. സി. എസ്. എൽ. ആനിമേറ്റേഴ്സിനായി സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ വിജയികളായവർ:

1. ആൻസലെറ്റ് സി. എം. സി. – സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്. എസ്. കോതമംഗലം
2. ശ്രീമതി സിമി ജേക്കബ് – സെന്റ് സേവ്യേഴ്സ് പബ്ളിക് സ്കൂൾ, പോത്താനിക്കാട്.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 1/2016* **DFC ഓഫീസ്**

രൂപത DFC ഓഫീസിന്റെ പ്രവർത്തനം വിജ്ഞാനഭവൻ കെട്ടിടത്തിൽ ആരംഭിച്ചു. ദീപിക ഡയറക്ടർ ബോർഡ് മെമ്പറും രൂപതാ വികാരി ജനറാളുമായ മോൺ. ജോർജ് ഓലിയപ്പുറം ഡിസംബർ 5–ന് വെഞ്ചരിപ്പ് നടത്തി.



*DFC 2/2016* **ഫൊറോന ഡയറക്ടേഴ്സ്**

| | | |
|---|---|---|
| 1 | ആരക്കുഴ | റവ. ഫാ. ഫ്രാൻസിസ് കീരംപാറ |
| | | റവ. ഫാ. മാത്യു കിഴക്കേടത്ത് |
| 2 | കാളിയാർ | റവ. ഫാ. മാത്യു അത്തിക്കൽ |
| | | റവ. ഫാ. തോമസ് കണ്ണംകുളം |
| 3 | കരിമണ്ണൂർ | റവ. ഫാ. ജോസ് കൂനാനിക്കൽ |
| | | റവ. ഫാ. വർക്കി മണ്ഡപത്തിൽ |
| 4 | കോതമംഗലം | റവ. ഫാ. ജോർജി പള്ളിക്കുന്നേൽ |
| | | റവ. ഫാ. മാത്യു ചാമക്കാലായിൽ |
| 5 | മൈലക്കൊമ്പ് | റവ. ഫാ. ഫ്രാൻസിസ് ആലപ്പാട്ട് |
| | | റവ. ഫാ. ജോസഫ് കൊച്ചുപറമ്പിൽ |
| 6 | മാറിക | റവ. ഫാ. ജെയിംസ് വരാരപ്പിള്ളിൽ |
| | | റവ. ഫാ. മാത്യൂസ് നന്ദളത്ത് |
| 7 | മുതലക്കോടം | റവ. ഫാ. ജോസഫ് അടപ്പൂർ |
| | | റവ. ഫാ. ജോസഫ് മക്കോളിൽ |
| 8 | മൂവാറ്റുപുഴ | റവ. ഫാ. ജോൺ പിച്ചാപ്പിള്ളിൽ |
| | | റവ. ഫാ. പോൾ അവരാപ്പാട്ട് |
| 9 | ഊന്നുകൽ | റവ. ഫാ. ജോസഫ് കോയ്ക്കക്കുടി |
| | | റവ. ഫാ. ജോസ് കിഴക്കേൽ |
| 10 | പൈങ്ങോട്ടൂർ | റവ. ഫാ. ജോർജ് വടക്കേൽ |
| | | റവ. ഫാ. ആന്റണി പുത്തൻകുളം |
| 11 | തൊടുപുഴ | റവ. ഫാ. ജോർജ് വള്ളോംകുന്നേൽ |
| | | റവ. ഫാ. ജോൺ കടവൻ |
| 12 | വാഴക്കുളം | റവ. ഫാ. ജോസ് മോനിപ്പിള്ളിൽ |
| | | റവ. ഫാ. ജെയിംസ് ചൂരത്തൊട്ടി |

*DFC 3/2016* **ഷെയർ ഹോൾഡേഴ്സ് പ്രതിനിധി**

നിലവിലുള്ള യൂണിറ്റ് ഭാരവാഹികളോടൊപ്പം ഒരു ഷെയർഹോൾഡേഴ്സിന്റെ ഒരു പ്രതിനിധിയെകൂടി ഉൾപ്പെടുത്തേണ്ടതാണ്.

*DFC 4/2016* **പ്രവർത്തനപദ്ധതി**

**ഫൊറോന സമിതി :** ഫൊറോന ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ ഫൊറോന സമിതി രൂപീകരിക്കുക. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, എട്ട് കമ്മിറ്റി അംഗങ്ങൾ, ഷെയർ ഹോൾഡേഴ്സ് പ്രതിനിധി തുടങ്ങിയവരാണ് ഫൊറോനാ സമിതിയിൽ അംഗങ്ങളാകേണ്ടത്.

*Co-Ordinator*

## സോഷ്യൽ സർവീസ്

ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു!

*SS 1 /2016* **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി**

കാൻസർ രോഗികളുടെ ക്ഷേമത്തിനായി രൂപതയിൽ നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ധനശേഖരണാർത്ഥം ഭവനങ്ങൾതോറും വിതരണം ചെയ്ത coin box വഴി 82 ഇടവകകളിൽനിന്നുമായി 19-12-2015 വരെ 85 ലക്ഷം രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. സഹകരിച്ച വികാരിയച്ചന്മാർക്കും മറ്റുള്ളവർക്കും പ്രത്യേകം നന്ദി.

*SS 2 /2016* **അഭിനന്ദന സന്ദേശം**

ആശാകിരണം പദ്ധതിയുടെ coin box കളക്ഷനിൽ 500 രൂപയ്ക്ക് മുകളിൽ സംഭാവന നൽകിയ എല്ലാവർക്കും അഭിവന്ദ്യ പിതാവ് അഭിനന്ദനവും നന്ദിയും അറിയിച്ചുകൊണ്ടുള്ള കത്തും ക്രിസ്തുമസ് കാർഡും അയക്കുകയുണ്ടായി.

*SS 3 /2016* **കണ്ണുകൾ ദാനം ചെയ്തു**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേത്രദാന പദ്ധതിയിൽ പുലിയൻപാറയിലെ കുന്നേൽ എൽസിയുടെ കണ്ണുകൾ ദാനം ചെയ്തു. 18-12-2015-ൽ മരണമടഞ്ഞ എൽസിയുടെ കണ്ണുകൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയ്ക്കാണ് നൽകിയത്. കണ്ണുകൾ ദാനം ചെയ്യാൻ സന്മനസ്സ് കാണിച്ച എൽസിയുടെ കുടുംബാംഗങ്ങൾക്ക് സോഷ്യൽ സർവ്വീസസിന്റെ നന്ദി അറിയിക്കുന്നു.

*SS 4 /2016* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയന്റെ ഓഡിറ്റിംഗ് ഈ വർഷം KSSS ഓഫീസിൽ വച്ചാണ് നടത്തുന്നത്. ഘട്ടം പൂർത്തിയാകുന്ന സംഘങ്ങൾ ആദ്യം എന്ന ക്രമത്തിൽ ഓഡിറ്റിംഗ് നടത്തേണ്ടതാണ്. ഓഡിറ്റിംഗിന് റെഡിയാകുന്ന സംഘങ്ങൾ KSSS ഓഫീസിൽ വിളിച്ച് തീയതി വാങ്ങേണ്ടതാണ്.

*SS 5 /2016* **ചെന്നൈക്ക് ഒരു കൈനീട്ടം**

ചെന്നൈ പ്രളയബാധിത പ്രദേശത്ത് ദുരിതമനുഭവിക്കുന്നവർക്ക് KSSS -ന്റെ നേതൃത്വത്തിൽ 12000 ലിറ്റർ പാക്കേജ്ഡ് ഡ്രിംങ്കിംഗ് വാട്ടർ എത്തിക്കുകയുണ്ടായി. ഫാ. ജേക്കബ് തലാപ്പിള്ളിൽ, ഫാ. ജോസ് മൂർക്കാട്ടിൽ, ഫാ. ജോസ് കല്ലറയ്ക്കൽ എന്നിവർ നേതൃത്വം നൽകി. നേര്യമംഗലത്തുള്ള ജീവ എലിക്സർ പ്ലാന്റിൽനിന്നുമാണ് വെള്ളം കൊണ്ടുപോയത്.

*SS 6 /2016* **ക്രെഡിറ്റ് യൂണിയൻ നേതൃസംഗമം**

രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയന്റെയും സ്വയംസഹായ സംഘത്തിന്റെയും ഭാരവാഹികളുടെ യോഗം മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ നടന്നു. KSSS മുൻ ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി യോഗം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ, ഫാ. ജോസ് മൂർക്കാട്ടിൽ, മത്തച്ചൻ ചേബ്ലാങ്കൽ, വർഗീസ് പേയ്ക്കൽ, ജോൺസൺ കറുകപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. വിവിധ സ്ഥലങ്ങളിൽനിന്നുമായി 200-ാളം പേർ പങ്കെടുത്തു.



*SS 7/2016* **ജനപ്രതിനിധികളെ ആദരിച്ചു**

KSSS -ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയന്റെയും സ്വയംസഹായസംഘങ്ങളുടെയും പ്രവർത്തകരിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരെ ആദരിക്കുകയുണ്ടായി. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ ജനപ്രതിനിധികളെ പൂക്കൾ നൽകി സ്വീകരിക്കുകയും ഷാൾ അണിയിക്കുകയും ചെയ്തു. KSSS അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ ആശംസകൾ അർപ്പിച്ചു.

*SS 8/2016* **ക്രെഡിറ്റ് യൂണിയൻ കേന്ദ്രഭരണ സമിതി 2015-2018**

മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ നടന്ന ക്രെഡിറ്റ് യൂണിയൻ ജനറൽ ബോഡി യോഗത്തിൽ വച്ച് 2015-18 വർഷത്തെ കേന്ദ്ര ഭരണ സമിതിയെ തിരഞ്ഞെടുത്തു. അവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ടോമി കൈതവേലിൽ | ചെപ്പുകുളം | പ്രസിഡന്റ് |
| 2 | ജോൺസൺ വെള്ളാപ്പുഴ | തൊടുപുഴ | വൈസ് പ്രസിഡന്റ് |
| 3 | ലൂസി സെബാസ്റ്റ്യൻ | കുണിഞ്ഞി | വൈസ് പ്രസിഡന്റ് |
| 4 | മത്തച്ചൻ ചേബ്ലാങ്കൽ | അഞ്ചിരി | കമ്മിറ്റിയംഗം |
| 5 | ജോജോ ജോർജ് | നാകപ്പുഴ | ,, |
| 6 | ജെയ്മോൻ പൗലോസ് | നെയ്യശ്ശേരി | ,, |
| 7 | ഷൈനി ജോസ് | പഴമ്പിള്ളിച്ചാൽ | ,, |
| 8 | ലിസി സൈമൺ | പൂയംകുട്ടി | ,, |
| 9 | മേരി ജോസ് | തഴുവംകുന്ന് | ,, |

*Director*

## ജീസസ് യൂത്ത്

*JY 1/2016* **സോണൽ ഗാതറിങ്ങും കരുണാവർഷ ആരംഭവും**

ജീസസ് യൂത്തിന്റെ സോണൽ ഗാതറിംഗ് ഡിസംബർ 6-ാം തീയതി ഞായറാഴ്ച മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ച് നടന്നു. ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 5.00 മണിവരെ ആയിരുന്നു. അതിനോടനുബന്ധിച്ച് കരുണയുടെ വർഷാരംഭവും കുറിച്ചു. രൂപത വികാരി ജനറാൾ പെരി.

ബഹു. മോൺ. ജോർജ് ഓലിയപ്പുറം കരുണയുടെ വർഷത്തിന്റെ സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. നൂറോളം പേർ പങ്കെടുത്തു.

*JY 2/2016* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണൽ നൈറ്റ് വിജിൽ ഡിസംബർ 12-ാം തീയതി 6.00 pm-ന് തുടങ്ങി ഡിസംബർ 13-ാം തീയതി 1.00 am-ന് വി. ബലിയോടുകൂടി സമാപിച്ചു. അടുത്ത നൈറ്റ് വിജിൽ ജനുവരി 9-ാം തീയതി ആയിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 1 /2016* **വിവാഹ ഒരുക്ക സെമിനാർ**

January 6 - 8 - NESTT
,, 20 - 22 - NESTT

*FA 2/2016* **Marriage Preparation Course in Kerala January 2016**

| DIOCESE/ ARCHDIOCESE | | | | |
|---|---|---|---|---|
| Alapppuzha | 8-10 | | | |
| Changanachery | 4-6 | 11-13 | 18-20 | 25-27 |
| Ernakulam (kaloor) | 4-6 | 11-13 | 18-20 | 25-27 |
| Ernakulam (kalady) | 5-7 | | 19-21 | 26-28 |
| Idukki | 4-6 | | | 25-27 |
| Irinjalakuda | 4-6 | 11-13 | 18-20 | |
| Kanjirappally | 4-6 | | 21-23 | 28-30 |
| Kannur | 3-6 | | | |
| Kochi (latin) | | 14-17 | | 28-31 |
| Kollam (latin) | 6-8 | 13-15 | | 27-29 |
| Kothamangalam | 6-8 | | 20-22 | |
| Kottappuram (latin) | 6-8 | | | |
| Kottayam | | 7-9 | | 18-20 |
| Mananthavady | | 10-13 | | 28-31 |
| Mavelikkara (malankara) | | 8-10 | | |
| Neyyattinkara (latin) | | 13-15 | | |
| Pala | 4-6 | | 18-20 | |
| Palakkad | 4-7 | | | |



| | | | | |
|---|---|---|---|---|
| Pathanmthitta | | 8-10 | | |
| Sulthanpett | 2-3 | | | |
| Thalassery | 6-9 | | | |
| Thamarassery | 6-9 | | | |
| Thiruvananthapuram (latin) | 4-6 | | 18-20 | |
| Thiruvananthapuram (malankara) | | 8-10 | | |
| Thrissur | 6-8 | 13-15 | 20-22 | 27-29 |
| Varappuzha | | 8-10 | 15-17 | |
| Vijyapuram | | 7-10 | | |

*Director*

## മാതൃവേദി

*MV 1/2016* **ലീഡേഴ്സ് സംഗമം**

ത്രിതല പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിതാപ്രതിനിധികളെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം അനുഗ്രഹപ്രഭാഷണവും ഉദ്ഘാടനവും നടത്തി. സഹകരിച്ച എല്ലാവർക്കും നന്ദി.

*MV 2/2016* **കാരുണ്യവർഷം**

കാരുണ്യവർഷം ഉദ്ഘാടനം ചെയ്തുകൊണ്ട് കാരുണ്യവർഷത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമായി രൂപതാ ഫൊറോന കൗൺസിൽ കൂടി. അതോടൊപ്പം ക്രിസ്തുമസ് ആഘോഷവും ഗ്രീൻ റ്റീയുടെ ക്ലാസ്സും നടത്തി. ഗ്രീൻ റ്റീയുടെ ക്ലാസ്സ് നയിച്ചത് ശ്രീമതി സെലിൻ അഗസ്റ്റിനാണ്.

*MV 3/2016* **ജൈവകൃഷി**

ജൈവകൃഷി പ്രോത്സാഹനത്തിനു നടത്തിയ പച്ചക്കറിക്കൃഷിയുടെ വിലയിരുത്തലിനായി ഇടവകതലത്തിൽ ഭാരവാഹികൾ സന്ദർശനം നടത്തി. ഫൊറോനതലത്തിൽ സമ്മാനം ലഭിച്ച പ്ലോട്ടുകൾ രൂപതാഭാരവാഹികൾ സന്ദർശിച്ച് അവലോകനം നടത്തി. സഹകരിച്ച എല്ലാ അമ്മമാർക്കും യൂണിറ്റ് ഫൊറോന ഭാരവാഹികൾക്കും നന്ദി.

*MV 4/2016* **രൂപതാ കമ്മിറ്റി**

മാതൃവേദിയുടെ രൂപതാകമ്മിറ്റി 2016 ജനുവരി 5 ചൊവ്വാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു കൂടുന്നതാണ്.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 1 /2016* **കർഷക വേദി രൂപീകരിച്ചു**

കർഷകർ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു സഹായഹസ്തം എത്തിക്കുന്നതിനായി കത്തോലിക്കാ കോൺഗ്രസ് ആഭിമുഖ്യത്തിൽ കർഷകവേദി രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനത്തിന്റെ ആദ്യപടിയായി കാർഷിക ഉല്പന്നങ്ങളുടെ വില കർഷകർ തന്നെ നിശ്ചയിക്കുന്ന രീതിയിൽ ഒരു കർഷകവിപണന കേന്ദ്രം മുതലക്കോടത്ത് ആരംഭിക്കാൻ തീരുമാനിച്ചു.

*AKCC 2 /2016* **സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ്**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ മുവാറ്റുപുഴ നിർമ്മല കോളേജിന്റെ സഹകരണത്തോടെ ഒരു സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ് 28-11-2015 -ൽ നടത്തുകയുണ്ടായി. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ നടത്തിയ ക്ലാസ്സ് കോതമംഗലം ബിഷപ്പ് അഭിവന്ദ്യ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം, കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം, കേന്ദ്ര കമ്മിറ്റി അംഗം പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, രൂപതാ ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഇലഞ്ഞിക്കൽ എന്നിവർ പങ്കെടുത്തു.

*AKCC 3 /2016* **സൗജന്യ മെഡിക്കൽ ക്യാമ്പ്**

കത്തോലിക്കാ കോൺഗ്രസ് മാറാടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുവേണ്ടി ഒരു സൗജന്യ ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് 25-11-2015-ൽ നടത്തുകയുണ്ടായി. റീജിയണൽ ക്യാൻസർ സെന്ററിന്റെ യൂണിറ്റായ കലൂരിലെ സെന്ററിൽ നിന്നുള്ള ഡോക്ടർമാരാണ് ക്യാമ്പ് നയിച്ചത്. ക്യാമ്പിൽ 104 വനിതകളെ പരിശോധിച്ചതായി യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യൂസ് കുരിക്കൂർ അറിയിച്ചു.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 1 /2016* **ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യ ശനി (02-01-2016)
"എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.00 am മുതൽ 3.00 pm വരെ. (ജപമാല, വി. കുർബാന, വചനശുശ്രൂഷ, ദൈവകരുണയുടെ



നൊവേന, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം.)

2 ആദ്യവ്യാഴം (07-01-2016)
"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

3 രണ്ടാം ശനിയാഴ്ച (09-01-2016)
"എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ"
9.30 am മുതൽ - 1.00 pm വരെ.
(ജപമാല, വി. കുർബാന, വചനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന, ആന്തരികസൗഖ്യ പ്രാർത്ഥന, കൈവയ്പ്പ് ശുശ്രൂഷ.)

4 21-01-2016 വ്യാഴം
"കരുണയുടെ അഖണ്ഡജപമാല", 9.30 am മുതൽ 5.00 pm വരെ

5 29-01-2016 വെള്ളി
"രാത്രി ആരാധന" (Night Vigil) 4.30 pm മുതൽ 10.00 pm വരെ.
നവവൈദികർ വി. കുർബാനയർപ്പിക്കുന്നു. ദൈവകരുണയുടെ നൊവേന, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ, കൈവയ്പ്പ് പ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാലപ്രദക്ഷിണം.

മറ്റ് ശനിയാഴ്ചകളിൽ 9.00 am മുതൽ 1.00 pm വരെ "എമ്മാനുവേൽ കൂട്ടായ്മ."

തിങ്കൾ, വ്യാഴം ദിവസങ്ങളിൽ 9.00 am മുതൽ 5.00 pm വരെ മദ്ധ്യസ്ഥപ്രാർത്ഥന, കുമ്പസാരം, കൗൺസലിംഗ് 5.30 pm - വി. കുർബാന.

*ERC 2 /2016* **Deacons' Parents' Meet**

കോതമംഗലം രൂപതയ്ക്കുവേണ്ടി ഡിസംബർ, ജനുവരി മാസങ്ങളിൽ വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കൾക്കും കുടുംബാംഗങ്ങൾക്കുമായി ഏകദിനധ്യാനം നടത്തി. രാവിലെ 9.00 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. തുടർന്ന് മോൺ. ജോർജ് കാര്യാമഠം വചനസന്ദേശം നൽകി. കുമ്പസാരം, വി. കുർബാന, ദിവ്യകാരുണ്യാരാധന തുടങ്ങിയ ശുശ്രൂഷകളോടുകൂടി ഉച്ചകഴിഞ്ഞ് 3.30-ന് സമാപിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 1 /2016* **കോതമംഗലം ബൈബിൾ കൺവൻഷൻ - 2015**

കോതമംഗലം, ഊന്നുകൽ കരിസ്മാറ്റിക് സബ് സോണുകളുടെ സംയുക്താഭിമുഖ്യത്തിൽ കോതമംഗലം കത്തീഡ്രൽ ആഡിറ്റോറിയത്തിൽ ഡിസംബർ 4 മുതൽ 8 വരെ സായാഹ്ന ബൈബിൾ കൺവെൻഷൻ നടന്നു.

മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വിശുദ്ധ കുർബാനയർപ്പിച്ച് കൺവെൻഷൻ ആരംഭം കുറിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ് ചേറ്റൂർ സ്വാഗതം ആശംസിച്ചു. സമാപനദിവസം മാർ ജോർജ് പുന്നക്കോട്ടിൽ സമാപനസന്ദേശം നൽകി.

ഭരണങ്ങാനം അസ്സീസ്സി ടീം നേതൃത്വം നൽകിയ കൺവെൻഷനിൽ റവ. ഫാ. സുരേഷ്, റവ. ഫാ. തോമസ് കാഞ്ഞിരക്കോണം, റവ. ഫാ. കുര്യാക്കോസ് കണ്ണംകര, റവ. ഫാ. ജോർജ് കുന്നേൽ, ബ്ര. സുനിൽ പന്നിയാർകുട്ടി എന്നിവർ വചനപ്രഘോഷണം നടത്തി.

*PG 2 /2016* **സോണൽ പ്രാർത്ഥനാഗ്രൂപ്പ്**

കോതമംഗലം സോണൽ സർവ്വീസ് ടീമിലെ ദമ്പതികളുടെ കൂട്ടായ്മ വാഴക്കുളം എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് ഡിസംബർ 10 വ്യാഴാഴ്ച 10.00 മണി മുതൽ ചേർന്നു. കളമശ്ശേരി എമ്മാവൂസിൽ നിന്ന് സെൻട്രൽ മിനിസ്ട്രിയുടെ കോ-ഓർഡിനേറ്ററായ അലക്സ് മാത്യു-സെലിൻ ദമ്പതികൾ ക്ലാസ്സെടുത്തു. രൂപതാ പ്രാർത്ഥനാഗ്രൂപ്പ് അസി. ഡയറക്ടർ റവ. ഫാ. തോമസ് കല്ലറക്കൽ, സോണൽ കോ-ഓർഡിനേറ്റർ സോജൻ കെ. പോൾ, സെക്രട്ടറി ജോൺസൺ കുഞ്ഞിലക്കോട് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 1/2016* **ഞാറക്കാട് ഭ്രാതൃത്വം**

ഞാറക്കാട് ഇടവകയിൽ SFO ഭ്രാതൃത്വം പുനരാരംഭിച്ചു. 22-11-2015 ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ 45 പേർ അംഗങ്ങളായി ചേർന്നു.

*SFO 2/2016* **സീറോ മലബാർ അല്മായ ഫ്രാൻസിസ്കൻ സംഗമം**

വാഴക്കുളം ഫൊറോന പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന SFO സീറോ മലബാർ സംഗമത്തിൽ പാലാ, ചങ്ങനാശ്ശേരി, കോട്ടയം, ഇടുക്കി, കോതമംഗലം രൂപതകളിൽ നിന്നായി 300-ൽ അധികം പേർ പങ്കെടുത്തു.

*SFO 3/2016* **രൂപതാവാർഷികം, തിരുനാൾ**

വാഴക്കുളം ഫൊറോന പള്ളിയിൽ വച്ചു നടന്ന അല്മായ ഫ്രാൻസിസ്കൻ സഭയുടെ തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് രൂപതാവാർഷികം, സമർപ്പിതവർഷ സമാപനം, ദൈവകരുണയുടെ വർഷാരംഭം, ക്രിസ്തുമസ് ആഘോഷം എന്നിവ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽമാരായ റവ. ഫാ. ജോസഫ് പുത്തൻപുര, റവ. സി. ലൂസിറ്റ എഫ്.സി.സി. എന്നിവർ സന്ദേശം നൽകി. റവ. ഫാ. തോമസ് കാഞ്ഞിരക്കോണം സമർപ്പിതജീവിതത്തെക്കുറിച്ചും റവ. ഫാ. സോമി എബ്രാഹം 'Laudato Si' ചാക്രിക ലേഖനത്തെക്കുറിച്ചും പ്രഭാഷണം നടത്തി.



*SFO 4/2016* **സമർപ്പണം**

വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് 19-12-2015 -ൽ നടന്ന വിശുദ്ധ കുർബാനയ്ക്കിടയിൽ നോവിഷ്യേറ്റ് പൂർത്തിയാക്കിയ 44-പേർ പ്രതിജ്ഞാപനം നടത്തി. 15 പേർ പുതുതായി അംഗത്വം സ്വീകരിച്ചു.

*SFO 5/2016* **GREEN CHAPTER-2015**

"Green Chapter" എന്ന പേരിൽ വാഴക്കുളത്തു വച്ചു നടന്ന സമ്മേളനത്തിൽ വച്ച് "ദൈവകരുണയുടെ" ജൂബിലി വർഷത്തിൽ അല്മായ ഫ്രാൻസിസ്കൻ സഭ ഏഴ് തീരുമാനങ്ങൾ എടുത്തു.

5.1. കാരുണ്യ പ്രവൃത്തികൾക്കായി ഒരു കേന്ദ്രം ആരംഭിക്കുവാൻ പരിശ്രമിക്കും.
5.2. തിരുസഭയ്ക്കും ലോകനന്മയ്ക്കും വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന ഒരു കൂട്ടായ്മയായി SFO രൂപാന്തരപ്പെടും.
5.3. ഓരോ മാസവും ഒരു ഭ്രാതൃത്വം പുതുതായി ആരംഭിക്കുവാൻ പരിശ്രമിക്കും.
5.4. യുവജനങ്ങൾക്കും കുട്ടികൾക്കും ഇടയിൽ SFO യുവജനകൂട്ടായ്മയുടെ നേതൃത്വത്തിൽ ദൈവകരുണയുടെ സന്ദേശം മേലധികാരികളുടെ അനുവാദത്തോടെ പ്രചരിപ്പിക്കും.
5.5. എപ്പാർക്കിയൽ അസംബ്ലിയുടെ തീരുമാനത്തിനനുസരിച്ച് ഇടവകയിലെ "കാരുണ്യഫണ്ട്", "ഭവനനിർമ്മാണം" എന്നിവയെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കും.
5.6. കാരുണ്യവർഷത്തിൽ എല്ലാ ഭ്രാതൃത്വങ്ങളെയും ഉൾപ്പെടുത്തി തീർത്ഥാടനങ്ങൾ സംഘടിപ്പിക്കും.
5.7. അവയവദാനം, ജൈവകൃഷി, പരിസ്ഥിതി സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുവാൻ ഊർജ്ജിതമായി പരിശ്രമിക്കും.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Jan | 6 - 8 | - വിവാഹഒരുക്കസെമിനാർ |
| " | 10 | - Catechism PTA Meeting |

| | | | |
|---|---|---|---|
| " | 12 - 13 | - | Batch Gathering |
| " | 16 | - | ജപമാലസൈന്യം |
| " | 18 | - | Shalom Fest |
| " | 19 - 20 | - | മാതൃദീപ്തി |
| " | 20 - 22 | - | വിവാഹഒരുക്കസെമിനാർ |
| " | 26 | - | CML Joint Director's Meet |
| " | 26 - 27 | - | സോഷ്യൽ സർവീസ് മീറ്റിംഗ് |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | **January** | 20 |
| " | Sebastian Kadambanatt | " | 20 |
| " | Sebastian Kallumkal | " | 20 |
| " | Sebastian Kanimattathil | " | 20 |
| " | Sebastian Namattathil | " | 20 |
| Rev. Fr. | Sebastian Pannarakunnel | " | 20 |
| " | Sebastian Pothanamuzhi | " | 20 |
| " | Sebastian Thuruthippillil | " | 20 |
| " | Sebastian Valiyathazhathu | " | 20 |
| " | Sebastian Valloppillil | " | 20 |

## വാർത്തയും വിശേഷങ്ങളും

### ജ്യോതിദർശന കൗൺസലിംഗ് സെന്ററിൽ പാസ്റ്ററൽ കൗൺസലിംഗ് & ഹോസ്പിറ്റൽ മിനിസ്ട്രി സർട്ടിഫിക്കറ്റ് കോഴ്സ്

ആശുപത്രികളിലും, സൺഡേ സ്കൂളുകളിലും ധ്യാനകേന്ദ്രങ്ങളിലും കൗൺസലിംഗ് സേവനം ചെയ്യാൻ പ്രാപ്തരായ കൗൺസലേഴ്സിനെ പരിശീലിപ്പിക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. +2 ആണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. ബ. വൈദികർ, സിസ്റ്റേഴ്സ്, സൺഡേ സ്കൂൾ അദ്ധ്യാപകർ, കുടുംബയൂണിറ്റ് ഭാരവാഹികൾ, ധ്യാനകേന്ദ്രങ്ങളിൽ കൗൺസലിംഗ് സേവനം ചെയ്യുന്നവർ തുടങ്ങി കൗൺസലിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്.

| | | |
|---|---|---|
| കോഴ്സ് ദൈർഘ്യം | : | 5 മാസം |
| സമയം | : | എല്ലാ ഞായറാഴ്ചകളിലും 2-5 pm |
| കോഴ്സ് ആരംഭം | : | 2016 ജനുവരി 17 ഞായർ, 2.00 pm |
| അഡ്മിഷൻ | : | 30 പേർക്ക് |
| ആകെ കോഴ്സ് ഫീസ് | : | 6800 |

വിശദവിവരങ്ങൾക്കും പ്രവേശനത്തിനും ബന്ധപ്പെടുക.

Jyothidarsana Institute for Counselling & Mental Health
Pulluvazhi, Perumbavoor - 683 541
Tel. 0484- 2591966, 9995988083, 9388745009
Email: jyothicg 2012@gmail.com
Website : www.jyothidarsana.com



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ**

21 • ബിഷപ്സ് ഹൗസിൽ ചേർന്ന രൂപതാ ലിറ്റർജി കമ്മിറ്റി അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുക്കുകയും നിലവിലെ കുർബാന ക്രമത്തിന്റെ പരിഷ്കരണത്തെപ്പറ്റിയുള്ള ചർച്ചകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

• വാഴക്കുളം സെന്റ് ജോർജ് ഇടവകയിൽ വിവാഹത്തിന്റെ സുവർണ്ണ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാർക്കായി വി. ബലിയർപ്പിക്കുകയും തുടർന്നു നടന്ന മീറ്റിംഗിൽ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

22 • കുറുപ്പംപടി സെന്റ്സ് പീറ്റർ & പോൾ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

23 • മൂവാറ്റുപുഴ നിർമ്മല സദൻ സ്പെഷ്യൽ എഡ്യുക്കേഷൻ ട്രെയ്നിംഗ് കോളേജിൽ ആരംഭിച്ച ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിംഗ് ഡിസ്എബിലിറ്റി) കോഴ്സിന്റെ ഉദ്ഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• 2015-ൽ കോതമംഗലം രൂപതയിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുന്ന വിവിധ സന്യാസസഭകളിലെ 10 ഡീക്കന്മാരുടെയും അവരുടെ ഇടവകവികാരിമാരുടെയും മാതാപിതാക്കന്മാരുടെയും യോഗത്തിൽ പങ്കെടുത്തു.

24 • ഏനാനല്ലൂർ, മനയാനിപ്പുറത്ത് സിജോ – ട്രീസ ദമ്പതിമാരുടെ നാലാമത്തെ കുട്ടി ഫ്രാൻസിസിന്റെ (ഗ്ലാഡ്‌വിൻ) പ്രവേശക കൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
• മൈനർ സെമിനാരി ഹോം ഡേയിൽ ആദ്ധ്യക്ഷ്യം വഹിച്ച് സന്ദേശം നൽകി.

25 • കാർമ്മൽഗിരി സെന്റ് ജോസഫ്സ് മേജർ സെമിനാരിയുടെ ഡയമണ്ട് ജൂബിലി പൂർവവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുക്കുകയും കൃതജ്ഞതാബലിയിൽ പങ്കെടുത്ത് വചനസന്ദേശം നൽകുകയും ചെയ്തു.
• വാരപ്പെട്ടി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ പുതുതായി നിർമ്മിച്ച കൊടിമരം വെഞ്ചരിക്കുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

26 • കോഴിപ്പിള്ളി എസ്.എ.ബി.എസ് നൊവിഷ്യേറ്റ് ഹൗസിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
• ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ കോതമംഗലം മുൻസിപ്പാലിറ്റിയിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് രൂപതയുടെ പേരിലുള്ള അനുമോദനങ്ങളും ആശംസകളും നേർന്നു.

27 • ഇടുക്കി ബിഷപ്സ് ഹൗസിൽ നടന്ന റീജിയണൽ ബിഷപ്സിന്റെ മാസധ്യാനത്തിൽ പങ്കെടുത്തു.
• ധർമ്മഗിരി എം.എസ്.ജെ കോതമംഗലം സെന്റ് ജോസഫ്സ് പ്രോവിൻസ് അംഗം സി. ഗ്രെയ്സ് (കൊച്ചുത്താഴത്ത്, മുത്തോലപുരം)-ന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പ്രൊവിൻഷ്യൽ ഹൗസിലെ ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 • വടാട്ടുപാറ പുൽപ്പറമ്പിൽ ബിനോയ് – സാനി ദമ്പതിമാരുടെ നാലാമത്തെ കുട്ടി അൽഫോൻസിന്റെ പ്രവേശകകൂദാശാകർമ്മങ്ങളുടെ പരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.
• കത്തോലിക്കാ കോൺഗ്രസ്സും മൂവാറ്റുപുഴ നിർമ്മലാകോളേജും സംയുക്തമായി നടത്തുന്ന സിവിൽ സർവീസ് ഓറിയന്റേഷൻ പ്രോഗ്രാമുകളുടെ ഉദ്ഘാടനം നിർമ്മലാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നിർവഹിച്ചു.
• കോതമംഗലം എഫ്.സി.സി. വിമലാപ്രോവിൻസ് അംഗം സി. സിൻസി (കുന്നപ്പിള്ളിൽ, കരിമണ്ണൂർ) യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വാഴപ്പിള്ളി നിരപ്പ് മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 • നെടുങ്ങപ്ര സെന്റ് ആന്റണീസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.



30 • ബസ്ലഹേം ശാന്തിഭവൻ സന്ദർശിച്ച് രോഗികൾക്കുവേണ്ടിയും അന്തേവാസികൾക്കുവേണ്ടിയും വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

**ഡിസംബർ**

2 • കറുകടം ലവേർണ്ണ ക്ലാരഭവനിൽ പ്രൊവിൻഷ്യൽ സിനാക്സിസിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
• സി.എം.സി. കോതമംഗലം പ്രോവിൻസ് അംഗം റവ. സി. അനാക്ലേറ്റ് സി.എം.സി. (നമ്പ്യാപറമ്പിൽവടക്കേക്കര, വാഴക്കുളം) യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വാഴക്കുളം കർമ്മലീത്താ മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• സി.എം.ഐ. മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസ് അംഗം റവ. ഫാ. ജോൺ കുടിയിരിക്കൽ സി.എം.ഐ.യുടെ (കുടിയിരിക്കൽ, കല്ലൂർക്കാട്) സംസ്കാരശുശ്രൂഷകൾക്ക് കൊടുവേലി ലിറ്റിൽ ഫ്ളവർ ഇടവകദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• പുല്ലുവഴി മാർ ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ചാപ്പലിന്റെ ശതാബ്ദി സമാപനസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

3 • തിരുഹൃദയസന്യാസിനിസമൂഹം കോതമംഗലം പ്രൊവിൻസിന്റെ സോഷ്യൽ സർവീസ് സെന്ററായ SAFE-ന്റെ കീഴിൽ വിധവകളും നിർദ്ധനരുമായ സ്ത്രീകളുടെ ശാക്തീകരണത്തിനുള്ള "അനുഗ്രഹ" പ്രോജക്ടിന്റെ ഉദ്ഘാടനം മൂവാറ്റുപുഴ SAFE സെന്ററിൽ നടത്തി.
• തൊടുപുഴ ഈസ്റ്റ്, സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ മേരി റാണി ബാലികാഭവനിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

4 • SABS കോതമംഗലം പ്രോവിൻസ് അംഗം സി. ഏയ്ഞ്ചൽ മേരി നമ്പ്യാപറമ്പിൽ SABS-ന്റെ (നമ്പ്യാപറമ്പിൽ, കാളിയാർ) സംസ്കാരശുശ്രൂഷകൾക്ക് മാറിക മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• കോതമംഗലം ബൈബിൾ കൺവെൻഷൻ 2015, കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വി. ബലിയർപ്പിച്ച് ആരംഭം കുറിക്കുകയും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

5 • നെല്ലിമറ്റം പള്ളിയിൽ കോതമംഗലം കത്തീഡ്രൽ ഇടവക നടുവിലാമാക്കൽ ബെന്നി-ജിജി ദമ്പതിമാരുടെ നാലാമത്തെ കുട്ടി ജോൺസിന്റെ പ്രവേശകകൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
• കത്തീഡ്രൽ ഇടവകാംഗം മലയിൻകീഴ്, ഓലിയപ്പുറം സണ്ണി പോളിന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
• ഞാറക്കാട് സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമ്മിച്ച അൾത്താരയുടെ പ്രതിഷ്ഠയും സെമിത്തേരി ചാപ്പലിന്റെ വെഞ്ചരി

പ്പുകർമ്മവും നിർവഹിച്ചു.

6 • ഞായപ്പിള്ളി സെന്റ് ആന്റണീസ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

7 • മുതലക്കോടം ഇടവക പള്ളിക്കുന്നേൽ ബേബി ജെയിംസിന്റെ മൃത ശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

8 • കോതമംഗലം SH ജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലി യർപ്പിച്ച് സന്ദേശം നൽകി.

• പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനത്തിൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ദൈവകരുണയുടെ അസാധാരണ ജൂബിലി വർഷം (2015 ഡിസം. 8 – 2016 നവംബർ 20) ഉദ്ഘാടനം ചെയ്യു കയും ദൈവകരുണയുടെ തീർത്ഥാടന കേന്ദ്രത്തിലെ ദൈവകരുണ യുടെ വിശുദ്ധ കവാടം ജൂബിലി വർഷത്തിലേക്കായി തുറക്കുകയും ചെയ്തു.

• മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന ഭിന്നശേഷിയുള്ളവരുടെ ധ്യാനത്തിൽ സന്ദേശം നൽകി.

9–11 • കെ.സി.ബി.സി. മീറ്റിംഗ്.

13 • കരുണയുടെ ജൂബിലി വർഷ ഉദ്ഘാടനം (2015 ഡിസം. 8 – 2016 നവംബർ 20)

കത്തീഡ്രലിൽ പ്രത്യേക തിരുക്കർമ്മങ്ങളോടെ കരുണയുടെ വിശുദ്ധ കവാടം തുറക്കുകയും ജൂബിലിവർഷത്തിന് പരിശുദ്ധ കുർബാന യോടെ ആരംഭം കുറിക്കുകയും ചെയ്തു.

രൂപതയിലെ അംഗീകൃത തീർത്ഥാടനകേന്ദ്രങ്ങളായ ആരക്കുഴ, മൈല ക്കൊമ്പ്, നാകപ്പുഴ, നെടിയശാല എന്നിവയ്ക്കൊപ്പം തൊടുപുഴ ഡിവൈൻ മേഴ്സി ചാപ്പൽ, വണ്ണപ്പുറം മാർ സ്ലീവാ പള്ളി എന്നിവ കൂടി തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയും പ്രസ്തുത ദിന ത്തിൽ തിരുക്കർമ്മങ്ങളോടെ കരുണയുടെ വാതിൽ തുറക്കുകയും ദണ്ഡവിമോചനം പ്രഖ്യാപിക്കുകയും ചെയ്തു.

15 • പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്, ബിഷപ്സ് ഹൗസ്.

16 • മൂവാറ്റുപുഴ നിർമ്മല കോളേജിൽ, കേരള ഗവൺമെന്റിന്റെയും വിദ്യാ ഭ്യാസവകുപ്പിന്റെയും NCERT-യുടെ സംയുക്ത ആഭിമുഖ്യത്തിൽ സ്കൂൾ തലത്തിലുള്ള കുട്ടികൾക്കായി നടത്തുന്ന 42-ാമത് ജവ ഹർലാൽ നെഹ്റു നാഷണൽ സയൻസ്, മാത്തമാറ്റിക്സ് & എൺവയോൺമെന്റ് എക്സിബിഷന്റെ ഉദ്ഘാടന ചടങ്ങിൽ അനുഗ്ര ഹപ്രഭാഷണം നടത്തി.



## Bishop's Engagements

**JANUARY 2016**

| | | | | |
|---|---|---|---|---|
| 1 | Fri | Chapel Blessing | Muvattupuzha | 4.00 pm |
| 2 | Sat | Ordination | Njarakkad | 9.15 am |
| | | KCSL Sathabdhi | Viswajyothi Vazhakulam | 11.30 am |
| 3 | Sun | Ordination | Thodupuzha | 2.15 pm |
| 4 | Mon | Ordination | Malayinchi | 9.15 am |
| 6 | Wed | Baptism | Kaliyar | 11.00 am |
| | | Holy Qurbana | Vadakkumury | 4.00 pm |
| 7-12 | Thu-Tue | Synod | | |
| 10 | Sun | Holy Qurbana & Foundation stone Blessing of New Church | Perumballoor | 4.00 pm |
| 16 | Sat | Marriage Blessing | Edappally | 10.30 am |
| | | Parish Hall Blessing | Mylacombu | 7.30 pm |
| 17 | Sun | Pastoral Visit | Nadukani | |
| 19 | Tue | Mathruvedi Meeting | NESTT | 10.00 am |
| 20 | Wed | Engaged | | |
| 22 | Fri | Meeting | Kallanickal STGHSS | 4.30 pm |
| 23 | Sat | Jubilee | Kaliyar | 3.30 pm |
| 24 | Sun | Pastoral Visit | Arakuzha | |
| 25 | Mon | Talk | Chittoor | 10.00 am |
| 26 | Tue | Parents' Meet | Minor Seminary | 11.00 am |
| | | Catechism Teachers' Meeting | Bishop's House | 3.00 pm |
| 28 | Thu | Marriage Blessing | Arikuzha | 10.30 am |
| 30 | Sat | Holy Qurbana | Tabor, Ezhumuttom | 11.00 am |
| 31 | Sun | Pastoral Visit | Pooyamkutty | |

## സന്യാസസമൂഹങ്ങളുടെ പുതിയ സാരഥികൾ

### SH Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Thresiamma Pallikunnel SH |
| Vicar Provincial | : | Sr. Jees Maria Kuttiara SH |
| Councillors | : | Sr. Johncy Maria Pullumarikunnel SH |

| | | |
|---|---|---|
| | | Sr. Elsa Jose Poonattu SH<br>Sr. Suja Malekudiyil SH |
| Provincial Auditor | : | Sr. Pius Kappiarumalayil SH |
| Provincial Procurator | : | Sr. Mary Elavumkunnel SH |

## FCC Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Lucitta FCC |
| Asst. Provincial | : | Sr. Rani FCC |
| Councillors | : | Sr. Sinoby FCC<br>Sr. Merlin<br>Sr. Jimsy FCC |
| Finance Officer | : | Sr. Grace Maria FCC |
| Provincial Secretary | : | Sr. Jancy Abraham FCC |

## SABS Provincial Council

| | | |
|---|---|---|
| Provincial Superior | : | Rev. Sr. Grace Kochupaliyathil SABS |
| Vicar Provincial | : | Sr. Elizabeth Cheruthottam SABS |
| Councillors | : | Sr. Merly Thegumpillil SABS<br>Sr. Anice Kuzhickattu SABS<br>Sr. Alice Kuzhinjalil SABS<br>Sr. Celine Kallungal SABS |
| Finance Officer | : | Sr. Ancy Palakkattu SABS |
| Provincial Secretary | : | Sr. Ritty Thurackal SABS |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോർജ് പുഞ്ചേക്കുന്നേൽ | ,, | 03-02-2014 |
| ഫാ. ജോസ് പുന്നോലിൽ | ,, | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ,, | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ,, | 19-02-1999 |
| ഫാ. മാത്യു കുന്നത്ത് | ,, | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ,, | 26-02-2000 |



# നിര്യാതരായി

## സി. ഗ്രേസ് MSJ

| | | |
|---|---|---|
| ഇടവക | : | മുത്തോലപുരം |
| ജനനം | : | 31-05-1931 |
| ആദ്യവ്രതം | : | 02-10-1952 |
| നിത്യവ്രതം | : | 15-09-1958 |
| മരണം | : | 26-11-2015 |
| മൃതസംസ്കാരം | : | 27-11-2015 (ധർമ്മഗിരി, തങ്കളം) |

## സി. സിൻസി FCC (കുന്നപ്പിള്ളിൽ)

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 08-12-1946 |
| ആദ്യവ്രതം | : | 03-02-1969 |
| നിത്യവ്രതം | : | 01-05-1975 |
| മരണം | : | 26-11-2015 |
| മൃതസംസ്കാരം | : | 28-11-2015 (വാഴപ്പിള്ളി, നിരപ്പ്) |

## സി. അനാക്ലേറ്റ് CMC വടക്കേക്കര

| | | |
|---|---|---|
| ഇടവക | : | വാഴക്കുളം |
| ജനനം | : | 16-05-1923 |
| ആദ്യവ്രതം | : | 16-02-1946 |
| നിത്യവ്രതം | : | 17-12-1951 |
| മരണം | : | 01-12-2015 |
| മൃതസംസ്കാരം | : | 02-12-2015 (വാഴക്കുളം) |

## സി. എയ്ഞ്ചൽ മേരി SABS (നമ്പ്യാപറമ്പിൽ)

| | | |
|---|---|---|
| ഇടവക | : | കാളിയാർ |
| ജനനം | : | 24-10-1932 |
| ആദ്യവ്രതം | : | 24-04-1962 |
| നിത്യവ്രതം | : | 25-04-1966 |
| മരണം | : | 03-12-2015 |
| മൃതസംസ്കാരം | : | 04-12-2015 (മാറിക) |